“ഒരു മനുഷ്യൻ തനിക്കു യാതൊരു വൈഷമ്യവും നേരിടാത്തപ്പോൾ ഭക്തിയും ശുഷ്കാന്തിയും ഉള്ളവനായിരിക്കുന്നതിൽ വലിയ കാര്യമൊന്നുമില്ല; എന്നാൽ കഷ്ടപ്പാടുള്ളപ്പോൾ അവൻ അതു ക്ഷമയോടുകൂടി സഹിക്കുന്നുവെങ്കിൽ അവനു വലുതായ അഭിവൃദ്ധിയെ പ്രത്യാശിക്കാവുന്നതാണ്.”

—ക്രിസ്റ്റാനുകരണം

# സത്യദീപം

“ഞാൻ പോവുകയാണെന്നും, നിങ്ങളുടെ പക്കലേക്കു തിരിച്ചുവരുമെന്നും ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടല്ലോ. നിങ്ങൾ എന്നെ യഥാർത്ഥമായി സ്നേഹിച്ചിട്ടുണ്ടെങ്കിൽ, ഞാൻ എൻെറ പിതാവിൻെറ പക്കലേക്കു പോകുകയാണ് എന്നു കേൾക്കുമ്പോൾ നിങ്ങൾ സന്തോഷിക്കുമായിരുന്നു. എനിക്കുള്ളതിനേക്കാൾ വലിയ ശക്തി എൻെറ പിതാവിനുണ്ട്.”

—യോഹന്നാൻ XV: 28

“ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

Reg. No. M. 2293. | 1957 ജൂൺ 5—ബുധനാഴ്ച | Vol. 30, No. 41

# വിദ്യാഭ്യാസത്തെ സംബന്ധിച്ച്

## അഖിലകേരളകാത്തലിക്ക് ബിഷപ്പ്സ് കോൺഫറൻസിൻെറ പ്രസ്താവന

### ഈശ്വരാസ്തിക്യബോധത്തിൽ അടിയുറച്ച സംസ്കാരത്തിൻെറ അടിത്തറയ്ക്കു് ഇളക്കംതട്ടുന്ന യാതൊരു പരിഷ്ക്കാരവും ഭാരതീയ സംസ്കാരത്തിനു് അനുയോജ്യമായിരിക്കുകയില്ല

**തങ്ങളുടെ കുട്ടികൾക്കു് ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണു് നൽകേണ്ടതെന്നു് തീരുമാനിക്കുവാനും അവർ പഠിക്കേണ്ട വിദ്യാലയങ്ങൾ തിരഞ്ഞെടുക്കുവാനുമുള്ള പ്രകൃതിദത്തമായ അവകാശം മാതാപിതാക്കന്മാർക്കാണുള്ളതു്. ഈ പാവനമായ അവകാശത്തെ നിഷേധിച്ചുകൊണ്ടുള്ള സ്റ്റേററിൻെറ ഏതൊരു നടപടിയും ഏകാധിപത്യപരമാണു്; അതിനെ എതിർക്കുവാൻ വിദ്യാർത്ഥികളുടെ മാതാപിതാക്കന്മാർക്കും രക്ഷകർത്താക്കൾക്കും അവകാശവും ചുമതലയുമുണ്ടു്.**

കേരളത്തിലെ കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരുടെ ഒരു കോൺഫറൻസ് വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ, വരാപ്പുഴ മെത്രാപ്പോലീത്തൻ അരമനയിൽവച്ചു് മേയ് 28-ാംനു- കൂടി. കേരളത്തിലെ എല്ലാ രൂപതാദ്ധ്യക്ഷന്മാരും സന്നിഹിതരായിരുന്നു. കോൺഫറൻസ് വിദ്യാഭ്യാസം മുതലായ പല കാര്യങ്ങളെപ്പററി ചർച്ച ചെയ്തു് തീരുമാനങ്ങൾ ചെയ്യുകയുണ്ടായി. വിദ്യാഭ്യാസത്തെപ്പററി ഒരു പ്രസ്താവനയും പുറപ്പെടുവിച്ചു. പ്രസ്താവന ഇപ്രകാരമാണു്:-

ഇന്നത്തെ കേരളഗവണ്മെണ്ടിൻെറ നയപ്രഖ്യാപനങ്ങളിൽനിന്നും വിദ്യാഭ്യാസമന്ത്രിയുടെ പ്രസ്താവനകളിൽനിന്നും വിദ്യാഭ്യാസരംഗത്തു് വിപ്ലവകരമായ പല പരിവത്തനങ്ങളും വരുത്തുവാൻ പോകുന്നതായി മനസ്സിലാകുന്നു.

വിദ്യാഭ്യാസത്തിൻെറ ആദർശത്തെ സംബന്ധിച്ചിടത്തോളം മാററം വരുത്തുവാൻ പാടില്ലാത്ത മൗലികങ്ങളായ ചില തത്വങ്ങളുണ്ടു്. ഇവയെ ആദരിച്ചായിരിക്കണം വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിലും രീതിയിലും പരിഷ്കാരങ്ങൾ വരുത്തുന്നതു്. ശാശ്വതങ്ങളായ മൂല്യങ്ങളെ നിരാകരിക്കുവാൻ പാടുള്ളതല്ല, ഈശ്വരാസ്തിക്യബോധത്തിൽ അടിയുറച്ചതാണു് ഭാരതീയസംസ്കാരം. ഈ അടിത്തറയ്ക്കു് ഇളക്കംതട്ടുന്ന യാതൊരു പരിഷ്കാരവും ഭാരതീയസംസ്കാരത്തിനു് അനുയോജ്യമായിരിക്കയില്ല.

ഓരോ മനുഷ്യജീവിയും ദൈവത്തിൻെറ പ്രത്യേകസൃഷ്ടിയാണെന്നും ദൈവത്തിൽ ചെന്നെത്തുകയാണു് ഓരോ മനുഷ്യൻെറയും ലക്ഷ്യമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഇതുതന്നെയാണു് ഭാരതീയരുടെ പൊതുവായ വിശ്വാസവും. ഈ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനു് മനുഷ്യനെ പ്രാപ്തനാക്കുവാൻ കഴിവുള്ളതായിരിക്കണം യഥാർത്ഥ വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കവും രീതിയും. മനുഷ്യരാശി പുരോഗമിക്കുന്നതനുസരിച്ചു് വിദ്യാഭ്യാസത്തിൻെറ മൗലികാദർശങ്ങളിൽ മാററം വരുത്തണമെന്നുള്ള അഭിപ്രായഗതി തെററാണു്. മന്ത്രിസഭകളും പാർട്ടികളും മാറിമാറി അധികാരത്തിൽ വരുന്നതനുസരിച്ചു് മാററം വരുത്തേണ്ടതാണു് വിദ്യാഭ്യാസത്തിൻെറ ആദർശങ്ങളും അടിസ്ഥാനതത്വങ്ങളുമെന്നു് രാജ്യക്ഷേമതല്പരരായ ആരും പറയുമെന്നു തോന്നുന്നില്ല.

വിദ്യാഭ്യാസവിഷയകമായി ഏതെങ്കിലും പരിഷ്കാരങ്ങൾ വരുത്തുവാനുദ്ദേശിക്കുന്നെങ്കിൽ, ഇക്കാര്യത്തിൽ അഭിപ്രായം പറയുവാൻ അർഹതയും അവകാശവും ഉള്ള എവക്കും ശരിയായ പഠനത്തിനും അഭിപ്രായപ്രകടനത്തിനും വേണ്ടുവോളം സാവകാശം ലഭിക്കത്തക്കവിധം തൽസംബന്ധമായ നക്കൽനിദ്ദേശങ്ങൾ നേരത്തേതന്നെ പ്രസിദ്ധപ്പെടുത്തേണ്ടതാണു്.

14 വയസ്സുവരെ എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുവാനുള്ള ചുമതല ഇന്ത്യൻ ഭരണഘടനയനുസരിച്ചു് സ്റ്റേററിൽ നിക്ഷിപ്തമായിരിക്കുന്നതുകൊണ്ടു് പ്രൈവററു് വിദ്യാലയങ്ങളെല്ലാം ഏറെറടുക്കണമെന്നുള്ള വാദഗതിയും സ്വീകാര്യമല്ല. ഈ വാദഗതിക്കാധാരമായി എടുത്തുകാണിക്കുന്ന ഭരണഘടന 4-ാംപാർട്ടു് 45-ാം വകുപ്പു് ഇപ്രകാരമാണു്:-

“The State shall endeavour to provide within a period of ten years from the commencement of this Constitution for free and compulsory education of all children until they complete the age of 14 years.” ഇതിൽനിന്നു് സ്കൂളുകൾ സ്റ്റേററുതന്നെ നടത്തണമെന്നു് സിദ്ധിക്കുന്നില്ല. 4-ാംപാർട്ടു് 45-ാം വകുപ്പിൻെറ മറ പിടിച്ചു് പ്രൈവററു് ഏജൻസികൾക്കു് സ്കൂൾ നടത്തുവാനുള്ള അവകാശം നിഷേധിക്കുകയാണെങ്കിൽ അതു് 3-ാം പാർട്ടു് 30-ാം വകുപ്പിൽ അനുവദിച്ചിട്ടുള്ള മൗലീകാവകാശത്തിന്മേലുള്ള ഒരു കൈയേററമായിരിക്കും. 3-ാം പാർട്ടു് 30-ാംവകുപ്പനുസരിച്ചു് ഭാഷയേയോ മതത്തേയോ ആധാരമാക്കിയുള്ള ന്യൂനപക്ഷങ്ങൾക്കു് അവരുടെവക സ്വന്തംവിദ്യാലയങ്ങൾ സ്ഥാപിക്കുവാനും അവയുടെ ഭരണം നിർവഹിക്കു(Administer)വാനും അതിലേക്കു സ്റ്റേററിൻെറ ധനസഹായം ലഭിക്കുവാനുമുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ടു്. ഇതിനും പുറമേ തങ്ങളുടെ കുട്ടികൾക്കു് ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണു് നൽകേണ്ടതെന്നു തീരുമാനിക്കുവാനും, അവർ പഠിക്കേണ്ട വിദ്യാലയങ്ങൾ തിരഞ്ഞെടുക്കുവാനുമുള്ള പ്രകൃതിദത്തമായ അവകാശം മാതാപിതാക്കന്മാർക്കാണുള്ളതു്. ഈ പാവനമായ അവകാശത്തെ നിഷേധിച്ചുകൊണ്ടുള്ള സ്റ്റേററിൻെറ ഏതൊരു നടപടിയും ഏകാധിപത്യപരമാണു്. അതിനെ എതിർക്കുവാൻ വിദ്യാർത്ഥികളുടെ മാതാപിതാക്കന്മാർക്കും രക്ഷകർത്താക്കൾക്കും അവകാശവും ചുമതലയുമുണ്ടു്.

അദ്ധ്യാപകരും മാനേജുമെൻറും തമ്മിലുള്ള ബന്ധം സംബന്ധിച്ച കാര്യങ്ങളും വിദ്യാഭ്യാസത്തിൻെറ ഭരണപരമായ ഗൗരവമേറിയ പല ചുമതലകളും മേഖലാകൗൺസിലുകളെ ഏല്പിക്കേണ്ടതാണെന്നു് ഒരു അഭിപ്രായഗതിയുള്ളതായി അറിയുന്നു. എന്നാൽ പ്രയോഗത്തിൽ ഈ സമ്പ്രദായം വിദ്യാഭ്യാസത്തിൻെറ ഉത്തമതാല്പര്യങ്ങൾക്കു് ഹാനികരമായിരിക്കും. കാര്യക്ഷമമായി വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുന്നതിനു് അദ്ധ്യാപകനിയമനം, സ്കൂളിൻെറ ദൈനംദിന ഭരണം തുടങ്ങിയ കാര്യങ്ങളിൽ മാനേജുമെൻറിനു വേണ്ടത്ര സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടതാണു്. അതിനാൽ ഈവക മൗലികാവകാശങ്ങൾക്കു് വിരുദ്ധമായുള്ള യാതൊരു നിയമനിർമ്മാണത്തിനും ഉദ്യമിക്കരുതെന്നുള്ള കാര്യം കേരളഗവമ്മെണ്ടിൻെറ സത്വരശ്രദ്ധയ്ക്കു വിഷയമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

അദ്ധ്യാപകന്മാർക്കു് സേവനസ്ഥിരതയും ജോലിക്കു തക്ക വേതനവും നൽകുന്നതിനുള്ള ന്യായമായ ഏതൊരു നടപടിയേയും ഞങ്ങൾ സ്വാഗതം ചെയ്യും. അതേസമയംതന്നെ അദ്ധ്യാപകതാല്പര്യങ്ങളുടെ സംരക്ഷണത്തിൻെറ പേരിൽ അദ്ധ്യാപകരും മാനേജുമെൻറും തമ്മിലുള്ള സൗഹാർദ്ദത്തിനു് ഭംഗം വരുത്തുന്ന യാതൊരു നടപടിയും ഗവർമ്മെൻറു് സ്വീകരിക്കയില്ലെന്നു് ഞങ്ങൾ കരുതുന്നു.

ഈ രാജ്യത്തിൻെറ വിദ്യാഭ്യാസപുരോഗതിക്കു് ദീർഘകാലം ത്യാഗപൂർണ്ണമായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുള്ളതും അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതുമായ പ്രൈവററു് ഏജൻസികളെ പ്രസ്തുതരംഗത്തിൽനിന്നും ബഹിഷ്കരിക്കുവാനുള്ള ശ്രമത്തിൽനിന്നും സ്റ്റേററുഗവർമ്മെൻറു് പിൻവാങ്ങുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

പാവനങ്ങളായ അടിസ്ഥാനതത്വങ്ങളെ ബലികഴിച്ചുകൊണ്ടുള്ള യാതൊരു പ്രസ്ഥാനത്തിനും കൂട്ടുനിൽക്കരുതെന്നു് അദ്ധ്യാപകരെ അനുസ്മരിപ്പിക്കുവാൻ ഈ അവസരം ഞങ്ങൾ വിനിയോഗിക്കുന്നു.

ഈ രാജ്യത്തെ കത്തോലിക്കാ ജനതതിയുടെ സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ ഉൽക്കർഷത്തിനു് ചുമതലപ്പെട്ടവർ എന്ന നിലയിൽ ഈ കാര്യത്തിൽ അഭിപ്രായം പറയുവാനും, മാർഗ്ഗനിർദ്ദേശം നൽകുവാനുമുള്ള കത്തവ്യം ഞങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ വിദ്യാഭ്യാസദേശസാല്ക്കരണത്തിനുള്ള കേരളഗവർമ്മെൻറിൻെറ ഈദൃശോദ്യമങ്ങളെ സർവശക്തിയുമുപയോഗിച്ചു് എതിർക്കുവാൻ ഞങ്ങൾ നിർബ

(ശേഷം 3-ാംപേജിൽ)




പരിശുദ്ധാത്മാവിൻെറ സപ്തദാനങ്ങൾ

(പെന്തക്കുസ്താതിരുനാൾ—ജൂൺ 9)

ചെറുകഥ

# ചരിത്രം ആവർത്തിക്കുന്നു

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

(തുടർച്ച)

ആ വളർച്ചയോടൊപ്പം അസുഖകരമായ മറെറാരു യാഥാർത്ഥ്യവും അവർക്ക് അനുഭവപ്പെട്ടുതുടങ്ങി. അവരുടെ പ്രതീക്ഷയിൽ കയ്പുരസം കലർത്തിയ ഒരു യാഥാർത്ഥ്യം.

മൂത്തമകൻ കുഞ്ഞൻ അല്പം സ്വാർത്ഥനാണെന്നു വേണമെങ്കിൽ പറയാം. എന്തിനും അവനു് സ്വന്തമായ ഒരു കരുതലുണ്ടു്. എപ്പോഴും മുന്തിയപങ്കു് കൈക്കലാക്കാനൊരു വെമ്പലും. അവൻെറ കാര്യം കഴിഞ്ഞിട്ടേ മറെറന്തൊരു കാര്യവും അവനുള്ളു. ഇങ്ങനെയൊക്കെയാണെങ്കിലും അവനെ ഒരുവിധം മെരുക്കിക്കൊണ്ടുപോകാം.

രണ്ടാമനതല്ല. വല്ലാത്തൊരു പ്രകൃതമാണു്. കരുണമല്ല; വഞ്ചിക്കുമല്ല. എന്തിനേയും ഏതിനേയും എതിർക്കുക, കണ്ണുംപൂട്ടിയെതിർക്കുക, അതാണവൻെറ മുദ്രാവാക്യം. അനുജന്മാരുടേയും തരം കിട്ടിയാൽ ചേട്ടൻേറയും തല തല്ലിപ്പൊളിക്കുക അവനൊരു ഹോബിയായി സ്വീകരിച്ചിരിക്കയാണു്. എന്തെങ്കിലും തിന്നുകയോ കുടിക്കുകയോ ചെയ്യുമ്പോൾ കൂടപ്പിറപ്പിൽ ഒന്നിനെപ്പോലും അവനു കണ്ടുകൂടാ. അവൻെറ പള്ള വീർക്കുന്നതിനുമുൻപു് ആരുടെയെങ്കിലും നിഴൽ കണ്ടുപോയാൽ അന്നു പിന്നെ ആ വീട്ടിലാർക്കും ഒന്നും കഴിക്കണ്ട. എല്ലാം അവൻ തകർത്തുതരിപ്പണമാക്കും. എതിർനും അവനെ മുൻപനാക്കിയേക്കണം. അവൻ വിചാരിക്കുന്നതു് അതുപടി നടക്കണം. എതിരൊന്നും അവൻ സഹിക്കില്ല. അവൻ കാലുകൊണ്ടു വല്ലേടത്തും ഒന്നു വീഴാനിടയാവുകയാണെങ്കിൽ അതിൻെറ കുററവും തനിക്കിളയ അനുജൻെറ പുറത്തായിരിക്കും. അവനു ഒരു പനി വന്നാൽക്കൂടി ദേഷ്യംമുഴുവൻ മററുള്ളവരോടായിരിക്കും; അവർ മനപ്പൂർവ്വം പനി വരുത്തിയതാണെന്നുള്ളമാതിരി.

ഉഗ്രരൊച്ചു് അഞ്ചിനേയും ഒരിടത്തു് ഒരുമിച്ചാക്കിയിട്ടു് തേത്തമ്മയ്ക്കു പുറത്തിറങ്ങാൻവയ്യാ. തിരിച്ചുവരുമ്പോൾ ഒന്നെങ്കിലും പതുക്കടാകും. അഞ്ചിനേയുംകൂടെ ഒരുവഴിക്കു പറഞ്ഞയച്ചാലോ, ഒന്നുരണ്ടെണ്ണമെങ്കിലും ചോരയൊലിപ്പിച്ചോ പതിരുകലക്കിയോ അല്ലാതെ മടങ്ങിവരികയില്ല. ഇഞ്ചിതിന്ന കുരങ്ങിനെപ്പോലെയാണു് ഒന്നു്, മറെറാന്നിൻെറനേരെ ചെല്ലുന്നതു്. ഈററപ്പുലിയെപ്പോലെ മറിച്ചിങ്ങോട്ടും. മൂപ്പിളമയോ വലുപ്പചെറുപ്പമോ ഒന്നും നോട്ടമില്ല. ഇളയതുങ്ങളും മോശമല്ല. ചേട്ടന്മാർക്കുചേന്ന ഇളമുറക്കാർതന്നെ. മൂത്തതു കാണിക്കുന്നതു കണ്ടല്ലേ, ഇളയതും പഠിക്കുന്നതു്!

"ഇതുങ്ങളെന്താ, ഇങ്ങനെ തൊടങ്ങുന്നതു്, കൂടപ്പിറപ്പുസ്നേഹം തൊട്ടുതേച്ചിട്ടില്ലാത്തതുപോലെ." കുഞ്ഞുവാവൻ കേൾക്കെ തേത്തമ്മ പറയും.

"അതല്ലേ, ഞാനും ഓർക്കുന്നേ" ഒരു വിചാരശീലനെപ്പോലെ കുഞ്ഞുവാവനും പറയും.

മക്കളെപ്പററി കരക്കാർ പറഞ്ഞതൊന്നും കാര്യമില്ലാഞ്ഞല്ല. വീട്ടിൽ ഈ പാടായസ്ഥിതിക്കു് നാട്ടിലിറങ്ങിയാൽ ഇവർ അളിട്ടേക്കുമോ! പൊന്നിൻസൂചിയായാലും കണ്ണിൽകൊണ്ടാൽ കണ്ണു പൊടിയുകില്ലേ?

തേത്തമ്മയ്ക്കു മക്കളുടെ ചെയ്തികൾ കൂടുതൽ കൂടുതൽ മനസ്സിലായിത്തീരുകയായിരുന്നു. അതിനാൽ അതിനു് താങ്ങാനാവാത്ത മനോവേദനയും. അവൾക്കു് ആ വീട്ടിൽനിന്നു തലയും വലിച്ചുകൊണ്ടു് വല്ല വഴിക്കും ഇറങ്ങിപ്പോയ്ക്കളഞ്ഞാലെന്താണെന്നുപോലും തോന്നാറുണ്ടു്. അതല്ലെങ്കിൽ ഈ അഞ്ചിൻേറയും തല ഒന്നിച്ചുണ്ട കാണാതായെങ്കിൽ! പൊറാതള്ളയ്ക്കൊത്ത വിചാരമല്ല എങ്കിലും അവർ വിചാരിച്ചുപോവുകയാണു്. അത്രയ്ക്കു ശരണക്കേടുണ്ടു്. മനുഷ്യരായാൽ ഒരു സ്വൈരമൊക്കെ കിട്ടണ്ടേ, വീട്ടിൽ? പോരുകോഴികളെപ്പോലെ നാലഞ്ചെണ്ണം നേരംവെളുത്താൽ കണ്ണിൽ ഉറക്കം വരുവോളം, പൊരുതാൻതന്നെ തക്കംനോക്കിനിന്നാലോ. ഒന്നെങ്കിലും വഴുതിക്കൊട്ടുകുന്നതാണോ!

തേത്തമ്മയ്ക്കു ഓരോ ദിവസം ചെല്ലുന്തോറും ഭയം ഏറിയേറിവരികയാണു്. അവററയുടെ എല്ലുകൾ മൂത്തുമൂത്തല്ലേ വരുന്നതു്! ഈ കീറിക്കടി എന്തിൽതന്നെ അവസാനിച്ചുകൂടാ? തേത്തമ്മയെ അവർ പട്ടിയോളം കൂട്ടാക്കുകയില്ല. അപ്പൻ വീട്ടിലിരിക്കുമ്പോഴും അവർ ആക്രമണത്തിനു മടിക്കാതായിട്ടുണ്ടു്.

ഇത്തരം ആൺമക്കൾ വേണ്ടായിരുന്നു. അഞ്ചും പെണ്ണായിരുന്നെങ്കിലും വേണ്ടതില്ലായിരുന്നു. തലയ്ക്കു മൂത്തതിനെ മൂത്തതിനെ വല്ല കൂലിവേലക്കാരനെങ്കിലും പിടിച്ചേല്പിക്കാമായിരുന്നു. അല്ലെങ്കിൽ മക്കളെ ദൈവം തരണ്ടായിരുന്നു. "വല്ലമക്കളേക്കാൾ ഇല്ലാമക്കൾ." അതു മതിയായിരുന്നു. തേത്തമ്മ അത്രത്തോളംവരെ ആഗ്രഹിച്ചുപോയി.

കുഞ്ഞുവാവൻ എന്നും അയാൾക്കു വശമുള്ള ഭാഷയിൽ മക്കൾക്കു നല്ലനല്ല ഉപദേശങ്ങൾ കൊടുത്തുകൊണ്ടേയിരുന്നു. കൂടപ്പിറപ്പുസ്നേഹത്തിൻെറ മഹത്വവും വലുപ്പവും അയാൾ മക്കൾക്കു വിശദീകരിച്ചുകൊടുത്തു: "മക്കളേ, കൂടപ്പിറപ്പുങ്ങൾ ഈ ലോകത്തിലേയൊള്ളു. നിങ്ങൾ ഒരു വയിററീന്നു പോന്നോരല്ലേ? മുമ്പും പൊറകും എന്നല്ലേയൊള്ളു. അതുകൊണ്ടു് സൊരുമയോടെ ജീവിക്കണം."

ആ ഉപദേശത്തിൻെറ അലകൾ അടങ്ങിയില്ല, അതിനുമുൻപേ, ആ അപ്പൻെറ അനുസരണമുള്ള മക്കൾ അവരുടേതായ ലോകത്തിലേക്കു പിന്തിരിഞ്ഞുകഴിഞ്ഞു.

കുഞ്ഞൻ കിടന്നപായിൽ പാപ്പുവിൻെറ കാലു്, അറിഞ്ഞോ അറിയാതെയോ ഒന്നുരുമ്മി. കുഞ്ഞൻ പാപ്പുവിനെപിടിച്ചൊരു തള്ളു്. അവൻെറ തല ഭിത്തിയിൽചെന്നു് "ഠോ" എന്നൊരടി. തുടന്നു് പായിലിരുന്ന കുഞ്ഞൻെറ മുതുകത്തു് ചക്ക വെട്ടിയിടുമ്പോലെ രണ്ടുമൂന്നിടി.

ഇപ്പുറഞ്ഞ നേരംകൊണ്ടു് എഴുന്നേംകഴിഞ്ഞു കുഞ്ഞുവാവൻ ഓടിവന്നു് രണ്ടിനേയും പിടിച്ചുമാററി. അപ്പോഴും അവരുടെ ക്ഷാത്രം അടങ്ങിയിരുന്നില്ല. രണ്ടും അന്യോന്യം തുറിച്ചുനോക്കുകയാണു്; എതിരാളിയെ തിന്നുകളയുമെന്നുള്ള ഭാവത്തിൽ.

കുഞ്ഞുവാവൻ അതൊന്നും കണ്ടിട്ടില്ല. അയാളുടെ കണ്ണിനു് അപ്പോൾ അതൊന്നും കാണാനും കഴിയുമായിരുന്നില്ല. അയാളുടെ കൈ എങ്ങനെയോ ഇറയിൽ തിരുകിവച്ചിരുന്ന കാശാവിൻ കമ്പു തപ്പിയെടുത്തു. അയാൾക്കു കലികേറിയപോലായി. കാശാവിൻകമ്പു തുണ്ടുതുണ്ടായി നുറുങ്ങി. തേത്തമ്മ സ്തംഭിച്ചുനിന്നു. കുഞ്ഞുവാവൻ കിതയ്ക്കുന്നുണ്ടായിരുന്നു.

"ഇതുങ്ങളെന്താ, ഇങ്ങനെ തൊടങ്ങുന്നേ? കൂടപ്പിറപ്പുസ്നേഹം തൊട്ടുതെറിച്ചിട്ടില്ലാത്തപോലെ?" കുഞ്ഞുവാവൻ കേൾക്കെ തേത്തമ്മ പറയും.

"അതല്ലേ, ഞാനും ഓർക്കുന്നേ" ഉപബോധമനസ്സിൽനിന്നു് എന്തോ ചികഞ്ഞെടുക്കുവാൻ ശ്രമിക്കുമ്പോലെ കുഞ്ഞുവാവനും പറയും.

കുഞ്ഞുവാവൻ മക്കൾക്കുവേണ്ടി എന്നും രണ്ടു മുളങ്കമ്പുകൾ കരുതിവച്ചുകൊള്ളും. പകൽ മുഴുവൻ വയലിലും പറമ്പിലും പണിയെടുത്തു തളർന്നുവരുന്ന ആ പിതാവിനു്, വീട്ടിൽവന്നാൽ ഒരുദിവസംപോലും ആ മുളങ്കമ്പു് കൈയിലെടുക്കാതിരിക്കാൻ വയ്യ. കമ്പു കൈയിലെടുത്താൽ പിന്നെ ആ വികാരാധീനൻ സ്വയം മറക്കുകയായി. തേത്തമ്മ കടന്നുപിടിക്കുന്നതുവരെ കമ്പു് മാറിമാറി മക്കളുടെ പിന്നാമ്പുറത്തു പ്രവത്തിച്ചുകൊണ്ടിരിക്കും. അച്ചാലും പുച്ചാലും അടികൊണ്ടു പുളയുമ്പോഴും ആ നല്ല "സ്പിരിട്ടുള്ള" മക്കൾ അടുത്ത സമരത്തിനുള്ള പശ്ചാത്തലം ഒരുക്കുകയായിരിക്കും.

Chakola's SILK HOUSE
TRICHUR-ERNAKULAM
കല്യാണ സാരികൾ
ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജൗളിത്തരങ്ങളിൽ ധാരാളം സ്റ്റോക്കുണ്ടു്.

അടികൊണ്ടു് അവരെ നന്നാക്കാമെന്നുള്ള കുഞ്ഞുവാവൻെറ അവസാനത്തെ ആശയും പൊലിഞ്ഞുതുടങ്ങി.

ഇനി എന്താണു് വഴി?

ആ മാതാപിതാക്കന്മാർക്കു് മക്കളുടെ ഭാവിയെക്കുറിച്ചു് ഉൽക്കടമായ ഉൽകണ്ഠയും ഭീതിയുമായി. അവർക്കു് എതുനേരത്തും അതുമാത്രമായി ചിന്ത. കുഞ്ഞുവാവൻ ജോലിയിലൊന്നും ശ്രദ്ധിക്കാതായി. കൃഷിപ്പണികൾ മുടങ്ങി. ഒന്നിനും ഒരാക്കമില്ല. തേത്തമ്മയുടെ മുഖത്തു് കടുത്ത വിഷാദം കൂടുകെട്ടി കുടിപാർക്കുകയാണു്. അവരുടെ കൈച്ചുറുക്കു് തണുത്തുപോയി. അവരുടെ ആ നീളമുള്ള നാക്കു് ഇപ്പോൾ വായ്ക്കകത്തുണ്ടോ എന്നുപോലും സംശയിച്ചുപോകും.

കുഞ്ഞുവാവൻ എപ്പോഴും ചിന്തയിലാണ്ടിരിക്കുമ്പോലെയാണു്. ഒരന്തവും കുന്തവുമില്ലാത്ത നീണ്ടചിന്ത. അധികമൊന്നും ആരോടും സംസാരിക്കയില്ല. തേത്തമ്മയോടുപോലും ഉരിയാടുകവിഷമമാണു്. എന്തെങ്കിലും അങ്ങോട്ടുചോദിച്ചാൽ ദേഷ്യവുമായിരിക്കും. അയാൾ ചിന്തയുടെ ഇരുട്ടുവെയിലിൽ എന്തോ പരതി നടക്കുകയായിരിക്കാം. ഭൂതകാലത്തിൻെറ ഇരുൾക്കുഴിയിൽനിന്നു് എന്തോ മാന്തിയെടുക്കാൻ നോക്കുകയായിരിക്കാം.

ആ മനസ്സിൽ എന്തൊക്കെയോ രാസപ്രവത്തനങ്ങൾ രൂപം കൊള്ളുകയാണു്. ഉഗ്രമായ സംഘട്ടനങ്ങൾ നടക്കുകയാണു്.

"ഇതുങ്ങളെന്താ, ഇങ്ങനെ തൊടങ്ങുന്നേ? കൂടപ്പിറപ്പുസ്നേഹം തൊട്ടുതെറിച്ചിട്ടില്ലാത്ത പോലെ" തേത്തമ്മയ്ക്കു് എപ്പോഴും ആ പല്ലവിതന്നെ.

"ഇതു പലിശയില്ലാക്കടമാ, പണ്ടൊക്കെ ദൈവം പിന്നെപ്പിന്നെയായിരുന്നു; ഇപ്പം കൂടുക്കൂടെയാ." മനസ്സിനെ അലട്ടിയിരുന്ന കുഴഞ്ഞപ്രശ്നത്തിനൊരു പരിഹാരം കണ്ടെത്തിയവനെപ്പോലെ, തെല്ലൊരു ലഘുചിത്തതയോടെ കുഞ്ഞുവാവൻ പറഞ്ഞു.

"അതെന്താ, അങ്ങനെ പറയാൻ?" ആ പെൺബുദ്ധിക്കു് ഒരെത്തും പിടിയും കിട്ടുന്നില്ല.

"അങ്ങനെതന്നെ. നമ്മളുവിതച്ചതു് നമ്മളുതന്നെ കൊയ്യുവാണു്." കുഞ്ഞുവാവനെ സംബന്ധിച്ചിടത്തോളം തേടിയവള്ളി കാലിൽ ചുററിയിരിക്കയാണു്. അയാളുടെ അവസാനത്തെ തീർപ്പാണതു്. അതിനപ്പുറം ഒരു വാക്കില്ല.

"നിങ്ങളെന്താണിങ്ങനെ, അന്തവും കുന്തവുമില്ലാത്തപോലിരുന്നോണ്ടു പറയുന്നെ!" തേത്തമ്മ കുത്തിച്ചു കുത്തിച്ചു ചോദിച്ചു.

"ദൈവം നീതിമാനാണു്. ഒരേ താപ്പുകൊണ്ടു്, തിരിച്ചും മറിച്ചും അളക്കുന്നു."

"നിങ്ങളു് കാര്യം വല്ലതുമൊണ്ടെങ്കിൽ ഒന്നു തൊറന്നുപറ മനുഷേനേ" തേത്തമ്മയുടെ ദൈന്യമായ അഭ്യർത്ഥന.

"പറയാനൊന്നുമില്ല നമ്മളുകൊടുത്തതിൽ കൂടുതൽ കിട്ടാൻ നമ്മൾക്കവകാശമൊണ്ടോ?"

"എൻെറ കർത്താവേ, ഞാൻ ഇതുങ്ങടെയടേന്നു് വല്ലവഴിക്കും പോകേവൊള്ളു. മക്കളാണേൽ അരിച്ചരിച്ചു കൊല്ലുകാ. അക്രൂടെ ഈ അപ്പനും ഇങ്ങനെ കീഴും കീഴക്കമില്ലാതെ തൊടങ്ങിയാൽ?" തേത്തമ്മ തലയിൽ കൈവച്ചു. അവർക്കു വിപ്പുമുട്ടുന്നതുപോലെ തോന്നി.

"എടീ, ഇതു നമ്മളുതന്നെ വരുത്തിവെച്ച വിനയാ. നമ്മളിതു് കണക്കുപറഞ്ഞു് അനുഭവിക്കേണ്ടതാ" ഭക്തിവൈരുദ്ധ്യത്തിൻെറ അനിവാര്യതയെക്കുറിച്ചു് തീകച്ചും ബോധവാനെപ്പോലെ കുഞ്ഞുവാവൻ പറഞ്ഞു.

"നമ്മളെന്തുവിന വരുത്തിവെച്ചെന്നാ? ഒന്നു പറഞ്ഞു തൊലച്ചേക്കരുതോ?" അങ്ങേയററത്തെ അക്ഷമത പ്രകടിപ്പിച്ചു ആ ഭാര്യ.

"അതോ......നെനക്കിപ്പഴും മനസ്സിലായില്ലേ? എന്നാൽ എനിക്കറിയാം. ഞാൻ കണ്ടുപിടിച്ചു. എനിക്കു ദൈവം തോന്നിച്ചതാ. ഞാൻ ഓരോന്നു് ഓർത്തോർത്തു കെടന്നപ്പോൾ എൻെറ മനസ്സാക്ഷി എന്നോടു പറഞ്ഞു, നമ്മളു ചേട്ടനെ ഒണ്ണീപ്പിച്ചേൻെറ ഫലമാ നമ്മളിപ്പഴനുഭവിക്കുന്നെ." കുഞ്ഞുവാവൻ നിർത്തിനിർത്തിപ്പറഞ്ഞു ഓരോ വാക്കും ഓർമ്മയുടേയും വീണ്ടുവിചാരത്തിൻേറയും മൂശയിൽ വച്ചു വാർത്തെടുക്കുമ്പോലെ. ഒരു ചിന്തകൻെറ ഇരുത്തത്തോടും ഗാംഭീര്യത്തോടും ഒരു അനുതാപിയുടെ അപരാധബോധത്തോടും പശ്ചാത്താപവിചാരങ്ങളോടും.

"ഞാനിതു് എന്നുമുതലേ എൻെറ മനസ്സിൽ ഓക്കുന്നതാ. നമ്മളു കൂടപ്പിറപ്പുസ്നേഹമില്ലാതെ പെരുമാറിയേച്ചു്, ഞണ്ടു് കുഞ്ഞുങ്ങളോടു പറയുമ്പോലെ, മക്കളോടു ചൊവ്വേ നടക്കാമ്പറഞ്ഞാ അവരുണ്ടോ കേക്കാമ്പോണു! തന്നേം തള്ളേം കാണിച്ചു കണ്ടിട്ടുവേണ്ടേ മക്കളു പടിക്കാൻ."

ഭത്താവിൻെറ ആരോപണങ്ങൾ തന്നെ ഒരു വിധത്തിലും ബന്ധിക്കുന്നതല്ലെന്നു കണ്ടപ്പോൾ തേത്തമ്മയ്ക്കു് ആശ്വാസമായി. ഇതിൽ അവർക്കു് ഏതു നിലയും സ്വീകരിക്കാം. ഭത്താവിനേക്കാൾ ഒരു പടികൂടി കടന്നു നില്ക്കുന്നതിനും വിരോധമില്ല. അതിനൊത്തവണ്ണമാണു് അവർ വാക്കുകൾ പ്രയോഗിച്ചതും.

"നെനക്കിത്ര തോം ളുമൊ ഒരു ബോധോം പൊക്കണോം ഒണ്ടായിട്ടു് നീ എന്താ ഇതൊന്നും നേരത്തെ പൊറുത്തൊക്കാഞ്ഞെ?" വിവേകത്തിൽ മുൻതൂക്കം കിട്ടുവാൻവേണ്ടിയുള്ള സ്ത്രീത്വത്തിൻെറ ആ അടവിൻെറ നേരെ കുഞ്ഞുവാവൻെറ പുരുഷത്വം ചാടിവീണു.

"നിങ്ങൾക്കു പിടിച്ചില്ലെങ്കിലോന്നു വെച്ചാ. പിന്നെ നിങ്ങളുചേട്ടാനുജന്മാരു തമ്മിലുള്ള കാര്യത്തിനു് ഞാനെന്തു് എടപെടുകേറിപ്പറയാനാ."

"നെനക്കിതിലൊരു കാര്യവുമില്ലേ. എന്നിട്ടു് നീ വലത്തുകാലും വെച്ചു് ഇവിടെ വന്നു കേറുന്നവരെ ഞങ്ങളു് ചേട്ടാനുജന്മാരായിട്ടു തന്നെ കഴിയുവായിരുന്നല്ലോ. നീ വന്നതിൽ പിന്നീടാണല്ലോ ഈ വേറുകൃത്യമൊക്കെയൊണ്ടായതു്."

"പിന്നേ, പിന്നേ, വെറുതെയിരിക്കുന്ന എന്നെപ്പഴിവെച്ചാലൊണ്ടല്ലോ." തേത്തമ്മയുടെ ഭാവം മാറി. മുറിവേല്പിക്കപ്പെട്ട ആ സ്ത്രീത്വം ഉണർന്നു. പരിസരങ്ങളെയും സ്വന്തം പരാധീനതകളേയും അവർ പാടെ മറന്നു. സ്വന്തം നിരപരാധിത്വം സാധൂകരിക്കാനുള്ള ത്വരയോടെ അവരുടെ വാചാലത ചിറപൊട്ടി ഒഴുകി.

"ഞാമ്പറഞ്ഞിട്ടാണോ നിങ്ങളു് ചേട്ടനുജന്മാരു് വസ്തുഭാഗത്തെച്ചൊല്ലി കീരീം പാമ്പും പോലായതു്? ഞാമ്പറഞ്ഞിട്ടാണോ ചേട്ടൻെറ പെനനൊറഞ്ഞുനിന്ന ആട്ടു് ഒരു കാച്ചിലിൻെറ എല കടിച്ചെന്നും പറഞ്ഞു് നിങ്ങളു പിടിച്ചു് കാലും കൈയും തല്ലിയൊടിച്ചു വിട്ടതു്? ഞാമ്പറഞ്ഞിട്ടാണോ നിങ്ങളു് ചേട്ടൻെറ വേലിക്കകത്തുനിന്ന ഒന്നാന്തരം വരിക്കപ്ലാവു് രസം കുത്തിവെച്ചു് ഉണക്കിക്കളഞ്ഞതു്? ചേട്ടൻെറ മൂത്തപെണ്ണിൻെറ കല്യാണംമൊടക്കാൻ ആളെ ചട്ടംകെട്ടി വിട്ടതു് ഞാമ്പറഞ്ഞിട്ടാ? ചേട്ടൻ വായുവലിച്ചു കെടന്നപ്പം ആളെപ്പറഞ്ഞു് ഴച്ചിട്ടും അതുടം ഒന്നു കേറിച്ചെല്ലാഞ്ഞതും ഞാമ്പറഞ്ഞിട്ടായിരിക്കും...കേട്ടോണോ ഒരു മെന. ഇപ്പം വന്നിട്ടും പോയിട്ടും അവനോൻെറ പാടു വിതിയെന്നും വച്ചു് വെറുതേ കുത്തിയിരുന്ന ഇനിക്കാ കെടക്കപ്പൊറുതിയില്ലാത്തെ" തേത്തമ്മ തനിക്കെതിരായി ഉന്നയിക്കപ്പെട്ട ചാർജ്ജുകളോരോന്നും ശക്തിയുക്തം നിഷേധിക്കുകയാണു്. കുററത്തിൻെറ പങ്കാളിത്തത്തിൽനിന്നു് ഒഴിഞ്ഞുമാറാനുള്ള ഹവ്വായുടെ വാസന തേത്തമ്മമാരിലും പ്രവത്തിക്കുന്നുണ്ടാവും.

"മതിയെടീ, മതി. എല്ലാം എൻെറ കുററം. എൻെറ ചോരയെ മറന്നു പെരുമാറിയതു് എൻെറ കുററംതന്നെ. ഞാൻ തന്നെ മുഴുവനും ഏററിരിക്കുന്നു" ആ പശ്ചാത്താപഭരിതനു് നിഷേധത്തിൻേറതായ വാക്കുകൾ അധികമൊന്നും അപ്പോൾ തോന്നിയില്ല.

"ഏററാമാത്രം പോരാ. നാളത്തന്നെ ചേട്ടൻെറ കുഴിമാടത്തിങ്കപ്പോയി മാപ്പുചോദിക്കണം. ചേട്ടനുവേണ്ടി ഒരു കുറുബാനയും ചൊല്ലിക്കണം. രണ്ടു് ഒപ്പീസും പാടിക്കണം. മക്കളേംകൂടെക്കൊണ്ടുപോണം. അതുകഴിഞ്ഞു വന്നു് ചേട്ടത്തീടെ കാലുപിടിച്ചു് പൊരുതി പറയേം വേണം. ഞാനും കൂടെ വരാം." അവിടേയും തേത്തമ്മ ഒരു പടികൂടി മുൻപിൽ നില്ക്കുവാനാണൊരുക്കം. പക്ഷെ കുഞ്ഞുവാവൻ ഇക്കുറി ഭാര്യയുടെ നിർദ്ദേശങ്ങളേയും മറികടക്കുന്ന എന്തൊക്കെയോ നിശ്ചയിച്ചുവച്ചിട്ടുണ്ടെന്നു തോന്നുന്നു.

"കുഞ്ഞേട്ടാ...ചേട്ടായി...

ഉറക്കത്തിൽ കിടന്നു് പാപ്പു വിളിക്കുന്നു. അല്പംകഴിഞ്ഞു് ജോണിയും.

ആ വിളിയിൽ അതിനുമുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത മാധുര്യവും സാഹോദര്യത്തിൻെറ ഒരു കുളിർമയും ആദ്യമായി ആ മാതാപിതാക്കന്മാർക്കു് അനുഭവപ്പെട്ടു.

ജീവചരിത്രം

## ഫുത്തുണായിലെ പ്രേഷിതവീരൻ

(ജെ. പുത്തൂപ്പള്ളിൽ, താൻവെട്ടം)

കത്തോലിക്കാ തിരുസഭയുടെ ചരിത്രം അത്ഭുതാവഹമാണ്. സഭ പലയിടത്തും അതികഠിനമായി ഞെരുക്കപ്പെട്ടിട്ടുണ്ട്. പക്ഷെ "മർദ്ദനം ഗുണവർദ്ധനം" എന്ന അനുഭവമാണ് അതിനുണ്ടായിട്ടുള്ളതു്. ഒരു കാലത്തു് ക്രൈസ്തവലോകത്തെ കിടുകിടാ വിറപ്പിച്ച സാമ്രാജ്യശക്തികൾ കാലത്തിന്റെ വേലിയേററത്തിൽ പരാജയം ഏററുപറഞ്ഞു അവളുടെ മുമ്പിൽ നമോവാകം ചെയ്തു. ഇതുപോലെ സത്യത്തിന്റെ വെളിച്ചത്തിലേക്കു് ആനയിക്കപ്പെട്ട ഒരു രാജ്യമാണ് ഫുത്തുണാ. അതു ഇന്നൊരു കത്തോലിക്കാരാജ്യമാണ്. എന്നാൽ അതിന്റെ കാരണം അനേകവർഷങ്ങൾക്കു മുമ്പു അവിടെ നടന്ന മൃഗീയമായ മർദ്ദനങ്ങൾക്കു വിധേയനായ പ്രേഷിതവീരന്റെ രക്തധാരയാണെന്നു വിശ്വസിക്കുന്നതിൽ അപാകതയില്ല.

ഫുത്തുണായിൽ അക്കാലത്തു അജ്ഞാനാന്ധകാരത്തിലുഴലുന്ന മൃകലക്ഷങ്ങളായിരുന്നു ജീവിച്ചിരുന്നതു്. ക്രിസ്തു ആരാണെന്നോ, അദ്ദേഹം സ്ഥാപിച്ച ഒരു മതമുണ്ടെന്നോ അവർക്കറിവില്ലായിരുന്നു. മിഷ്യനറിമാരാരും അവിടെ കാലുകുത്തിയിരുന്നില്ല. ഈ അവസരത്തിലാണ് ഒരു യുവമിഷനറി ആത്മാവുകളെപ്രതിയുള്ള ക്രിസ്തുവിന്റെ ദാഹം ശമിപ്പിക്കുവാൻ വെമ്പൽപൂണ്ടു് അവിടെ ഓടിയെത്തിയതു്. ഫാദർ ചാനൽ ആയിരുന്നു ആ വീരപടയാളി. വിദേശത്തുനിന്നും കൊണ്ടുവന്ന ഈ നവീനമതത്തെ അജ്ഞന്മാരായ അവിടത്തെ കടുത്ത വർഗ്ഗീയവാദികൾ എതിർത്തു. പക്ഷേ ഇതൊന്നും വകവയ്ക്കാതെ സ്നേഹത്തിന്റെ മണിവീണയുമായി ആ വിപ്ലവഗായകൻ സുധീരം മുന്നേറുകതന്നെ ചെയ്തു.

കാലാന്തരത്തിൽ ഫുത്തുണായിൽ ഒരു യുദ്ധം വന്നണഞ്ഞു. യുദ്ധത്തിനു പുറപ്പെടരുതെന്നു് നമ്മുടെ കഥാനായകൻ രാജാവിനെ ഉത്ബോധിപ്പിച്ചു. പക്ഷേ രാജാവു് അതു അത്ര ഗൗനിച്ചില്ല. അദ്ദേഹം പോർക്കളത്തിലേക്കു് കുതിച്ചുപാഞ്ഞു. നൂറുനൂറായിരം പടയാളികളെ വെന്നുകൊണ്ടു് അദ്ദേഹം അടക്കളത്തിൽ മുന്നേറി അവസാനം വിജയം ലഭിക്കുകതന്നെ ചെയ്തു. അന്നുമുതൽ നമ്മുടെ കഥാനായകനും രാജാവും തമ്മിൽ വലിയ നീരസം ജനിച്ചു അതുവരെ എന്തോ ദിവ്യശക്തിയുള്ളവനെന്നു കരുതിയിരുന്ന സ്വാമിയെ രാജാവു് പിന്നീടു് ബഹുമാനിച്ചില്ല.

ഈ അവസരത്തിലാണ് രാജാവിന്റെ ഓമൽക്കുമാരൻ ക്രിസ്തുമതം സ്വീകരിക്കുന്നതിനു സ്വാമിയെ സമീപിച്ചതു്. സ്നേഹനിർഭരമായ ഒരു ഹൃദയത്തോടുകൂടി ഫാദർ ചാനൽ അയാൾക്കു സ്വാഗതമരുളി. പക്ഷേ ഈ സംഭവം തീയിൽ എണ്ണയൊഴിക്കുന്നതിനു സമമായിരുന്നു. രാജാവിന്റെ കോപം ദ്വിഗുണീഭവിച്ചു. ആരെങ്കിലും ക്രിസ്തുമതത്തിൽ ചേർന്നാൽ അവനെ മരണശിക്ഷയ്ക്കു പാത്രമാക്കുന്നതാണെന്നു് രാജാവു് താക്കീതു നൽകി. കൂടാതെ ഫാദർ ചാനലുമായി യാതൊരിടപാടുകളും നടത്തിക്കൂടെന്നു് ഉത്തരവും പുറപ്പെടുവിച്ചു. രാജ്യത്താകെ ക്രൈസ്തവരുടെമേൽ മർദ്ദനം അഴിച്ചുവിട്ടു.

മാനത്തെങ്ങും മഴക്കാറുനിറഞ്ഞു. പ്രകൃതി നിശ്ശബ്ദത പാലിച്ചു. ചരമഗിരിക്കപ്പുറം മറയുവാൻ പോകുന്ന പകലോൻ മങ്ങി. മാനത്തെ ചിന്തിക്കീറിക്കൊണ്ടു് ഒന്നുരണ്ടു മിന്നൽപ്പിണരുകൾ കടന്നുപോയി. കുറെ പടയാളികൾ മരുന്നു വാങ്ങിക്കാനെന്ന ഭാവത്തിൽ ഫാദർ ചാനലിന്റെ മുറിയിൽ കയറിച്ചെന്നു. മധുരിമ കലരുന്ന പുഞ്ചിരിപ്പൂവർഷത്താൽ അദ്ദേഹം അവർക്കു സ്വാഗതമരുളി. തങ്ങളിൽ ചിലർക്കു് എന്തോ അസുഖമാണെന്നും അതിനാൽ സ്വാമി അവർക്കു മരുന്നു കൊടുക്കണമെന്നും അവർ അപേക്ഷിച്ചു. ഫാദർ ചാനൽ ഒന്നു രണ്ടു കുപ്പികളിൽ മരുന്നു കൊണ്ടുവന്നുകൊടുത്തു. തൽക്ഷണം അവരിൽ ഒരാൾ അദ്ദേഹത്തെ ഒരു കഠാരികൊണ്ടുകുത്തി. ക്രിസ്തുവിനുവേണ്ടി ഹൃദയരക്തമൂററിക്കൊണ്ടു് അദ്ദേഹം

കുറഞ്ഞ പലിശയ്ക്കു്
പണ്ടപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിറ്റഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി,
ചാലക്കുടി, വില്ലിംഗ്ടൺ ഐലൻഡ്

നിലംപതിച്ചു. കഠിനഹൃദയരായ അവർ ഇതുകൊണ്ടും അടങ്ങിയില്ല. നീചനായ അവരുടെ നേതാവു് ഫാദർ ചാനലിന്റെ തല വെട്ടിപ്പൊളിച്ചു. അദ്ദേഹം ചരമമടഞ്ഞു.

ഒരിടി! ആ നീചപാതകത്തിനു പങ്കാളികളായ പടയാളികളുടെ മനസ്സിൽ ഒരു മിന്നൽപിണർ പാഞ്ഞു. ആ പാതകത്തിനു സ്മാരകമെന്നോണം പടയാളികൾക്കും നേതാവിനും ന്യൂറപേന്ദ്രനം ഒരു മാറാവ്യാധി പിടിപെട്ടു. കഷ്ടതയുടെ പാഴ്ക്കുണ്ടിലാണ്ടു് നിരവധി വർഷങ്ങൾ വലിഞ്ഞിഴഞ്ഞുനീങ്ങി. ഇതിനിടയിൽ ഫുത്തുണാരാജ്യം രോഗത്തിന്റെ കേളീരംഗമായി പരിണമിച്ചു വ്യാധിയും കഷ്ടതയും രാജ്യത്തുടനീളം പരന്നു. ഭയാകുലരായ ജനങ്ങൾ തങ്ങളുടെ കൂടെ വസിച്ചിരുന്ന ആ ആര്യചരിതന്റെ വധമാണ് ഈ മഹാമാരിക്കു നിദാനമെന്നറിഞ്ഞു് വാവിട്ടുകരഞ്ഞു. പശ്ചാത്താപത്തിന്റെ ചുടുകണ്ണീർ ഫുത്തുണാനിവാസികൾ ഇടവിടാതെ പൊഴിച്ചുകൊണ്ടു് ദിനരാത്രങ്ങൾ എണ്ണിവിട്ടിരുന്നു. രാജാവും പ്രജകളും ഒരുമിച്ചുകൂടി. എന്തിനു്? ദൈവസന്നിധിയിൽമാപ്പിരക്കുവാൻ; അവരുടെ ആകുലതകൾ നീക്കുന്ന ഒരു സ്വാമിയെ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ.

അവരുടെ പ്രാർത്ഥന ദൈവം ശ്രവിച്ചു. നിരവധി വർഷങ്ങൾക്കുശേഷം രണ്ടാമതൊരു വൈദികൻ ഫുത്തുണായിൽ കാലുകുത്തി. ഈ സന്തോഷവാർത്ത രാജാവിന്റെ കർണ്ണപുടത്തിൽ പതിച്ചു. ഫുത്തുണായിലെ ജനതതി ആ പ്രേഷിതന്റെ മുമ്പിൽ ആഞ്ഞണഞ്ഞു. രാജാവും ജനങ്ങളും മാപ്പിരന്നു. സത്യസഭയിലേക്കു അവരെല്ലാം ആനയിക്കപ്പെട്ടു. പകർച്ചവ്യാധികൾ പമ്പകടന്നു. ഫുത്തുണാരാജ്യത്തിലെങ്ങും ഒരു നവചൈതന്യം ഓളംവെട്ടി. ആനന്ദത്തിൽ നിമഗ്നമായ ദിനങ്ങൾ രാജാവും പ്രജകളും എണ്ണിവിട്ടു.

നിരവധി വർഷങ്ങൾക്കുശേഷം തങ്ങളുടെ പൂർവ്വികന്മാരാൽ കൊല്ലപ്പെട്ട തങ്ങളുടെ പ്രേഷിതവീരനായ ആ രക്തസാക്ഷിയുടെ വിശുദ്ധ പദത്തിലേക്കുള്ള ആരോഹണത്തെ ഫുത്തുണായിലെ കത്തോലിക്കർ സാഘോഷം കൊണ്ടാടി. ഇന്നു ഫുത്തുണാ ഒരു കത്തോലിക്കാ രാജ്യമായി പരിലസിക്കുന്നു.

(1-ാം പേജ് തുടർച്ച)

ന്ധിതരായിത്തീരുന്നതാണ്. ഗവൺമെണ്ടിന്റെ ഈവിധ നടപടികളെ ജനങ്ങൾ ശക്തിയുക്തം പ്രതിഷേധിക്കേണ്ടതാണ്. ഈ രാജ്യത്തെ എല്ലാ ജനങ്ങളുടേയും സഹകരണവും പിൻതുണയും ഇക്കാര്യത്തിലുണ്ടാകുമെന്നു് ഞങ്ങൾ ന്യായമായി പ്രതീക്ഷിക്കുകയും ചെയ്യുന്നു.

## മരിയസൈന്യത്തിന്റെ ലക്ഷ്യം

(മിസ്സ് പി. എൽ. ഏലിക്കുട്ടി ബി. ഏ. എൽ. ററി., എറണാകുളം കമിസിയം പ്രസിഡണ്ട്)

സൈന്യനാഥയുടെ ഉദ്ദേശവും ഉദ്യമവും നിറവേററുക എന്നതാണ മരിയസൈന്യത്തിന്റെ പ്രധാനവും പ്രസ്പഷ്ടവുമായ ലക്ഷ്യം. "മരിയസൈന്യം" എന്ന നാമം സാർത്ഥകമാകണമെങ്കിൽ അതു മറിയത്തിന്റെ മുദ്ര പതിഞ്ഞിട്ടുള്ളതായിരിക്കണം. ഈ മുദ്ര പതിക്കപ്പെടുവാൻ തിരുസഭയിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ജനതയ്ക്കും സാദ്ധ്യമാണ്. മറിയം ഒരു ദരിദ്രകുടുംബത്തിലെ അതിവിനീതയായ അംഗമായിരുന്നു. അവൾ സ്വമനസ്സാലെ സ്വന്തഹിതം പരിത്യജിച്ചു് പരമപിതാവിന്റെ അനുശാസനം അനുക്ഷണം സ്വീകരിച്ചു. തൽഫലമായുളവാകാവുന്ന സകലവിധ സംഭവങ്ങൾക്കും ഉത്തരവാദിത്വം വഹിക്കുന്നതിനും അവയിൽ ഭാഗഭാഗിത്വം ഏൽക്കുന്നതിനും സമ്മതമരുളി. ഈ കൃത്യം അന്നുമുതൽ പരിശുദ്ധ കന്യകാമറിയത്തിന്റെ മഹത്തായ പരിത്യാഗകർമ്മമായി പ്രഖ്യാപിതമായി. അങ്ങനെ നമ്മുടെ നാഥ അത്യുന്നതന്റെ സഹപ്രവർത്തകയായി പരിണമിച്ചു. ഈ മുദ്രയാണ് ഓരോ സൈനികനിലുംപതിയേണ്ടതു്. മരിയസൈനികനായി ഉയർത്തപ്പെടുന്നതു മറിയാംബികയുടെഹിതം, അതായതു്, ദൈവഹിതം നിറവേററുവാൻ സന്നദ്ധനായിക്കഴിയുമ്പോഴാണ്. തന്മൂലം ഒരു സൈനികൻ മറിയാംബികയുടെ പ്രത്യേകമായ ലക്ഷ്യവും അഭിലാഷവും എന്തെന്നറിവാൻ എല്ലായ്പോഴും ഉൽക്കണ്ഠാഭരിതനായിരിക്കും. നിവർത്തിക്കേണ്ട കൃത്യത്തിന്റെ വിഷമതയേയൊ അസാദ്ധ്യതയേയൊ പററി അയാൾ ചിന്തിക്കുകയില്ല. അച്ചടക്കപാലനവും അധികാരവിധേയത്വവും സൈനികന്റെ അനുപേക്ഷണീയ ലക്ഷണങ്ങളാണ്. സമരാഹ്വാനം ലഭിച്ചാലുടൻ ഒരു യഥാർത്ഥസൈനികൻ പ്രവർത്തനനിരതനായിക്കഴിയും.

സാമാന്യമായി സൈനികൻ തിരിച്ചറിയപ്പെടുന്നതു സമരത്തിനായുള്ള നിരന്തരപരിശീലനം, ആപൽഘട്ടങ്ങളെ നേരിടുവാനുള്ള സന്നദ്ധത, ആയുധപ്രയോഗത്തിലുള്ള നൈപുണ്യം, ആത്മനിയന്ത്രണം, ശത്രുവിനോടുള്ള അവികലമായ എതിർപ്പു്, വിജയലാഭത്തിലും സൈന്യനാഥയിലും ഉള്ള പരിപൂർണ്ണമായ വിശ്വാസം എന്നീ വിശേഷഗുണങ്ങളാലാണ്. തിന്മയുടെ ശക്തികളാണ് തങ്ങളുടെ ശത്രുഗണമെന്നും അവയുടെ കഠോരവും പൈശാചികവുമായ മുഷ്ടിയിൽനിന്നു ദിവ്യനാഥന്റെ പ്രതിഛായ പതിഞ്ഞിട്ടുള്ളവരായ നമ്മുടെ സഹോദരരെ, അഥവാ ദിവ്യരക്ഷകന്റെ മൗതികശരീരത്തിന്റെ അംഗങ്ങളെ സ്വതന്ത്രരാക്കുന്നതിനാണ് മരിയാസൈന്യത്തിന്റെ ശ്രമമെന്നും അനുസ്മരിക്കണം. അതുകൊണ്ടു മരിയാസൈന്യം എത്രകാലത്തെ പരിശീലനംകൊണ്ടു തയ്യാറാക്കപ്പെട്ടാലും ആത്മനിയന്ത്രണത്താൽ ശക്തി സമ്പാദിച്ചാലും, ദീർഘസമരം നടത്തേണ്ടിവന്നാലും അവയൊന്നും ലക്ഷീകരിക്കപ്പെട്ടുന്ന വിജയത്തോടു് തുലനംചെയ്യുമ്പോൾ അധികമായി തോന്നുകയില്ല.

ലൗകികവിജയത്തിനായി സമരംനടത്തുന്നവർ സാമ്രാജ്യവിസ്തൃതി, ശത്രുനിഗ്രഹം, സ്വേച്ഛാപൂർത്തി ആദിയായ പരിമിതവും ക്ഷണികവുമായ ലക്ഷ്യങ്ങളാൽ പ്രേരിതരാകുന്നു. എന്നാൽ മരിയാസൈന്യമോ ക്രിസ്തുവിന്റെ രാജ്യം വിസ്തൃതമാക്കുന്നതിനും, തിന്മയുടെ മുന്നേററത്തെ തടഞ്ഞു് അനാശാസ്യവും അധർമ്മവുമായ വ്യവസ്ഥിതിയെ മാററുന്നതിനും എല്ലാവരിലും എല്ലായിടത്തും സമാധാനത്തിന്റെയും പരസ്നേഹത്തിന്റെയും ചൈതന്യം പ്രചരിപ്പിക്കുന്നതിനും ഉത്തമമായ മാർഗ്ഗദർശിത്വം നൽകുകയാണ്.

പല കുടുംബങ്ങളിലും, ഉണ്ടായിക്കൊണ്ടിരിക്കുന്ന അശുഭദായകവും അനർത്ഥകരവുമായ സംഭവങ്ങൾക്കെതിരായുള്ള പ്രവർത്തനമാണ സൈനികൻ ഏറെറടുക്കുന്നതിൽ പ്രധാനമായ ഒന്നു്. മതാനുഷ്ഠാനത്തിൽ അലക്ഷ്യത, ദൈവസ്നേഹമില്ലായ്മ, ദൈവപ്രമാണങ്ങളുടേയും സ്വാഭാവികനിയമങ്ങളുടേയും അവഗണന, മത്സരമനോഭാവം എന്നിങ്ങനെയുള്ള വ്യാപാരങ്ങളാണ് കുടുംബങ്ങളേയും സമുദായത്തേയും ദുഷിപ്പിക്കയും അധഃപതിപ്പിക്കുകയും ചെയ്യുന്നതു്. ഓരോ മരിയസൈനികനും ഏറെറടുക്കുന്നതു് ഇവയ്ക്കെതിരായ സമരവും പ്രവർത്തനവുമാണ്. അതിന്റെ നിർവ്വഹണസാദ്ധ്യതയിലുള്ള വിശ്വാസം അവനെ കൃത്യോന്മുഖനാക്കുന്നു. താൽക്കാലികപരാജയങ്ങളോ ആശങ്കകളോ ആ ഉദ്യമത്തിൽനിന്നും അയാളെ പിൻതിരിപ്പിക്കുവാൻ ശക്തങ്ങളല്ല. അവൻ ഉപയോഗിക്കുന്ന ആയുധങ്ങളുടെ കാര്യവും അയാൾ പരിഗണിക്കുകയില്ല. വിശ്വാസത്തിന്റെ വെളിച്ചത്തിൽ ചെയ്യപ്പെടുന്ന ഇടവിടാതുള്ള പരിശ്രമത്തിനാണ അവൻ വില കല്പിക്കുന്നതു്.

സ്വന്തം ആത്മരക്ഷതന്നെ ക്ഷിപ്രസാദ്ധ്യമോ വിശ്രമലഭ്യമൊ അല്ലാതിരിക്കെ സഹോദരന്റെ ആത്മരക്ഷയെ കൈകാര്യം ചെയ്യുന്നതിനും അതിൽ വിജയിക്കുന്നതിനുമുള്ള കഴിവു് വളരെ എളുപ്പത്തിൽ ലഭിക്കുന്ന ഒന്നാണെന്നു വ്യാമോഹിച്ചുകൂടാ. ഫലസിദ്ധി പെട്ടെന്നു കൈവരുമെന്നുള്ള പ്രതീക്ഷ വെറും മൗഢ്യമായി ഭവിക്കാനിടയുണ്ടു്. വളരെക്കാലത്തെ പഴക്കംകൊണ്ടു തഴമ്പിച്ചുപോയ സഹോദരന്റെ ദുശ്ശീലങ്ങൾക്കും ദുർവ്യാപാരങ്ങൾക്കും എതിരായി ആദ്ധ്യാത്മികപോരാട്ടം നടത്തി ആത്മീയശത്രുക്കളെ നാമാവശേഷമാക്കി ആ തിന്മകൾക്കെതിരായുള്ള സൽഗുണങ്ങൾകൊണ്ടു അവനെ നിറയ്ക്കുന്നതാണ് യഥാർത്ഥമായ സമരപദ്ധതി. ശത്രുക്കളെ അടിപ്പെടുത്തുകയും, അവയുടെ ആകർഷണശക്തിയിൽ കുടുങ്ങിയിരിക്കുന്ന സഹോദരനെ വിമോചിപ്പിക്കയും ചെയ്യുന്നതിനു പുറപ്പെടുന്ന സൈനികൻ പ്രബലരായ വൈരികളോടാണ പോരാടുന്നതെന്നു ഓർത്തിരിക്കണം. തന്റെ ശ്രമം ഭാരമേറിയതാണെങ്കിൽ നേട്ടം തുല്യനിലയിൽ വിലമതിക്കേണ്ടതാണെന്നും മനസ്സിലാക്കണം. "അനശ്വരമായ ഒരാത്മാവിനു എന്തു വിലയാണ കൊടുക്കാവുന്നതു്?" അർത്ഥഗർഭമായ ഒരു ചോദ്യമാണിതു്. സൈന്യനാഥയ്ക്കായി ചെയ്യുന്ന യുദ്ധത്തിന്റെ വിജയം അടങ്ങിയിരിക്കുന്നതു്, തന്റെ ദിവ്യസുതന്റെ സാമ്രാജ്യത്തിൽ പൗരാവകാശം ലഭിക്കുവാൻ അർഹരായ വ്യക്തികളെ സമ്പാദിക്കുന്നതിലാണ്.

സമരോദ്യമം ശ്രമപൂരിതമാണ്. ഈ പ്രവർത്തനത്തിൽ സൈനികന്റെ ആയുധസംഭരണത്തിൽനിന്നു വലിയൊരു ഭാഗമോ അതു മുഴുവൻതന്നെയുമോ ഉപയോഗിക്കേണ്ടിവന്നേക്കും. പ്രേ




St. Mary's Orphanage
INSTITUTE OF ENGINEERING
FATIMANAGAR, TRICHUR
Efficient Tuition by Experienced Staff:
Plenty of Fieldwork with
all necessary Engineering Instruments
Admission begins on July 1st 1957. Limited seats only.
Apply sharp to avoid disappointment. Prospectus available.

ഷിതപ്രവർത്തനത്തിൽ പ്രദർശിപ്പിക്കേണ്ട വിനയശീലം, എതിർപ്പുകളിൽ ഉണ്ടാകേണ്ട ക്ഷമ, സഹോദരൻെറ ആദ്ധ്യാത്മികഭീരുതത്തിൽ തോന്നേണ്ട അനുകമ്പ, തോൽവിയിലും സുപ്രതീക്ഷയോടു കൂടിയുള്ള പ്രാർത്ഥനാമനോഭാവം, അവസരോചിതം പ്രയോഗിക്കേണ്ട ഉൽകൃഷ്ടവും ഏറെയസ്സുരകവുമായ പ്രബോധനങ്ങൾ ഇവകളാണു പ്രസ്തുത ഉപകരണങ്ങൾ. അവൻ ഒരിക്കലും ഏകനല്ലെന്നും ഒരു പ്രേഷിതവ്യൂഹം തൻെറ പിന്നിൽ സഹായത്തിനുണ്ടെന്നുമുള്ള വസ്തുത അവനെ സുധീരനാക്കുന്നു. സപ്രവർത്തകരിൽനിന്നും ലീജിയൻെറ ആവഹായകാംഗങ്ങളിൽനിന്നും സിദ്ധിക്കുന്ന സഹകരണത്തിൻെറയും പ്രാർത്ഥനയുടെയും ആദ്ധ്യാത്മികശക്തി, സ്വർഗ്ഗപ്പത്തി പ്രസാദവരഭണ്ഡാഗാരത്തിൽ നിന്നു ജൈസന്യനാഥയാൽ നൽകപ്പെടുന്ന ഉദാരവും മഹനീയവുമായ കൃപാവരങ്ങൾ എന്നിവയുടെ ഊർജ്ജസ്വലമായ പ്രയോഗത്താൽ ശത്രുവിൻെറ ഏതൊരു കോട്ടയേയും ദുർബ്ബലപ്പെടുത്തുവാനും അധീനമാക്കുവാനും സാധിക്കും.

കുടുംബങ്ങളിലെ സാധാരണ ചില്ലറ ദൃശ്യങ്ങളെന്നു വിചാരിച്ചുപോരുന്ന കുടുംബാംഗങ്ങളുടെ ഈർഷ്യഭാവം, പരസ്പരവിദ്വേഷം, സ്വേച്ഛാധികാരപ്രിയം, സഹഭാവനക്കുറവു്, എന്നിവ ക്രമേണ വർദ്ധിച്ചു മക്കൾ തമ്മിലും ഭാര്യാഭർത്താക്കന്മാർ തമ്മിലും കലഹങ്ങൾക്കും ഭിന്നതയ്ക്കും ഹേതുവാകാറുണ്ടു്. സഹനമനഃസ്ഥിതിയുടെ കുറവുനിമിത്തം ഹൃദയകാഠിന്യവും ദ്രോഹചിന്തയും ജനിച്ചു പ്രതികാരേച്ഛ, വൈരാഗ്യമനോഭാവം എന്നിവയും കളമൊരുക്കി കുടുംബഭദ്രത എന്നന്നേക്കുമായി നശിപ്പിച്ചുകളയുന്നു. ഇപ്രകാരം തകർന്ന കുടുംബങ്ങളും തകർന്ന ഹൃദയങ്ങളും അസംഖ്യമാണു്. ജീവിതത്തിൽ നൈരാശ്യവും ദൈവത്തിൽ അവിശ്വാസവും മതവിദ്വേഷവും അതിൻെറ അനന്തരഫലങ്ങളായി കാണപ്പെടുന്നതും അസാധാരണമല്ല.

ഈ ദുർഭഗസ്ഥിതികളും അവയുടെ ഭാവിഫലങ്ങളും കുടുംബങ്ങളിൽ ഒതുങ്ങിനിൽക്കുന്നില്ല. ഇന്നു സമുദായത്തിൽ കാണുന്ന നിരവധി ദുഷിച്ച വ്യാപാരങ്ങളും അധർമ്മനടപടികളും കുടുംബങ്ങളിൽ ബീജാവാപം ചെയ്യപ്പെട്ടവയും നിഷ്ഠാസനം ചെയ്യപ്പെടാതെ വളർന്നു ദുഷ്ഫലം പുറപ്പെടുവിക്കുവാൻ അനുവദിക്കപ്പെട്ടിട്ടു

# പരിശുദ്ധപിതാവു തിരുമനസ്സിലെ

## ഗുരുപ്പട്ടസ്വീകരണവാർഷികം പ്രമാണിച്ചു്

## എറണാകുളത്തു നടത്തപ്പെട്ട റാലി

പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ഗുരുപ്പട്ടസ്വീകരണത്തിൻെറ 40-ാം വാർഷികം പ്രമാണിച്ചു് എറണാകുളം പട്ടണവീഥിയിൽക്കൂടി ഒരു വമ്പിച്ച സൊഡാലിററി റാലി നടത്തപ്പെട്ടിരിക്കുന്നു. എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സെൻറു് സ്റ്റനിസ്ലാവോസ് മരിയൻ സൊഡാലിററിയുടേയും ലിററിൽ ഫ്ളവർ ഗേൾസ് സൊഡാലിററിയുടേയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട ഈ സൊഡാലിററി റാലിയിൽ ആലുവാ, ഇടപ്പള്ളി, ഇളംകുളം, എറണാകുളം സെൻറു് ഫ്രാൻസിസ് കത്തീഡ്രൽ, കടമക്കുടി, ഞാറക്കൽ, കോന്നുരുത്തി, ചെത്തുമാന്നൂർ, പള്ളുരുത്തി, തൃപ്പൂണിത്തുറ, വൈററില എന്നീ ഇടവകകളിലെ മരിയസഖ്യാംഗങ്ങളായ ആയിരത്തിൽപരം ബാലികാബാലന്മാർ പങ്കുകൊണ്ടിരുന്നു.

റാലിക്കു മുൻപു് സ്ഥലം സെൻറു് അഗസ്റ്റിൻസ് ഹൈസ്കൂളിൽ സമ്മേളിച്ച പൊതുയോഗത്തിൽ ഇൻഡ്യൻ മിഷനറി സൊസൈററിയുടെ സുപ്പീരിയർ ജനറൽ വെ. റവ. മോൺ. ജോസഫ് ഫെർണാണ്ടസ് അദ്ധ്യക്ഷത വഹിച്ചു. പൊതുയോഗം ആരംഭിക്കുന്നതിനു മുൻപായി വിവിധ ഭാഗങ്ങളിൽനിന്നുമുള്ള മരിയസുതർ മരിയകീർത്തനങ്ങൾ ആലപിച്ചുകൊണ്ടു് സമ്മേളനരംഗത്തേക്കു വന്നുകൊണ്ടിരുന്നു. ഉച്ചതിരിഞ്ഞു് 3-30-നു് യോഗനടപടികൾ ആരംഭിച്ചു. ഈശ്വരപ്രാർത്ഥനയ്ക്കു ശേഷം വെ. റവ. ഫാ. ഡോമിനിക്കു് കോയിക്കര അതിഥികൾക്കു സ്വാഗതമരുളി. തുടർന്നു് ശ്രവ. ഫാദർ മാത്യു മങ്കുഴിക്കരി, മിസ്സു് ആഞ്ഞി കുര്യൻ എന്നിവർ പ്രസംഗിച്ചു. ഇത്രയും മരിയസഖ്യങ്ങളെ സംബന്ധിക്കുന്ന ഒരു യോഗത്തിൽ സംബന്ധിക്കുവാൻ സാധിച്ചതു് ഒരു ഭാഗ്യമാണെന്നാണു് അദ്ധ്യക്ഷൻ ഉപസംഹാരപ്രസംഗത്തിൽ പ്രസ്താവിച്ചതു്. ആധുനികയുഗത്തിൽ മരിയസഖ്യാംഗങ്ങൾക്കുള്ള സുപ്രധാനചുമതലകളേയും അദ്ദേഹം അനുസ്മരിപ്പിക്കയുണ്ടായി. പൊതുയോഗത്തിനുശേഷം പട്ടണമദ്ധ്യത്തിലൂടെയുള്ള റാലി ആരംഭിച്ചു. മരിയസ്തുതികൾ ആലപിച്ചുകൊണ്ടും ജപമാല ചൊല്ലിക്കൊണ്ടും മന്ദംമന്ദം മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്ന റാലി എവരുടേയും ശ്രദ്ധയെ ആകർഷിക്കയുണ്ടായി. റാലി എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിൽ എത്തിച്ചേർന്നതിനുശേഷം പരിശുദ്ധ കുർബ്ബാനയുടെ വാഴ്വും നടത്തപ്പെട്ടു. തുടർന്നു് ഒരു കാപ്പിസൽക്കാരവും ഉണ്ടായിരുന്നു.


ഉള്ളവയുമാകുന്നു. ആകയാൽ മരിയസൈനികരു കുടുംബാന്തരീക്ഷത്തിൽ ബൃഹത്തായ ഒരു പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ടു്. അവൻെറ നിരന്തരമായ സേവനംവഴി അവിടെ ദൈവസ്നേഹത്തിൻെറയും പരസ്നേഹത്തിൻെറയും ചൈതന്യം ഉളവാക്കി കുടുംബാംഗങ്ങൾ അവയിൽ വളരുവാൻ സഹായിക്കണം. കത്തോലിക്കാ കുടുംബങ്ങൾ മാതൃകാകുടുംബങ്ങളാക്കിത്തീർക്കണം.

മനുഷ്യൻെറ ആന്തരികപ്രവണതകൾ ഭൗമികമായ ആഗ്രഹനിവൃത്തിയിൽ സന്തുഷ്ടിയടയുന്നില്ല. അതു ലോകോത്തരമായ ഒരു ലക്ഷ്യത്തിലേക്കു്, മരുഭൂമിയിലെ യാത്രക്കാരൻ മരുപ്പച്ചയിലേക്കെന്നവണ്ണം വ്യഗ്രതപ്പെട്ടുകൊണ്ടിരിക്കുകയാണു്. മാനവഹൃദയം സ്വാഭാവികമായിത്തന്നെ അതിൻെറ ഉത്ഭവസ്ഥാനമായ സ്രഷ്ടാവിങ്കലേക്കു കുതിച്ചുകൊണ്ടിരിക്കും. ലോകത്തിലെ കൃത്രിമങ്ങളായ സൗഭാഗ്യങ്ങളുടെ ആകർഷണത്താൽ ഈ ആത്മീയാഭിനിവേശം സ്തംഭിച്ചുപോകുകയോ വ്യതിചലിക്കപ്പെടുകയോ ചെയ്യുന്നതു ശോച്യനീയമാണു്. ഇപ്രകാരം മാർഗ്ഗഭ്രംശം വന്നവരേയും മന്ദതയിൽ നിപതിച്ചവരേയും സത്യമാർഗ്ഗത്തിലേക്കു തിരിച്ചുകൊണ്ടുവരുന്നതാണു സൈനികൻെറ കർത്തവ്യം.


സൈനികൻ സത്യമതപ്രചാരകനും കത്തോലിക്കാപ്രവർത്തകനുമായിത്തീരുന്നതു് മതതത്വങ്ങളേയും അവയുടെ സമഗ്രവ്യാഖ്യാനങ്ങളേയും, അനുഷ്ഠാനവിധികളേയും അവയുടെ അർത്ഥസൂചനകളേയും വൈദികമേലദ്ധ്യക്ഷരുടേയും വിശിഷ്യ പരിശുദ്ധമാർപ്പാപ്പാമാരുടേയും പ്രബോധനങ്ങൾവഴി ആനുകാലികമായി ഗ്രഹിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണു്. അങ്ങിനെ സംശയാലുക്കളായ കത്തോലിക്കരെ പ്രബോധനത്താലും മാതൃകയാലും വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാനും, മതം പരിത്യജിക്കുവാനിടയുള്ള ഹതഭാഗ്യരെ ചൈതന്യഭരിതരാക്കിത്തീർക്കുവാനും, കത്തോലിക്കാമതം അറിഞ്ഞിട്ടില്ലാത്ത അന്യമതസ്ഥരെ സത്യവിശ്വാസത്തിൻെറ കാതലായ അംശങ്ങളെ ഗ്രഹിപ്പിക്കുവാനും സൈനികനു കഴിവുണ്ടായിരിക്കണം.

അതുകൊണ്ടു് മരിയസൈനികർ തങ്ങളുടെ സ്വന്തം ജീവിതവിശുദ്ധിയേയും പുണ്യപൂർണ്ണതയേയും സുസ്ഥിരമാക്കുകയും സൈന്യനാഥയായ പരിശുദ്ധകന്യകാമറിയത്തിൻെറ രക്ഷാദായകമായ കൃത്യത്തിൽ പങ്കുവഹിച്ചു് സൈനികപ്രവർത്തനപദ്ധതികളിൽ ഏർപ്പെട്ടു തിരുസഭയുടെ പ്രേഷിതോദ്യമത്തെ വിജയിപ്പിക്കുവാൻ സർവ്വാത്മനാ പരിശ്രമിക്കുകയും ചെയ്യുക എന്നുള്ളതാണു് ഈ മരിയസൈന്യത്തിൻെറ ലക്ഷ്യം.

—o—



## എറണാകുളത്തെ സൊഡാലിററി റാലി



സെൻറ് ആൽബർട്ട്സ് സ്കൂളിൽനിന്നു റാലി പുറപ്പെടുന്നു



ബാലവിഭാഗങ്ങൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു



ബാലികാവിഭാഗങ്ങൾ മെത്രാപ്പോലീത്തൻപള്ളിയെ സമീപിക്കുന്നു

(12-ാംപേജു് തുടർച്ച)

അന്നു പുലരിയായപ്പോൾ ഗ്രാമവീഥിയിലൂടെ മരണമണി മുഴങ്ങി. ചാക്കോമൂപ്പൻെറ ശവവും വഹിച്ചുകൊണ്ടു് കുറെ ആളുകൾ പള്ളിയിൽ എത്തി. ശവസംസ്കാരവും നടത്തി. ശവസംസ്കാരം കഴിഞ്ഞു് ദുഃഖിതരായ ആളുകൾ മിക്കവാറും പിരിഞ്ഞു. വികാരിയച്ചനും തോമ്മാച്ചൻമുതലാളിയും ഏതോ കാര്യം പറഞ്ഞുകൊണ്ടു് പള്ളിമുററത്തു നില്പുണ്ടു്. ഈ സമയം കുഞ്ഞുമോനും മോളിയും വല്യപ്പനെ അന്വേഷിച്ചു് അവരുടെയടുത്തെത്തി കുഞ്ഞുമോൻ ചോദിച്ചു: "വല്യപ്പനെ കണ്ടോ?"

അവരുടെ കണ്ണീർത്തുള്ളികൾ നിലത്തുവീണു് അപ്പോഴും ചിതറിക്കൊണ്ടിരുന്നു.

അച്ചൻ പറഞ്ഞു: "വല്യപ്പൻ മരിച്ചുപോയി".

ഹൃദയഭേദകമായ ആ വാർത്ത കുഞ്ഞുമോനെ വാവിട്ടു കരയിപ്പിച്ചു.

അച്ചൻ പറഞ്ഞു: "ശവക്കോട്ടയിൽ അടക്കി വല്യപ്പനെ" എന്നു്.

കുഞ്ഞുമോൻ ഓടിച്ചെന്നു് വല്യപ്പൻെറ ശവകുടീരത്തിൽ കെട്ടിപ്പിടിച്ചു് ഏങ്ങിയേങ്ങി കരഞ്ഞു. തോമ്മാച്ചൻമുതലാളി കുഞ്ഞുമോൻെറ അടുത്തുചെന്നു് അവൻെറ കൈക്കുപിടിച്ചെഴുന്നേല്പിച്ചു. അച്ചൻറടുത്തെത്തി തോമ്മാച്ചൻ പറഞ്ഞു: "ഞാൻ ഇവരെ വീട്ടിലേക്കു കൊണ്ടുപോകുകയാണു്".

"തോമ്മാച്ചനു് മക്കളില്ലല്ലോതാനും."

എന്നിട്ടെന്തൊക്കെയോ അവർ തമ്മിൽ പറഞ്ഞതിനുശേഷം തോമ്മാച്ചൻ മോളിയെ തോളിൽ കയററിക്കൊണ്ടും കുഞ്ഞുമോൻെറ കൈയിൽ പിടിച്ചുകൊണ്ടും നടന്നു. വീട്ടുപടിയിൽ അവർ തമ്മിൽ അച്ചൻ നിശ്ചലനായി നിലകൊണ്ടു. അച്ചനു് സന്തോഷാധിക്യത്താൽ രോമാഞ്ചം ഉണ്ടായി.

—o—


രോഗവിവരക്കുറിപ്പ്

അയക്കേണ്ട മേൽവിലാസം:-

കണ്ണുകളുടെ വൈദ്യശാല,

(കോൽ അമ്പലം)

Assisi Sisters of Mary Immaculate



ഈ സന്ന്യാസിനീസഭയിൽ ആരോഗ്യവും ദൈവവിളിയുമുള്ളതായ VI Form ജയിച്ചതോ അതിൽ കൂടുതൽ വിദ്യാഭ്യാസമുള്ളതോ ആയ പെൺകുട്ടികളെ സ്വീകരിക്കുന്നതാണു്. കൂടുതൽ വിവരങ്ങൾ ഇവിടത്തെ സ്ഥാപനങ്ങളും കന്യകാമഠങ്ങളും സന്ദർശിച്ചോ, താഴെ കാണുന്ന വിലാസത്തിൽ എഴുതിച്ചോദിച്ചോ അറിയുക.

Sr. General, Assisi Sisters,
Green Gardens, Shertallay.

(8-ാംപേജ് തുടർച്ച)

## രക്താർപ്പണവും സ്വർഗ്ഗത്തിൽനിന്നുള്ള അടയാളവും

ഖാദി അന്നുതന്നെ നാലു ആയുധധാരികളെ വിളിച്ചു സന്യാസികളെ വധിക്കുവാനുള്ള അധികാരവുംകൊടുത്തു് അന്വേഷണത്തിനായി പറഞ്ഞയച്ചു. അവർ നഗരംമുഴുവൻ അന്വേഷിച്ചു. കണ്ടെത്തിയില്ല.

കുപിതനായ ഖാദി അടുത്തദിവസം അന്നാട്ടിലെ എല്ലാ ക്രിസ്ത്യാനികളേയും ഇരുമ്പഴികൾക്കുള്ളിലാക്കി. നിരപരാധികളായ നിരവധി ക്രൈസ്തവരെ പട്ടിണിയിട്ടിട്ടും അദ്ദേഹത്തിന്റെ കോപത്തിനു് യാതൊരു ശമനവുമുണ്ടായില്ല. ഉടൻതന്നെ തന്റെ കിങ്കരന്മാരെ കടലിനപ്പുറത്തേക്കുവിട്ടു. പകൽ മുഴുവനും തിരക്കിയിട്ടും സന്യാസികളെ കാണുവാൻ സാധിച്ചില്ല.

പതിവുപോലെ പാതിരാസമയത്തു് കഴിക്കാറുള്ള പ്രാർത്ഥന കഴിഞ്ഞേററ സന്യാസികളെ ഒരു വൃക്ഷച്ചുവട്ടിൽവച്ചു് അവർ കണ്ടുമുട്ടി. അകലെയുള്ളൊരു മൈതാനത്തേക്കു നടക്കുവാൻ അവരോടാവശ്യപ്പെട്ടു. അനുസരണയുള്ള കുട്ടികളെപ്പോലെ സന്യാസികൾ അവരെ പിന്തുടർന്നു. സന്യാസികൾ നല്ലവരാണെന്നു് അവർക്കറിയാമായിരുന്നെങ്കിലും അവർ യാഥാർത്ഥ്യം സന്യാസികളെ ഗ്രഹിപ്പിച്ചു: "നിങ്ങളെ കണ്ടെത്തിയാലുടൻ വധിക്കണമെന്നാണു് ഖാദിയും മെലിക്കും ഞങ്ങളോടാജ്ഞാപിച്ചിരിക്കുന്നതു്. നിങ്ങൾ വിശുദ്ധന്മാരാണെന്നു ഞങ്ങൾക്കറിയാവുന്നതുകൊണ്ടു് ഈ ക്രൂരകൃത്യം ചെയ്യുവാൻ മനസ്സാക്ഷി അനുവദിക്കുന്നില്ല. എന്നാൽ അവരുടെ ആജ്ഞ ലംഘിച്ചാൽ ഞങ്ങളേയും ഞങ്ങളുടെ കുടുംബക്കാരേയും അവർ നശിപ്പിക്കുകയും ചെയ്യും."

സന്യാസികളുടെ മറുപടി ഏററവും ഹൃദ്യമായിരുന്നു: "അതിനു വിരോധമില്ല. ഈ ലോകജീവിതം വെടിഞ്ഞു് അനവരതകാലം സൗഭാഗ്യം അനുഭവിക്കുവാനുള്ള അവസരം സമീപിക്കുന്നതിൽ ഞങ്ങൾ അതീവം സന്തോഷിക്കുന്നു. അതുകൊണ്ടു് നിങ്ങൾ യജമാനന്റെ കല്പന നിരസിക്കണമെന്നില്ല." മനമില്ലാമനസ്സോടെ, സ്വജീവനേയും വംശത്തേയും ഭയന്നു്, ആ കൊലപാതകം നടത്തുവാൻതന്നെ നിശ്ചയിച്ചു. ആദ്യമായി സന്യാസികളുടെ വസ്ത്രങ്ങൾ അഴിച്ചെടുത്തു.

ഇവരുടെ കൂട്ടത്തിൽ ഫാദർ പീററർ മാത്രമുണ്ടായിരുന്നില്ല. ഫാദർ തോമസ് തന്റെ കരങ്ങൾ കുരിശടയാളത്തിൽ പിടിച്ചുകൊണ്ടു് കഴുത്തു കാണിച്ചുകൊടുത്തു. ഒരാൾ വാളുകൊണ്ടു് ആ കണ്ഠം ഛേദിച്ചു. അടുത്തതായി വധിച്ചതു് ഫാദർ ജെയിംസിനെയാണു്. പിന്നീടു് ബ്രദർ ഡെമിട്രിയൂസിനേയും. അങ്ങനെ വീരാത്മാക്കളുടെ ചുടുരക്തം താനായിലെ മണൽത്തരികളുടെമേൽ ധാരധാരയായി ചൊരിഞ്ഞുകൊണ്ടിരുന്നു. ഏതാനും സെക്കണ്ടുകൾ കഴിഞ്ഞതേയുള്ളു. നേരിയ പൂനിലാവുണ്ടായിരുന്നിടത്തു് ആകെ ഇരുൾമൂടി! പെട്ടെന്നു സന്യാസികൾക്കു ചുററും പൂർണ്ണചന്ദ്രനെപ്പോലും വെല്ലുവിളിക്കുമാറുള്ള ശോഭ! ഭയാനകമായ ഇടിവെട്ടു്! പ്രകൃതിയെ പ്രക്ഷുബ്ധമാക്കിക്കൊണ്ടു് ഇടവിടാതുള്ള ഇടിമിന്നലും!

ഈ വിശുദ്ധന്മാരെ വധിച്ചതുകൊണ്ടുള്ള ദൈവകോപമാണിതെന്നു് കൊലയാളികളുറപ്പിച്ചു. ആലിലപോലെ വിറച്ചുകൊണ്ടവർ ദൈവത്തെവിളിച്ചു നിലവിളിക്കുവാൻതുടങ്ങി. ഈ സമയത്തു് സന്യാസികളെ കൊല്ലത്തിരക്കേണ്ടതിനുപകരം താനായിലിറക്കിവിട്ട പാക്കപ്പൽ സമുദ്രത്തിലേക്കാണ്ടുപോയി. പിന്നീടു് ആ കപ്പലിനെപ്പററിയോ ജോലിക്കാരെപ്പററിയോ യാതൊരു വിവരവുമുണ്ടായിട്ടില്ല. 1321 ലെ ഓശാന ഞായാറാഴ്ചയുടെ തലേവ്യാഴാഴ്ചയായിരുന്നു (ഏപ്രിൽ 9-ാംനു) ഈ സംഭവമുണ്ടായതു്.

വധിക്കപ്പെട്ട സന്യാസികളുടെ ഭാണ്ഡക്കെട്ടു് പരിശോധിക്കുവാൻ ഖാദി ആളെ പറഞ്ഞയച്ചു. അവർ അവിടെ ചെന്നപ്പോൾ ഫാദർ പീററർ എങ്ങിനേയോ സംഭവസ്ഥലത്തുണ്ടായിരുന്നു. ഭാണ്ഡക്കെട്ടുമെടുത്തു് ഫാ. പീറററിനേയും കൂട്ടിക്കൊണ്ടു് അവർ ഖാദിയുടെ മുമ്പിൽ ഹാജരായി. ഖാദി പീററരോടു് വളരെ വശീകരണനയത്തിലാണു് ആദ്യമൊക്കെ പെരുമാറിയതു്. ക്രിസ്തുമതമുപേക്ഷിച്ചു് ഇസ്ലാം മതത്തിൽ ചേർന്നാൽ ഉയർന്ന ഉദ്യോഗങ്ങൾ കൊടുക്കാമെന്നു് അദ്ദേഹത്തോടു് പലവുരു പറഞ്ഞുനോക്കി. പക്ഷെ തന്റെ ഉപദേശങ്ങളും അഭിലാഷങ്ങളുമെല്ലാം നിഷ്ഫലമാണെന്നറിഞ്ഞ ഖാദി ഫാദറിനെ പല വിധേനയും ഉപദ്രവിക്കുവാൻ തുടങ്ങി. അതിനിടയ്ക്കുപോലും വലിയ സ്ഥാനമാനങ്ങൾ വാഗ്ദാനം ചെയ്തിരുന്നു. ഫാദർ പീററർ ആ ക്ഷണികമായ ആനുകൂല്യങ്ങൾക്കെല്ലാംവിസമ്മതനായിരുന്നു. സത്യമായ ക്രിസ്തുമതമുപേക്ഷിച്ചു നശ്വരസൗഭാഗ്യങ്ങൾ താനാഗ്രഹിക്കുന്നില്ലെന്നു് വീണ്ടും വീണ്ടും പറയുന്നതുകേട്ടു് ആ പ്രതികാരസർപ്പം ഫണമുയർത്തിനിന്നു. എന്നാൽ ആ പൈശാചിക നാഗത്തിന്റെ തല തകർക്കുവാനുള്ള കഴിവു്, സത്യവിശ്വാസത്തിന്റെ സഹനാഗ്നിചൂളയിൽ നീററിയെടുത്ത ഒരു ഹൃദയത്തിനുണ്ടെന്നു് അയാൾക്കറിയാമായിരുന്നില്ല!

ഒടുവിൽ ഖാദിയും പാർട്ടിയും ഫാദറിനെ ഒരു വലിയ മരത്തിന്റെ അരികിലേക്കു് കൊണ്ടുപോയി. അദ്ദേഹത്തിന്റെ കഴുത്തിൽ നല്ല ഉറപ്പുള്ള കയറുകെട്ടി ആ വൃക്ഷശാഖയിൽ തൂക്കിയിട്ടു; അവിടെ കിടന്നു് പിടഞ്ഞുമരിക്കട്ടെയെന്നുകരുതി.

നേരം സന്ധ്യയാകുന്നതിനുമുമ്പു് ആ "ശവശരീരം" കാണുവാൻ ഖാദി പുറപ്പെട്ടു

സൂക്ഷിച്ചുനോക്കി എന്തു്?... ആ കൺപോളകൾ ചലിക്കുന്നു ...ഹൃദയമിടിപ്പുകൾ വ്യക്തമായി കേൾക്കുന്നു.....ആ ശരീരം അനങ്ങുന്നു...അതെ അദ്ദേഹം മരിച്ചിട്ടുണ്ടായിരുന്നില്ല. ഫാ. പീററർ സുഖമായങ്ങനെ കയറിന്മേൽ തൂങ്ങിക്കിടക്കുകയായിരുന്നു...

അയാളിൽ അത്ഭുതവും അതോടൊപ്പം അതിരുകവിഞ്ഞ അരിശവും നാമ്പെടുത്തു. കോപാഗ്നി ആളിക്കത്തിയെരിയുകയായിരുന്നു. ആ അഗ്നിച്ചൂളയിൽനിന്നു വീണ്ടും ഒരാജ്ഞയുയർന്നു. അതു് അദ്ദേഹത്തെ ഉടൻ വെട്ടിനുറുക്കുവാനായിരുന്നു, ആ ആത്മാവു് പിരിയുന്നതു കണ്ടാനന്ദിക്കുവാൻ വേണ്ടി, ആ രക്തധാര കണ്ടാഹ്ളാദിക്കുവാൻവേണ്ടി. ആ ഭയങ്കരകൃത്യവും അവിടെ നടന്നു. അവസാനത്തുള്ളിരക്തംവരെ ചിന്തിക്കൊണ്ടു് ഫാ. പീററർ നാകലോകത്തിലേക്കു് ഒരു മാടപ്പിറാവിനെപ്പോലെ പറന്നുപോയി. അന്നു് 1321 ഏപ്രിൽ 11-ാംനു യായിരുന്നു. ഈ പ്രേഷിതവീരന്മാരെ വേദസാക്ഷികളായി തിരുസ്സഭ പ്രഖ്യാപനം ചെയ്തതു് 1914 ഒക്ടോബർ 24-ാംനു യാണു്."

(അവലംബം- ദി കാത്തലിക് ട്രൂത്ത് സൊസൈററി പ്രസിദ്ധീകരിച്ചിരിക്കുന്ന "Martyrs of Thana" എന്ന ഇംഗ്ലീഷു പുസ്തകം)

—o—

## ഇടവകവാർത്തകൾ

**തെ. പറവൂർ:** സ്ഥലത്തെ സെൻറ് ജോൺ കാത്തലിക്ക് ദേവാലയത്തിൽ സ്ഥാപിതമായിരിക്കുന്ന അമലോത്ഭവ മരിയൻ സൊഡാലിററിയുടെ 21-ാമതു വാർഷികം മേയ് 19-ാംനു ഞായറാഴ്ച സ്ഥലം ലിററിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിൽസ്കൂൾ ഹാളിൽവച്ചു് റവ: ഫാദർ ആബേൽ ടി ഒ സി ഡി (പെരിയപ്പുറം) അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. റവ. ബ്രദർ ജോസഫ് തച്ചിൽ, കുമാരി കുഞ്ഞാളിച്ചി മാമ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾ സമ്മേളനത്തെ മോടിപിടിപ്പിച്ചു. യോഗാനന്തരം പെൺകുട്ടികൾ "തൊറിയാരണ നിങ്ങന്നു" എന്ന ലഘുപ്രഹസനവും ആൺകുട്ടികൾ "ഞാനും വരുന്നു" എന്ന ഗദ്യനാടകവും തന്മയത്വത്തോടുകൂടി അഭിനയിക്കുകയുണ്ടായി.

കേരള വിദ്യാഭ്യാസമന്ത്രിയുടെ പുതിയ വിപ്ലവകരമായ വിദ്യാഭ്യാസ പരിഷ്ക്കാരത്തെ പ്രതിഷേധിക്കുന്നതിനായി നാനാജാതി മതസ്ഥരുടെ അഭ്യർത്ഥനയനുസരിച്ചു് ഒരു പൗരയോഗം ജൂൺ 2-ാം തീയതി ഞായറാഴ്ച വൈകുന്നേരം നാലുമണിക്കു് തെ. പാവൂർ പള്ളിമൈതാനത്തു വച്ചുകൂടി പ്രതിഷേധപ്രമേയങ്ങൾ പാസാക്കി അധികൃതസ്ഥാനങ്ങളിൽ അയച്ചുകൊടുത്തിരിക്കുന്നു

**കോട്ടപ്പടി:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ രണ്ടാമതു വാർഷികം മെയ് 26-ാം തീയതി റവ. ഫാദർ ആൻറണി നെടുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ സമംഗളം നടന്നിരിക്കുന്നു. അദ്ധ്യക്ഷപ്രസംഗത്തിനുശേഷം റവ. ബ്രദർ സെബാസ്റ്റ്യൻ, ബ്രദർ പിട്ടാപ്പിള്ളി, കെ പി ചാക്കോ, സി വി അന്നക്കുട്ടി എന്നിവർ പ്രസംഗിച്ചു. ഇടക്കിടെ കുട്ടികളുടെ വിവിധ കലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

**തെ. ചിറ്റൂർ** ഈ പള്ളി ഇടവക കരളതാ ശ്രീ തോമൻ അവർകളുടെ മകൻ ജോസഫും ആലുവാപള്ളി ഇടവക പുളിക്കപ്പറമ്പിൽ ശ്രീ വർഗ്ഗീസ് അവർകളുടെ മകൾ ലൂസിയും തമ്മിലുള്ള വിവാഹം ചിററൂർ ഹോളി ഫാമിലി പള്ളിയിൽവച്ചു മേയ് 29-ാം തീയതി ബുധനാഴ്ച സമംഗളം നടന്നിരിക്കുന്നു.

**കല്ലാനിക്കൽ:** സ്ഥലത്തെ മരിയൻ സൊഡാലിററിയുടെ 11-ാമതു് വാർഷികം മേയ് 26-ാംനു കല്ലാനിക്കൽ എം പി സ്കൂളിൽവച്ചു് റവ. ഫാ. സ്റ്റനിസ്ലാവോസ് നെടുംപുറം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. മെ. ടി പി ജോൺ ബി എസ്‌സി, ടി എം ജോസഫ് എം എ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം "ഞാനും വരുന്നു" എന്ന സംഗീതനാടകം അഭിനയിക്കപ്പെട്ടു. തുടർന്നു് എ ഡി സെബാസ്റ്റ്യൻ അവർകൾ അസ്സീസിയിലെ ഗായകൻ എന്ന കഥാപ്രസംഗവും നടത്തി.

**അഹമ്മദ്ബാദ്:** സ്ഥലത്തെ കേരള കത്തോലിക്കാ അസോസിയേഷന്റെ മൂന്നാം വാർഷികസമ്മേളനം മേയ് 26-ാംനു ഞായറാഴ്ച രാവിലെ 9 മണിക്കു് സെൻറ് സേവിയേഴ്സ് ഹൈസ്കൂൾഹാളിൽവെച്ചു് വെരി റവ ഫാ. ആർ. ഡിസൂസാ ലോറൻസ് എസ്. ജെ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. ഉപക്രമത്തിൽ കേരളകത്തോലിക്കാ അസോസിയേഷന്റെ പ്രവർത്തനത്തെപ്പററിയും സംഘടനയുടെ വളർച്ചയ്ക്കു് ചെയ്യേണ്ടുന്ന കാര്യങ്ങളെപ്പററിയും അദ്ധ്യക്ഷൻ സംസാരിച്ചു. കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു് പാസ്സാക്കിയതിനെ തുടർന്നു് അഹമ്മദ്ബാദ് ഗുജറാത്തു് യൂണിവേഴ്സിററി വിദ്യാർത്ഥിയായ ശ്രീമാൻ കെ കെ സിറിയക്കു് പ്രസംഗിച്ചു. അടുത്തകൊല്ലത്തേക്കുള്ള പ്രവർത്തകസമിതിയെ തിരഞ്ഞെടുക്കുകയായിരുന്നു അടുത്ത പരിപാടി

**അരിമ്പൂർ:** ഈ പള്ളിവികാരി റവ ഫാദർ പി തോമസ് കാളാശ്ശേരി അവർകളുടെ പൗരോഹിത്യരജതജൂബിലിപ്രമാണിച്ചു കുട്ടികൾക്കും വലിയവർക്കും ഓരോ പൊതുധ്യാനവും 23-ാംനു എ പെ പെ ബ: മെത്രാൻ ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സിലെ പൊന്തിഫിക്കൽകുർബാനയും 500 ഓളം കുട്ടികൾക്കു് മുമ്പിലത്തെ ഒപ്രുശുമയുമുണ്ടായിരുന്നു. അനന്തരം മെത്രാൻതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പൊതുയോഗവും നടത്തപ്പെട്ടു. ജൂബിലേറിയന്റെ വിവിധതരത്തിലുള്ള പ്രവർത്തനത്തെ വിവരിച്ചുകൊണ്ടു് റൈററ് റവ മോൺ: സെബാസ്റ്റ്യൻ ചിറയത്തു് ജെ യു ഡി അവർകൾ പ്രസംഗിച്ചു ഒരു ഗ്രൂപ്പുഫോട്ടോയും എടുത്തു.

**കോട്ടപ്പടി:** കോട്ടപ്പടിപള്ളിയിലെ വർഷാന്ത്യപൊതുധ്യാനം മേയ് 22, 23, 24 എന്നീ തീയതികളിൽ നടന്നു. റവ ഫാദർ ജോസഫ് വടക്കനായിരുന്നു ധ്യാനഗുരു. അവസാനദിവസം 13 മണിക്കൂർ ആരാധനയുമുണ്ടായി.

**പാലയൂർ:** പാലയൂർ ഫൊറോനാപ്പള്ളിയിലെ വർഷാന്ത്യധ്യാനം മേയ് 21, 22, 23 എന്നീ തീയതികളിൽ നടന്നു. റവ ഫാദർ ജോൺ ചെറുനിലമായിരുന്നു ധ്യാനഗുരു. അവസാനദിവസം 13 മണിക്കൂർ ആരാധനയുണ്ടായിരുന്നു.

**മമ്മിയൂർ:** മമ്മിയൂർമാംകപ്പേളയിൽ പരി: മാതാവിന്റെ വണക്കമാസത്തിരുനാൾ മേയ് 26-ാം തീയതി ഞായറാഴ്ച അത്യധികം ആഘോഷങ്ങളോടുകൂടി കൊണ്ടാടിയിരിക്കുന്നു.

**കല്ലൂർ:** ഈ പള്ളിയിടവക പുതിയകുന്നേൽ ശ്രീ മത്തായിയുടെ മകൻ ആൻഡ്രൂസ് ബി കോം അവർകളും ആരക്കുഴ തോട്ടക്കാട്ടു് ശ്രീ വക്കി മകൾ കൊച്ചുത്രേസ്യായും തമ്മിലുള്ള വിവാഹം മേയ് 20-ാംനു കല്ലൂർ പള്ളിയിൽവച്ചു സാഘോഷം നടത്തപ്പെട്ടു. റവ ഫാദർ തോമസ് പുതിയകുന്നേൽ അവർകളാണു് പ്രസ്തുത വിവാഹകർമ്മം ആശീർവ്വദിച്ചതു്.

**കൊട്ടേക്കാട്:** ലൂർദ്ദിലെ അത്ഭുതദർശനത്തിന്റെ ശതവാർഷികം കൊട്ടേക്കാട്പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു. ഉച്ചതിരിഞ്ഞു് അഞ്ചുമണിക്കു് പൊതുയോഗവും ബാലികാബാലന്മാരുടെ കലാപ്രകടനങ്ങളുമുണ്ടായിരുന്നു.

**മൂഴൂർ:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന മിഷൻലീഗ്, വിൻസെൻറ് ഡി പോൾ, മരിയസഖ്യം എന്നീ ഭക്തസംഘടനകളുടെ സംയുക്തവാർഷികം മേയ് 19-ാംനു ഞായറാഴ്ച 2 മണിക്കു് മൂഴൂർ സെൻറ് മേരീസ് സ്കൂൾഹാളിൽവച്ചു നടന്നിരിക്കുന്നു. തദവസരത്തിൽ റവ ഫാദർ ജോസഫ് മണ്ണനാൽ ബി എ ബി ടി ആദ്ധ്യക്ഷംവഹിക്കുകയും മി ടി എം ജോസഫ് ബി എ ബി എൽ, മി എൻ ടി അബ്രാഹം എന്നിവർ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. കുട്ടികളുടെ പ്രഹസനം, കോമിക്ക്, ഡാൻസ് തുടങ്ങിയ കലാപരിപാടികളോടുകൂടി അഞ്ചുമണിക്കു് യോഗം സമംഗളം പര്യവസാനിച്ചു.

—o—

## ചരമവാർത്തകൾ

**എറണാകുളം:** സ്ഥലത്തെ ഒരു പുരാതന കുടുംബാംഗവും ഇന്ത്യൻ ബാങ്ക്, കൊച്ചി ബ്രാഞ്ചിലെ ക്ലാർക്കുമായ ശ്രീ ടി ടി വർഗ്ഗീസ്, തുറവുങ്കൽ ഹൃദ്രോഗംമൂലം മേയ് 31-ാംനു ഉച്ചയ്ക്കു നിര്യാതനായിരിക്കുന്നു. മരിക്കുമ്പോൾ 50 വയസ്സു പ്രായമുണ്ടു്. ശവസംസ്കാരം പിറേറദിവസം കാലത്തു് 11 മണിക്കു് എറണാകുളം മെത്രാപ്പോലീത്തൻപള്ളി സിമററിയിൽവച്ചു നടത്തപ്പെട്ടു.

**തമ്മനം:** പാലാതുരുത്തിൽ വർഗ്ഗീസ് ജോസഫ് (ബാബു) മേയ് 29-ാംനു 9-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം റവ. ഫാദർ ജോസഫ് തായങ്കേരി അവർകളുടെ പ്രധാന കാർമ്മികത്വത്തിലും റവ. ഫാദർ അഗസ്റ്റിൻ കുററിക്കൽ അവർകളുടെ സഹകാർമ്മികത്വത്തിലും വമ്പിച്ച ഒരു ജനസമൂഹത്തിന്റെ സഹകരണത്തിലും വൈററിലപള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

**എൽത്തുരുത്ത്.** റവ. ഫാദർ സിൽവസ്റ്റ്രോസ് ടി ഒ സി ഡി അവർകൾ കഴിഞ്ഞ ഏപ്രിൽ 23-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. മരിക്കുമ്പോൾ പരേതനു 77 വയസ്സു പ്രായമുണ്ടായിരുന്നു. നാലു കൊല്ലത്തോളം അദ്ദേഹം രോഗശയ്യയിൽ കഴിച്ചുകൂട്ടി. പരേതൻ മുത്തോലി, അമ്പഴക്കാട്ട്, പാവറട്ടി മുതലായ കൊവേന്തകളിലെ പ്രിയോരായും, 11 വർഷത്തോളം ആലോചനാസഭയിലെ അംഗമായും, 4 വർഷം പ്രിയോർ ജനറാളായും മററും കർമ്മലീത്താസഭയെ സേവിച്ചിട്ടുണ്ടു്. വിവിധ ഭാഷാപാണ്ഡിത്യത്തിലും ദൈവശാസ്ത്രജ്ഞാനത്തിലും അദ്ദേഹം മികച്ചുനിന്നിരുന്നു.

**വടകര:** ഈ പള്ളിയിടവക കുന്നത്തു് ബ. ജോണച്ചന്റെ മാതാവു് കുഞ്ഞൻ ഏലി 68-ാമത്തെ വയസ്സിൽ മേയ്മാസം 27-ാംനു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പല ബ. വൈദികരുടെ സഹകരണത്തിലും ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**ആലപ്പുഴ:** ആലപ്പുഴ ബാറിലെ ഒരു പ്രമുഖ അഭിഭാഷകനായിരുന്ന വക്കീൽ ഏ ചെറിയാൻ വക്കി അവർകൾ മേയ് 15-ാം തീയതി സ്വദേശമായ എടത്വായിൽവച്ചു 65-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. തന്റെ സഹോദരിപുത്രനായ ഫാദർ മാവുരൂസ് ടി ഒ സി ഡി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ പിറേറദിവസം എടത്വാ സെൻറ് ജോർജ്ജ് ദേവാലയംവക സിമിത്തേരിയിൽ ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ മൃതശരീരം സംസ്കരിക്കപ്പെട്ടു.

**തെ. പാവൂർ:** ഈ ഇടവക മലമേൽ പുലക്കാവിൽ ഉലഹന്നൻ ചാക്കോ (കാക്കമ്മ) 79-ാമത്തെ വയസ്സിൽ മേയ് 31-ാംനു വെള്ളിയാഴ്ച രാത്രി 12 മണിക്കു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം ശനിയാഴ്ച 4 മണിക്കു് തെ. പാവൂർ കത്തോലിക്കാപള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 JUNE 5 || No. 41.


## ആഫ്രിക്കായ്ക്കുവേണ്ടി മാർപ്പാപ്പായുടെ ആഹ്വാനം

ഒരു കാലത്തു വിജ്ഞാനത്തിന്റേയും സംസ്കാരത്തിന്റേയും കേന്ദ്രമായി പരിലസിച്ചിരുന്ന ആഫ്രിക്കൻ രാജ്യങ്ങൾ ക്രമേണ അധഃപതിച്ച് പരിഷ്കൃതലോകത്തിന്റെ അണികളിൽനിന്നും പുറംതള്ളപ്പെട്ട സ്ഥിതിയിലാണല്ലോ ഇപ്പോൾ കഴിയുന്നതു്. എന്നാൽ അടുത്തകാലത്തു അവിടെ ഒരു നവോത്ഥാനത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ടു്. ഈ അവസരത്തെ വിനിയോഗിച്ചു് അവരവരുടെ ആദർശലക്ഷ്യങ്ങൾക്കൊത്തവണ്ണം ആ മഹാജനവിഭാഗത്തെ സ്വാധീനിച്ചു നിയന്ത്രിക്കുന്നതിനു വിവിധഗ്രൂപ്പുകളും അവരുടെ ഇടയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണു്. ഈ സ്ഥിതിവിശേഷത്തെ മുമ്പിൽ വച്ചുകൊണ്ടു് ആ രാജ്യത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിൽ ലോകത്തുള്ള എല്ലാ കത്തോലിക്കരും സഹകരിക്കണമെന്നാണു് തിരുമനസ്സുകൊണ്ടു ചാക്രികലേഖനത്തിൽ ഉൽബോധിപ്പിച്ചിരിക്കുന്നതു്. ആഫ്രിക്കയിൽ കുറേക്കാലമായി കത്തോലിക്കാസഭ ഊർജ്ജിതമായ മിഷനറി പ്രവർത്തനം നടത്തിപ്പോരുന്നുണ്ടു്.

രണ്ടര കോടിയോളം കത്തോലിക്കരുണ്ടവിടെ. അവർക്കു സ്വന്തമായി ഹൈരാർക്കിയും മെത്രാന്മാരുമുണ്ടു്. അങ്ങിനെ ആഫ്രിക്കയിലെ കത്തോലിക്കാസഭ അഭ്യസൂയാവഹമായ വിധം പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. ഈ സ്ഥിതിവിശേഷത്തെ ആധാരമാക്കി പരിശുദ്ധ മാർപ്പാപ്പാ അവിടുത്തെ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളതിപ്രകാരമാണു്:- "ആഫ്രിക്കാ ഇപ്പോൾ അതിന്റെ സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ പൂർണ്ണമായ വികസനത്തിൽ പുരോഗമിക്കുകയാണു്. ഈ പരിവർത്തനത്തിന്റെ വേഗത ഏതു തുറയിലും പ്രത്യക്ഷമായി കാണാവുന്നതത്രെ. യഥാർത്ഥമായ പുരോഗതിയെ പ്രാപിക്കുന്നതിനു സഹായകമായ അതിന്റെ പരിശ്രമങ്ങളെ അങ്ങേയററം വിലമതിക്കുന്നതോടൊപ്പം, ഈ മഹാഭൂഖണ്ഡത്തെ ഭീഷണിപ്പെടുത്തുന്ന പ്രമുഖങ്ങളായ ചില വിപത്തുകളെ തിരുസഭയ്ക്കു നിശിതമായി വിമർശിക്കാതെയും തരമില്ല. ഒന്നാമതായി, വിവിധജനപദങ്ങളുമായുള്ള സൃഷ്ടിപരമായ സഹകരണത്തിൽ ആശ്രയിക്കുന്നതിനു പകരം ദേശീയബോധത്തിന്റെ അയഥാർത്ഥങ്ങളായ ചില ആശയങ്ങൾക്കടിപ്പെടുവാനുള്ള ഒരു പ്രലോഭനം അവിടെ ദൃശ്യമാകുന്നു......ആഫ്രിക്കൻ രാജ്യങ്ങളിൽ പലേടത്തും നിർഭാഗ്യകരമായ വിധത്തിൽ നിരീശ്വരപരമായ ഭൗതികതാവാദം അതിന്റെ ഭിന്നതാപ്രവണതകളെ പ്രചരിപ്പിച്ചിട്ടുണ്ടു് എന്നു നാം മനസ്സിലാക്കുന്നു. അതു് അവരുടെ വികാരാവേശങ്ങളെ ത്വരിപ്പിക്കുകയും, വർഗ്ഗങ്ങളേയും ജാതികളേയും പരസ്പരം മത്സരിപ്പിക്കുകയും, അയഞ്ഞ ചില വിവാഹമാർഗ്ഗങ്ങളിലൂടെയോ പ്ര[illegible]വാശയം ഹൃദയത്തിൽ കുത്തിവച്ചോ ആളുകളെ അധഃപതിപ്പിക്കുന്ന രീതിയിൽ വിഷമസന്ധികളെ മൂഷണം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നു ആ ഭൂഖണ്ഡത്തിൽ ദൈവവിരുദ്ധശക്തികൾ അവരുടെ വഞ്ചനാപൂർണ്ണവും അക്രമപ്രസക്തവുമായ പരിശ്രമങ്ങളെല്ലാം പ്രയോഗിക്കുകയാണു്.

"മാനവജീവിതത്തെ സംബന്ധിച്ച വിവിധമതങ്ങളുടെ ആശയഗതിയാണു് വേറൊരപകടം. അവ മനുഷ്യരെ ഏകരക്ഷാമാർഗ്ഗമായ ക്രിസ്തുവിൽ നിന്നകററുകയും അങ്ങേപ്പക്കലേക്കു തിരിയാതിരിക്കത്തക്കവണ്ണം ആ നിലയിൽ അവരെ ഉറപ്പിക്കുകയും ചെയ്യുന്നു...സുവിശേഷം പ്രസംഗിച്ചതുകൊണ്ടുമാത്രം പോരാ. ആ രാജ്യം കടന്നുപോയിക്കൊണ്ടിരിക്കുന്ന സാമൂഹികവും രാഷ്ട്രീയവുമായ ഈ വിഷമസന്ധിയിൽ, ക്രിസ്ത്യാനികളുടെ പ്രത്യേകം പരിശീലിപ്പിക്കപ്പെട്ട ഒരു സംഘരൂപവൽക്കരണമാണു് ഏററം അടിയന്തിരാവശ്യമായിരിക്കുന്നതു്. പുതിയ പുതിയ പദ്ധതികൾക്കായി വെമ്പൽകൊള്ളുകയും, സാങ്കേതിക പുരോഗതിയുടെ വഞ്ചനാത്മകമായ പ്രലോഭനങ്ങൾക്കു ഏതാനും പേർ വിധേയരാവുകയും ചെയ്യുമ്പോൾ, തിരുസഭയ്ക്കു് ക്രിസ്തീയ സാമൂഹിക വ്യവസ്ഥിതിയുടെ മൂലതത്വങ്ങളെയും സിദ്ധാന്തത്തിലും പ്രായോഗികജീവിതത്തിലും അതുപ്രയോഗിക്കുന്ന ഈടുററ സമ്പാദ്യങ്ങളേയും ഏററവും വിശദമായും വിസ്തരിച്ചും അവരെ കാണിച്ചുകൊടുക്കേണ്ട കർത്തവ്യമുണ്ടു്. അതിൽ അലസതഭാവിക്കുന്നതു വിപൽക്കരമായിരിക്കും. പാശ്ചാത്യരാജ്യങ്ങൾ അനേകദശകാലസന്ധികൾ കൊണ്ടു പ്രാപിച്ചതായ പരിവർത്തനം ആഫ്രിക്കക്കാർ ഏതാനും ചുരുങ്ങിയ കാലംകൊണ്ടു സാധിക്കുവാൻ പോവുകയാണു്. പക്ഷെ ശാസ്ത്രീയവും സാങ്കേതികവുമായ ഇന്നത്തെ പഠനങ്ങളും അവരെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഭൗതികതാവാദങ്ങളും അവരെ ഒരു നിശ്ചിതാവസ്ഥയിൽ നിർത്തിയിരിക്കുകയാണു്."

ഈ പരിതസ്ഥിതികളെ ഏററവും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ആഫ്രിക്കാ ഭൂഖണ്ഡത്തെ ഒരു കത്തോലിക്കാ രാജ്യമാക്കി തീർക്കുന്നതിനും പരിശുദ്ധപിതാവു ഏതാനും പ്രവർത്തനമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ടു്. 1. സ്കൂളുകളിലും ഇടവകകളിലും ദൈവവിളികൾ വർദ്ധിക്കുന്നതിനു സഹായകമായ അന്തരീക്ഷം സൃഷ്ടിക്കുക; കത്തോലിക്കാ പ്രവർത്തനം ശക്തിപ്പെടുത്തുക; ജീവകാരുണ്യപരമായ സംഘടനകൾ ഏർപ്പെടുത്തുക. 2. മെത്രാന്മാർ അവരവരുടെ രൂപതകളിൽ ആവശ്യത്തിനുമാത്രം വൈദികരില്ലെങ്കിലും മിഷനറി വൈദികരെ അയക്കുന്നതിൽ ഭയം കാണിക്കരുതു്. ഈ ഉദ്ദേശപ്രശ്നങ്ങളെപ്പററി അവർ കൂടിയാലോചിച്ചു വേണ്ട പ്രതിവിധികൾ കണ്ടുപിടിക്കണം. 3. വിദൂരദേശങ്ങളിൽ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന യുവാക്കന്മാരായ ആഫ്രിക്കാക്കാർക്കും ഏഷ്യാക്കാർക്കും വേണ്ട എല്ലാ ആദ്ധ്യാത്മികസഹായങ്ങളും ചെയ്തുകൊടുക്കണം. 4 ആധുനികരീതികളിൽ പ്രവർത്തനപരിശീലനം ലഭിച്ചിട്ടുള്ള വൈദികർ ഏതാനും കൊല്ലത്തേക്കെങ്കിലും ആഫ്രിക്കായിൽ പോയി അവിടത്തെ മെത്രാന്മാരെ സഹായിച്ചു ജോലി ചെയ്യുന്നതിനു അനുവദിക്കപ്പെടണം. 5. ദേശീയമോ അന്തർദേശീയമോ ആയ അത്മായ സംഘടനാംഗങ്ങൾ ആഫ്രിക്കയിലെ ശൈശവസഭാവിഭാഗങ്ങളെ സഹായിക്കണം. ഇങ്ങനെ പല വിധത്തിൽ ലോകത്തെവിടെയുമുള്ള കത്തോലിക്കരും അവരുടെ സംഘടനകളും ആഫ്രിക്കൻ മഹാഭൂഖണ്ഡത്തിന്റെ കാര്യത്തിൽ ദത്താവധാനരായി പ്രവർത്തിക്കണമെന്നു പരിശുദ്ധ പിതാവു സുദീർഘമായ ആ ചാക്രികലേഖനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു. എല്ലാ കത്തോലിക്കരുടേയും സത്വരശ്രദ്ധ ഇതിൽ പതിയുമെന്നു പ്രതീക്ഷിക്കുന്നു.

### പ്രസാധകക്കുറിപ്പുകൾ

## വിയററ്നാം പ്രസിഡണ്ടിന്റെ

### കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രഖ്യാപനം

ദക്ഷിണവിയററ്നാം പ്രസിഡണ്ടു് ന്ഗോ ഡീൻഡെയിം ഈയിടെ അമേരിക്ക സന്ദർശിക്കുകയുണ്ടായി. വാഷിംഗ്ടൺ നാഷനൽ വിമാനത്താവളത്തിൽവച്ചു പ്രസിഡൻറു ഐസനോവർ അദ്ദേഹത്തെ ആഘോഷമായി സ്വീകരിക്കുകയും ഹൃദ്യമായ സ്വാഗതമരുളുകയും ചെയ്തു. "നിങ്ങളുടെ ഭൂഖണ്ഡത്തിൽ ഏററവും ഉയർന്നതരത്തിലുള്ള ഒരു രാജ്യസ്നേഹമാണു നിങ്ങൾ മാതൃകാപരമായി പ്രകടമാക്കിയതു്" എന്നായിരുന്നു പ്രസിഡണ്ടു് അദ്ദേഹത്തെ അഭിനന്ദിച്ചതു്. മി. ഡെയിം 1951 മുതൽ 1953 വരെ യുണൈറഡ് സ്റ്റേററ്സിൽ അഭയം തേടിയിട്ടുണ്ടു്. ഈ പഴയ പരിചയം സ്വീകരണചടങ്ങുകൾക്കു മാററുകൂട്ടി. അന്താരാഷ്ട്രീയ വിമോചനക്കമ്മററിയുടേയും വിയററ്നാമിന്റെ അമേരിക്കൻ സുഹൃത്തുക്കളുടേയും വകയായി നടത്തപ്പെട്ടതും 500-ൽപരം പ്രശസ്താതിഥികൾ സംബന്ധിച്ചിരുന്നതുമായ ഒരു ഡിന്നറിൽ പ്രസിഡൻറു ഡീൻഡെയിം പ്രസംഗിച്ചതിപ്രകാരമാണു്:- കഴിഞ്ഞ ഒരു ദശവർഷക്കാലം അമേരിക്കയുടെ ധാർമ്മികവും സാമ്പത്തികവുമായ സഹായമാണു് കമ്മ്യൂണിസത്തിനെതിരായി ഉറച്ചുനില്ക്കുവാൻ എന്റെ രാജ്യത്തെ ശക്തമാക്കിയിട്ടുള്ളതു്. എന്റെ ജനങ്ങൾ യുദ്ധത്തെ വെറുക്കുന്നു; എന്നാൽ അടിമത്തത്തേയും അവർ വെറുക്കുന്നു. ഞങ്ങളെ ആക്രമിച്ചാൽ ഞങ്ങൾ വീണ്ടും യുദ്ധംചെയ്യും. നിങ്ങളുടെ സൗമനസ്യവും നിങ്ങളുടെ പിന്തുണയും നന്നായി പൊരുതുന്നതിനു ഞങ്ങൾക്കു സഹായകമായിരിക്കും; അതു വിജയത്തിൽ കലാശിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നു. വിയററ്നാമിനു മാത്രംവേണ്ടിയുള്ള ഒരു സമരമായിരിക്കുകയില്ല അതു്. എങ്ങിനെയും, ഞങ്ങളുടെ പ്രാർത്ഥനപോലെ, ഏതാദൃശമായ ഒരു സംഘട്ടനം ഉണ്ടാകുന്നില്ലെങ്കിൽ, ശത്രുപക്ഷത്തെ ഭീതിപ്പെടുത്തുന്നതു് ഞങ്ങളുടെ ദൃഢവ്രതവും കൈക്കരുത്തുമാണെന്നു തീർച്ചയാണു്. ഭാവി എന്തുതന്നെ ആയിരുന്നാലും സ്വതന്ത്രലോകത്തോടുള്ള ഞങ്ങളുടെ കടപ്പാടിൽ വ്യത്യസ്തമനോഭാവം ഞങ്ങൾക്കുണ്ടാകുന്നതല്ല.

വിയററ്നാമിനെ വെട്ടിമുറിച്ചു ഉത്തരമേഖലയും ദക്ഷിണമേഖലയുമായി തിരിച്ചു ഉത്തരമേഖലയുടെ ഭരണസാരഥ്യം ജനഹിതത്തിനെതിരായി കമ്മ്യൂണിസ്റ്റുകൾ കൈവിടാതെ പിടിച്ചുവച്ചിരിക്കുന്നതു് ആ രാജ്യത്തിൽ നിന്നും ഇറങ്ങിപ്പോകാനുള്ള മടിമൂലം പ്രയോഗിക്കുന്ന ഒരു തന്ത്രം മാത്രമാണല്ലോ. പ്രബലമായ പൊതുജനഎതിർപ്പിനേയും അവഗണിച്ചു് ദക്ഷിണവിയററ്നാം കൂടി കൈയടക്കുവാൻ പല മാർഗ്ഗങ്ങളും അവർ നോക്കാതിരുന്നിട്ടില്ല. എന്നാൽ ജനങ്ങളുടെ നിശ്ചയദാർഢ്യവും പ്രസിഡണ്ടു ഡിൻഡെയിമിന്റെ നേതൃത്വവും സ്വാതന്ത്ര്യലോകത്തിന്റെ സഹകരണവുമാണു് അവയെ ചെറുത്തുനിൽക്കുന്നതിനു അവരെ ശക്തിപ്പെടുത്തിയിട്ടുള്ളതു്. പ്രസിഡണ്ടു ഐസനോവറുടെ അഭിനന്ദനവാക്യങ്ങൾക്കു ഡീൻഡെയിം ഉത്തരം പറഞ്ഞതിൽ ഇതു സന്ദർഭോചിതമായി പ്രകാശിപ്പിച്ചു. അദ്ദേഹം പറഞ്ഞു:- "വിയററ്നാമിന്റെ അത്ഭുതാവഹമായ ഈ നേട്ടത്തെ സാധിച്ചതു് ജനങ്ങളുടെ ധൈര്യവും ഞങ്ങളുടെ രാജ്യത്തിന്റെ നേർക്കു നിങ്ങൾ പ്രകടമാക്കിയിട്ടുള്ള വിശ്വാസവുമാണു്." വിയററ്നാമിന്റെ മാതൃക കമ്മ്യൂണിസ്റ്റുഭീഷണിക്കു വിധേയമാകുന്ന ഏതു രാജ്യത്തിനും അനുകരണീയമാണു്. ജനങ്ങളുടെ നിശ്ചയദാർഢ്യവും ശരിയായ നേതൃത്വവും ലോകസമാധാനത്തെ അഭിലഷിക്കുന്ന രാജ്യങ്ങളുടെ സഹകരണവുമുണ്ടെങ്കിൽ ഏതു കമ്മ്യൂണിസ്റ്റ് ആക്രമണത്തേയും ഫലപ്രദമായി പ്രതിരോധിക്കാവുന്നതാണു്.

× × ×

## നിരാധാരരുടെ സങ്കേതങ്ങൾ

### സമുദായത്തിന്റെ ബാദ്ധ്യതയാണു്

പട്ടണങ്ങളുടെ പ്രാന്തങ്ങളിലും വ്യവസായകേന്ദ്രങ്ങളുടെ പുറകുവശങ്ങളിലും തൊഴിലില്ലാതേയും വീടില്ലാതേയും നിരവധി നിരാധാരന്മാർ സങ്കേതമുറപ്പിക്കുക ഇന്നത്തെ ഒരു സാധാരണഗതിയാണു്. ഇംഗ്ലീഷിൽ "സ്ലം" എന്നാണു് അതിനു പറയുക. ഈ സ്ലമ്മുകളിലെ അന്തരീക്ഷം ആരോഗ്യപരമായും ധാർമ്മികമായും ഏററം അധഃപ്പതിച്ചതായിരിക്കുമെന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. എല്ലാവിധത്തിലുള്ള തിന്മകളിലും ഹതഭാഗ്യരായ ഈ ഗണം മുഴുകി ജീവിക്കുകയാണു്. അവരെ സമുദ്ധരിക്കുക എന്നുള്ളതു് മാനവസമുദായത്തിനു ഇന്നു് ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത ഒരടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നു. അതിനുള്ള പ്രസ്ഥാനങ്ങളും ഇന്നു പല സ്ഥലങ്ങളിലും രൂപംപ്രാപിച്ചുവരുന്നുണ്ടു്. അപ്രകാരമുള്ള ഒരു സംഘടനയാണു് "ഓപ്പൺ എയർ സെൻറേഴ്സ് കമ്മീഷൻ." ജീവകാരുണ്യപരമായ ഈ കത്തോലിക്കാസംഘടനയുടെ പ്രതിനിധികളെ ഈയിടെ പരിശുദ്ധ മാർപ്പാപ്പാ അഭിസംബോധനം ചെയ്തുകൊണ്ടു് ചെയ്ത പ്രസംഗത്തിൽ ഈ പ്രശ്നത്തിന്റെ ഗൗരവത്തെ വിശദീകരിക്കുകയുണ്ടായി. ആധുനികസമുദായമദ്ധ്യത്തിൽ നിലനിന്നുപോരുന്ന ഈ കഷ്ടസ്ഥിതിയെ നിവാരണംചെയ്യുന്നതിനു യൂറോപ്യൻരാജ്യങ്ങൾ ഒത്തൊരുമിച്ചു ശ്രമിക്കണമെന്നു് തിരുമേനി ഉൽബോധിപ്പിച്ചു. നിരാലംബരായ യുവതീയുവാക്കന്മാരേയും പരിത്യക്തമായ കുടുംബങ്ങളേയും അനാരോഗ്യംമൂലവും മാനസികവൈകല്യങ്ങൾമൂലവും ക്ലേശിക്കുന്ന കുഞ്ഞുങ്ങളേയും സഹായിക്കുന്നതിലും കുട്ടികൾക്കു കളിസ്ഥലങ്ങളും മററു സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിലും അടുത്തകാലത്തു ഓപ്പൺ എയർ സെൻററുകൾ ചെയ്തുകൊണ്ടിരിക്കുന്ന മഹത്തായ സേവനങ്ങളെ പരിശുദ്ധപിതാവു പ്രശംസിച്ചു. വികാരഭരിതനായി അവിടുന്നു പറഞ്ഞു, "ധനപുഷ്ടിയുള്ള യൂറോപ്യൻരാജ്യങ്ങളിൽപ്പോലും ജനസംഖ്യയുടെ 10-ഓ 20-ഓ ശതമാനമാണു് ഈ വിഭാഗം വരികയെന്നു്. ഇന്നത്തെ സാമൂഹികസാഹചര്യങ്ങൾക്കനുസരിച്ചു് വേണ്ട നിയമങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരാതെ ഈ സ്ഥിതിക്കു പരിഹാരമുണ്ടാകാൻപോകുന്നില്ല. "ഈ നിയമങ്ങൾ ഇപ്പോഴത്തെ ചുററുപാടുകൾക്കനുയോജ്യമാക്കണം. അവ പരിപൂർണ്ണങ്ങളായിരിക്കുകയും വേണം. സാമൂഹികസഹായാർത്ഥം സംഘടിതമായിട്ടുള്ള പ്രസ്ഥാനങ്ങളിലെ അനാശാസ്യമായ പ്രവർത്തനങ്ങൾക്കു ഒരു പ്രതിവിധി കണ്ടുപിടിക്കണം; എല്ലാവിധത്തിലുള്ള മൂഷണവാസനകളേയും നിർദ്ദാക്ഷിണ്യം അടിച്ചമർത്തണം. സർവ്വോപരി അവർ ചെയ്യേണ്ടതു്, ദാരിദ്ര്യത്തെ അതിന്റെ പ്രധാനമായ ഒരു വീക്ഷണകോണത്തിലൂടെ—മാനുഷികമായ വീക്ഷണത്തിൽ — പരിഗണിക്കുകയാണു്. വേണ്ടസമയത്തു ഈ വിപത്തിനെ പ്രതിരോധിക്കുകയും പ്രതിവിധികൾ പ്രയോഗിക്കുകയും ചെയ്യാതിരുന്നാൽ അക്കൂട്ടരിൽനിന്നുണ്ടാകുന്ന അക്രമപ്രവർത്തനങ്ങളെ തടഞ്ഞു സമുദായത്തെ സുരക്ഷിതമാക്കി നിലനിർത്തുന്നതിനു അനവധി പണം ചിലവിട്ടു് ഒരു പ്രത്യേക പ്രതിരോധകവകുപ്പുതന്നെ സംരക്ഷിക്കുകയും രോഗികളുടെ ശുശ്രൂഷണാർത്ഥം വമ്പിച്ച ആശുപത്രികളും ആരോഗ്യകേന്ദ്രങ്ങളും നടത്തിക്കൊണ്ടിരിക്കുകയും ആവശ്യമായിവരും. രോഗങ്ങളെ ചികിത്സിക്കുന്നതിനു എത്ര കോടിക്കണക്കിനാണു് പണം ചിലവാകുന്നതു്; അവയെ തടയുന്നതിനു നേരത്തെ ശ്രമിക്കുകയാണെങ്കിൽ എത്ര എളുപ്പത്തിലും തുച്ഛമായ ചിലവിലും അതു സാധിക്കും? സ്ലമ്മുകളിൽ അഭയംതേടുന്നതിനു നിർബന്ധിതമാകുന്ന കുടുംബങ്ങൾക്കു വാസയോഗ്യമായ സാഹചര്യങ്ങളില്ലാത്തതുകൊണ്ടു വന്നുവശാകുന്ന അപകടത്തെ വേണ്ടവിധത്തിൽ വിശദീകരിക്കുന്നതിനു സാദ്ധ്യമല്ല" എന്നാണു് പരിശുദ്ധ പിതാവു് ആ പ്രസംഗത്തിൽ പ്രസ്താവിച്ചതു്. ഗുരുതരമായ ഈ പ്രശ്നം എല്ലാ രാജ്യക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും തക്കസമയത്തു പ്രതിവിധി കണ്ടെത്തേണ്ടതുമാണെന്നു എടുത്തുപറയേണ്ടല്ലോ. ഭാരതത്തിൽ വ്യവസായികരണം പുരോഗമിക്കുന്നതോടെ ഈ പ്രശ്നവും രൂക്ഷമാകാതിരിക്കുകയില്ല. അതുകൊണ്ടു് മുൻകൂട്ടി ഇതിനു തക്ക പ്രതിവിധികൾ കണ്ടെത്തുവാൻ സാമൂഹികസേവകരും ഭരണകൂടങ്ങളും ശ്രദ്ധ പതിപ്പിക്കേണ്ടതത്രെ.

—o—

## അടുത്തയാഴ്ചയിൽ

ജൂൺ

6 വ്യാ: വി. നോർബർത്തോസ്
7 വെ: വി. പത്രോസ് സെലസ്റ്റീനോസ്
8 ശ: വി. സെവരീനൂസ്
9 ഞാ: പന്തക്കുസ്താഞായർ
10 തി: വി. ഹെൻറി
11 ചൊ: വി. ബർണബാ
12 ബു: വി. എലീസേവൂസ്

—o—

# വിവിധവൃത്താന്തങ്ങൾ

## വത്തിക്കാനിലെ പുതിയ റേഡിയോനിലയ പരീക്ഷണം

വത്തിക്കാനിൽ പുതുതായി സ്ഥാപിച്ചിരിക്കുന്ന റേഡിയോനിലയത്തിൻെറ പണികൾ ഏറക്കുറെ പൂർത്തിയായി, പരീക്ഷണാർത്ഥം ചില പ്രക്ഷേപണങ്ങൾ ചെയ്തിരിക്കുന്നു. റോമിൽനിന്നും ഏതാനും മൈൽ അകലെയായിട്ടാണു് ഈ "പോന്തെഗലേറിയാ" സ്റ്റേഷൻ സ്ഥിതിചെയ്യുന്നതു്. ആദ്യത്തെ പ്രക്ഷേപണപരീക്ഷണത്തിൽതന്നെ അനൗൺസർ റോമിൽനിന്നു 20 മൈൽ അകലെയുള്ള ശ്രോതാക്കളോടാവശ്യപ്പെട്ടു എന്തെങ്കിലും ന്യൂനതയുണ്ടെങ്കിൽ വിവരമറിയിക്കണമെന്നു്. ഈ സ്റ്റേഷൻ പണിപൂർത്തിയായാൽ ലോകത്തെവിടെയും ഇവിടെനിന്നുള്ള പ്രക്ഷേപണങ്ങൾ വ്യക്തമായി കേൾക്കുവാൻ സാധിക്കുന്നതാണു്.

## പോളിഷ്കർദ്ദിനാൾ വത്തിക്കാനിൽ

പോളണ്ടിലെ പ്രൈമേററായ അത്യുന്നതകർദ്ദിനാൾ വിഷിൻസ്കി തിരുമനസ്സുകൊണ്ടു് സപരിവാരം വത്തിക്കാനിൽ എത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചിരിക്കുന്നു. ഏഴുമാസമേ ആയിട്ടുള്ളു തിരുമേനി ബന്ധനവിമുക്തനായിട്ടു്. തിരുമേനിയുടെകൂടെ ലോഡ്സിലെ മെത്രാനായ ക്ലെപ്പാസ്തിരുമേനിയും, പോളിഷ് ഹയരാർക്കിയുടെ സിക്രട്ടറിയായ ബിഷപ്പു് കൊറൊമാൻസ്കി തിരുമേനിയും മററുമാണു് അകമ്പടിക്കാരായുള്ളതു്. പോളണ്ടിലെ സ്ഥിതിഗതികളേയും ഗവമ്മെൻറിൻെറ ഇപ്പോഴത്തെ മനോഭാവത്തേയും സംബന്ധിച്ചു് വിശദമായ റിപ്പോർട്ടുകൾ കർദ്ദിനാൾ തിരുമേനി പരിശുദ്ധ പിതാവിനു സമർപ്പിക്കുന്നതാണു്. 1951 ലാണു് കർദ്ദിനാൾ തിരുമേനി സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധങ്ങളെപ്പററി ചർച്ചചെയ്യുവാൻ പരിശുദ്ധ പിതാവിനെ സന്ദർശിക്കുകയുണ്ടായതു്. അന്നു തിരുമേനി കർദ്ദിനാളായിരുന്നില്ല. 1953 ജനുവരിയിലെ കൺസിസ്റ്ററിയിലാണല്ലോ തിരുമേനിയെ കർദ്ദിനാൾസ്ഥാനത്തേക്കുയർത്തിയതു്. ഉടനെ റോം സന്ദർശിക്കേണ്ടതായിരുന്നു. പക്ഷെ പോളണ്ടുവിട്ടു പുറത്തുപോയാൽ കമ്മ്യൂണിസ്റ്റു് ഗവമ്മെൻറു് വീണ്ടും പോളണ്ടിൽ പ്രവേശിക്കാൻ തിരുമേനിയെ അനുവദിക്കുകയില്ല എന്നു ഭയപ്പെട്ടതുകൊണ്ടാണു് യാത്രചെയ്യാതിരുന്നതു്. അതുകൊണ്ടു് ഇപ്പോഴാണു് കർദ്ദിനാളിൻെറ ഔദ്യോഗികചിഹ്നമായ "ചുവന്നതൊപ്പി" സ്വീകരിക്കുന്നതു്. ഇററലിയിലേക്കു രഹസ്യമായിട്ടാണു് കർദ്ദിനാൾ യാത്രചെയ്തതെങ്കിലും അദ്ദേഹം ടെർമിനസ് സ്റ്റേഷനിൽ വന്നിറങ്ങിയപ്പോൾ 2000 ത്തിലധികം വൈദികരും സന്യാസിനികളും അനേകായിരംവരുന്ന ഒരു ജനക്കൂട്ടവുമാണു് തിരുമേനിയെ പ്രതീക്ഷിച്ചു തടിച്ചുകൂടിയിരുന്നതു്. തിരുമേനി വണ്ടിയുടെ മുറിയിൽനിന്നും പുറത്തേക്കിറങ്ങിയപ്പോൾ ക്യാമറാകളുടെ ഫ്ളാഷ്കളും ടെലവിഷൻ ഫ്ളഡ്ലൈററുകളും അന്തരീക്ഷത്തെ പ്രഭാപൂരിതമാക്കി. സകല പോലീസ്ബന്ധവസ്സുകളേയും തകർത്തു് ജനാവലി തിരുമേനിയുടെ സവിധത്തിലെത്തി. മുട്ടിന്മേൽനിന്നു് അവിടുത്തെ ആശീർവ്വാദം സ്വീകരിച്ചു: പുഷ്പവൃഷ്ടികൊണ്ടു് അദ്ദേഹത്തെ മൂടി. അവരുടെ ഭക്ത്യാദരപ്രകടനങ്ങൾക്കു യാതൊരു നിയന്ത്രണവും സാദ്ധ്യമായിരുന്നില്ല; ഒരുമണിക്കൂറോളം നീണ്ടുനിന്നു ഈ പ്രകടനങ്ങൾ. അനന്തരം ഔദ്യോഗികമായ സ്വീകരണച്ചടങ്ങുകൾക്കു ശേഷം തിരുമേനിയുടെ താമസസ്ഥലമായ കോൺവെൻറിലേക്കുപോയി. ഏതാനും വാരങ്ങൾ തിരുമേനി റോമിൽ താമസിക്കുന്നതാണെന്നറിയുന്നു.

## ഫ്രാൻസ് പള്ളികൾ നവീകരിക്കുന്നു

പള്ളികൾ പണിയുന്നതിനും, കേടുതീർക്കുന്നതിനും, വലുതാക്കുന്നതിനും, പുതുക്കിപ്പണിയുന്നതിനും മററുമായി കഴിഞ്ഞകൊല്ലം പാരീസിലെ മുൻസിപ്പൽകൗൺസിൽ 7 ലക്ഷം പവൻ ചിലവാക്കിയിരിക്കുന്നു. ഫ്രാൻസും പരിശുദ്ധ സിംഹാസനവുമായി ചെയ്തിട്ടുള്ള ഉടമ്പടിയനുസരിച്ചാണു് ഈ പണികൾ നടത്തിയിട്ടുള്ളതു്. പ്രസ്തുത ഉടമ്പടിയാണു് 1905-ൽ അവഗണിക്കപ്പെട്ടതു്. ദൈവാലയങ്ങളുടേയും മതപരമായ സ്മാരകങ്ങളുടേയും പരിരക്ഷണം അനേകകാലമായി ഫ്രാൻസ് ഒരു കർത്തവ്യമായി പരിഗണിച്ചു പോരുന്നു.

## ഫാത്തിമായിൽ തുടർച്ചയായ ബലിയർപ്പണം

ഫാത്തിമായിലെ ദർശനത്തിൻെറ 40-ാം വാർഷികം പ്രമാണിച്ചു് മേയ് 13-ാം തിയതി രാവിലെമുതൽ മൂന്നു രാവും പകലും തുടർച്ചയായി, ജപമാലയുടെ എണ്ണം വരത്തക്കവണ്ണം, 150 ദിവ്യബലികൾ അവിടെയുള്ള ദേവാലയത്തിൽ അർപ്പിച്ചിരിക്കുന്നു. 48 വൈദികർ അതിൽ പങ്കെടുത്തു. ആഘോഷമായ പാട്ടുകുർബാനയോടുകൂടി സമാരംഭിച്ച പ്രസ്തുത ശൃംഖല ലിസ്ബണിലെ കർദ്ദിനാൾ ചെരജീര തിരുമനസ്സിലെ പൊന്തിഫിക്കാൾ കുർബാനയോടെയാണു് സമാപിച്ചതു്. 8 ലക്ഷത്തിൽപ്പരം തീർത്ഥകർ സന്നിഹിതരായിരുന്നു. ഇതുപോലെ ഒരു ബലിശൃംഖല ഫാത്തിമായിലെ ഒടുവിലത്തെ ദർശനവാർഷികത്തെ അനുസ്മരിച്ചു് ഒക്ടോബർ മാസത്തിലും നടത്തുന്നതിനു ഉദ്ദേശിക്കുന്നുണ്ട്.

## ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ഉപവാസം സംബന്ധിച്ച പുതിയ നിബന്ധനകൾ

1. ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള ഉപവാസസമയം, ഉച്ചയ്ക്കു മുമ്പായാലും, സായംകാലബലിയോടനുബന്ധിച്ചായാലും, ഖനമായ ഭക്ഷണസാധനങ്ങളോ ലഹരിചേർന്ന പാനീയങ്ങളോ ആയാൽ മൂന്നു മണിക്കൂറും. ലഹരി ചേരാത്ത പാനീയങ്ങളായാൽ ഒരു മണിക്കൂറും, മാത്രമായിരിക്കുന്നതാണു്.

2. വെള്ളം കുടിക്കുന്നതുമൂലം ഉപവാസത്തിനു ഭംഗം വരുന്നതല്ല.

3. പാതിരാ സമയത്തോ ദിവസത്തിൻെറ പ്രാരംഭമണിക്കൂറുകളിലോ ദിവ്യകാരുണ്യം സ്വീകരിക്കുന്നവരും മേല്പറഞ്ഞ ഉപവാസനിയമം പാലിക്കേണ്ടതാണു്.

3. രോഗികൾക്കു്—അവർ കിടപ്പിലല്ലെങ്കിലും— ലഹരിചേരാത്ത പാനീയങ്ങളും, ഖനമോ ദ്രവമോ ആയ യഥാർത്ഥമരുന്നുകളും, സമയക്ലിപ്തികൂടാതെ ഉപയോഗിക്കാവുന്നതാണു്.

N. B. 1. പ്രസ്തുത ആനുകൂല്യങ്ങൾ ഉപയോഗിക്കുന്നതിനു് കുമ്പസാരക്കാരൻെറ അനുവാദം വേണമെന്നില്ല.

2. ദിവ്യകാരുണ്യോപവാസം സംബന്ധിച്ചു് ആദരണീയമായ പഴയക്രമം കഴിവുള്ളവർ പാലിക്കണമെന്നു പരിശുദ്ധപിതാവു് ഉപദേശിക്കുന്നു. കടപ്പെടുത്തുന്നില്ല.

3. ഈ അനുവാദങ്ങൾ ഉപയോഗിക്കുന്നവരെല്ലാവരും തങ്ങൾക്കു നൽകപ്പെട്ട ആനുകൂല്യങ്ങൾക്കു്, ക്രിസ്തീയജീവിതത്തിൻെറ പ്രോജ്ജ്വലമാതൃകവഴി, വിശിഷ്യ തപക്രിയകളാലും ഉപവിപ്രവൃത്തികളാലും, പ്രതിനന്ദി പ്രകടിപ്പിക്കുവാൻ കഴിയുന്നത്ര ശ്രമിക്കണമെന്നും പരിശുദ്ധപിതാവു് അഭിലഷിക്കുന്നു.

## വ്യോമമാർഗ്ഗേണ മതപഠനം

ഫിലിപ്പൈൻസിലുള്ള മിൻതഡോവിൽ കൊട്ടബാട്ടോ എന്ന സ്ഥലത്തു എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും റേഡിയോ സെററുപിക്കുന്നതാണു്. ഇതുപോലുള്ളകൾ സ്ഥാപിക്കുന്നതിനു ഒബ്ളേററസ് ഓഫ് മേരി ഇമ്മാക്കുലേററു് എന്ന സഭക്കാർ നിശ്ചയിച്ചിരിക്കുന്നു. ഈ മാർഗ്ഗത്തിലൂടെ ഒരേസമയത്തു 10 ലക്ഷത്തിലധികംപേർക്കു മതോപദേശങ്ങൾ നൽകുവാൻ സാധിക്കും. വിനോദ പരിപാടികളും ഇതുവഴി പ്രക്ഷേപിക്കുന്നതാണു്. ... ഒരു പദ്ധതി ദക്ഷിണ അമേരിക്കയിൽ വിജയപൂർവ്വം നടന്നുപോരുന്നുണ്ടു്.




## ഒരു ചരമം



അയർക്കുന്നം ഇടവകയിലെ ഒരു പ്രധാന കുടുംബമായ കുടകശ്ശേരിൽ ചേന്നാട്ടു് അന്നമ്മ മേയ് 19-ാംനു- സ്വപുത്രനായ ഫാദർ ലേത്തൂസ് സി. ഡി. യിൽനിന്നു അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ഒട്ടേറെ വൈദികരുടേയും ഒരു വമ്പിച്ച ജനസഞ്ചയത്തിൻെറയും സാന്നിദ്ധ്യത്തിൽ മൃതദേഹം നരിവേലിപ്പള്ളിയിൽ സംസ്കരിക്കപ്പെട്ടു. സംസ്കാരാനന്തരം നിരവധി സാധുക്കൾക്കു് അന്നദാനം ചെയ്യുകയുണ്ടായി.

R. I. P.

## കമ്മ്യൂണിസ്റ്റ് പത്രം കർദ്ദിനാളിൻെറ കുടുംബത്തെ എതിർക്കുന്നു

ഹങ്കറിയിലെ കമ്മ്യൂണിസ്റ്റു പത്രമായ നെപ്സാബാസ് സാഗ് കർദ്ദിനാൾ മിൻസെന്തിയുടെ കുടുംബത്തെ കുററാരോപണം ചെയ്യുകയും അവർക്കു മദ്ദനങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കർദ്ദിനാളിൻെറ രണ്ടു സഹോദരപുത്രന്മാർ ജോസഫിമിൻറു് സെൻറു് ഗ്രാമത്തിലെ വിപ്ലവകക്ഷികളുടെ "നാഷനൽ കമ്മററി"അംഗങ്ങളായിരുന്നു എന്നാണു് ആരോപണം. പ്രസ്തുത ഗ്രാമമാണു് മിൻസെന്തിയുടെ ജന്മസ്ഥലം. അവിടത്തെ ഡീനായ ഫാദർ ബരത് അവർകളേയും പത്രം എതിർത്തിട്ടുണ്ടു്. കാരണം, രാഷ്ട്രത്തിനെതിരായ ഒരു വിപ്ലവപ്രകടനം അവിടത്തെ പള്ളിയിൽനിന്നാണു് സമാരംഭിച്ചതത്രെ.




ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇസ്തപ്പൻ സപ്പവക്സ് ???

## കത്തോലിക്കാപാർട്ടി

### ഫ്രാൻസിൽ ഗവമ്മെണ്ടു രൂപീകരിക്കുന്നു

പുതിയ ഗവമ്മെണ്ടു രൂപവൽക്കരിക്കുന്നതിനുള്ള ക്ഷണം പോപ്പുലർ റിപ്പബ്ളിക്കൻ (കത്തോലിക്കാ) പാർട്ടിനേതാവായ എം. പിർ ഫ്ളാംലാൻഡ് സ്വീകരിച്ചിരിക്കുന്നു. ബിയാറിററ്സിൽ കൂടുന്ന പാർട്ടി കോൺഗ്രസിൽവച്ചു പാർട്ടിയിലെ സഹപ്രവത്തകരുമായി ആലോചിച്ചശേഷം ഖണ്ഡിതമായ മറുപടി അദ്ദേഹം അറിയിക്കുന്നതായിരിക്കും. മന്ത്രി

## നസ്രത്തു സഹോദരികൾ പാദുവാപുരം (എടക്കുന്നു്)



ഈ സന്യാസിനീസഭയിൽ ചേന്നു് ദൈവസേവനവും ധമ്മസ്ഥാപനങ്ങളിൽ ആതുരശുശ്രൂഷയും ചെയ്യുന്നതിനു് സന്നദ്ധതയുള്ളവരും, ആരോഗ്യവതികളും, സ്കൂൾഫൈനലോ, ഉന്നതബിരുദങ്ങളോ നേടിയിട്ടുള്ളവരും ആയ യുവതികളെ ആവശ്യമുണ്ടു്. ജൂൺ 15-ാംതിയതി അർത്ഥിനികളെ സ്വീകരിക്കുന്നതാണു്.

മദർ ജനറൽ

# രക്താർപ്പണം

(പി. പടമാടൻ)

600-ൽപരം കൊല്ലങ്ങൾക്കു് മുമ്പാണു് ഇററലിക്കാരായ നാലു സന്യാസികൾ താനായിൽ വന്നതു്. അവരുടെ അത്ഭുതകരവും സംഭവബഹുലവുമായ ധീരകൃത്യങ്ങൾ പ്രേഷിതസേവനത്തിനിറങ്ങിയിരിക്കുന്ന ആയിരമായിരം യുവതീയുവാക്കൾക്കു് മഹത്തായൊരു മാതൃകയാണു്. 1321 ഏപ്രിൽ 9, 11, എന്നീ തീയതികളിൽ സത്യമതത്തിനുവേണ്ടി രക്താർപ്പണംചെയ്ത ആ വീരാത്മാക്കളുടെ നാമധേയങ്ങൾ ഫാദർ തോമസ്, ഫാദർ ജെയിംസ്; ഫാദർ പീററർ, ബ്രദർ ഡെമിട്രിയൂസ് എന്നത്രെ.

## സന്യാസികളുടെ ആഗമനവും വേദതർക്കങ്ങളും

സന്യാസികൾ ഓർമ്മോസ എന്ന സ്ഥലത്തുനിന്നു് കൊല്ലത്തേക്കുപോകുന്ന ഒരു പായക്കപ്പലിൽ കയറി. പക്ഷെ അവിചാരിതമായി അവർ താനായിലിറങ്ങേണ്ടതായി വന്നു. അപ്പോഴേക്കും അന്തിമാക്കൻ അറബിക്കടലിലേക്കാണ്ടുപോയിരുന്നു. ഇരുളിന്റെ ആക്രമണംകണ്ടു് ഭയന്ന സന്യാസികൾ ഏതെങ്കിലുമൊരു ക്രിസ്ത്യൻ വീട്ടിൽ അഭയം പ്രാപിക്കാമെന്നുകരുതി ആ സ്ഥലമെല്ലാം തിരക്കിനോക്കി. അവിടെ കേവലം 15 ക്രിസ്ത്യൻ ഭവനങ്ങൾമാത്രമേ ഉണ്ടായിരുന്നുള്ളൂ; അതും നെസ്തോറിയൻ സഭക്കാരുടേതായിരുന്നു. അവർ അതിൽ ഒരു വീട്ടിൽ താമസിച്ചു.

ദിനരാത്രങ്ങൾ പലതും അവർ അവിടെ കഴിച്ചുകൂട്ടി. അവരുടെ യുക്തിയുക്തമായ വാദങ്ങളിൽ വീട്ടുകാർക്കു് കൂടുതൽ ഇഷ്ടമായി ഊണുകഴിഞ്ഞാൽ മതപരമായ ആശയാദർശങ്ങളെക്കുറിച്ചു് സംസാരിക്കുകയെന്നതു് ഒരു പതിവായി. ഒരു ദിവസം ആ വീട്ടിൽ ഗാർഹികമായ കാര്യങ്ങളെപ്പററി സംസാരിച്ചു് ഭാര്യാഭർത്താക്കന്മാർ തമ്മിൽ ശണ്ഠകൂടുകയുണ്ടായി. ഇങ്ങനെ വഴക്കുണ്ടാകുമ്പോൾ അന്നാട്ടിലെ ജഡ്ജിയായ ഖാദിയെ വിവരമറിയിച്ചു് അതിനൊരു പരിഹാരമുണ്ടാക്കുക അവിടങ്ങളിൽ സാധാരണ നടന്നുവരാറുള്ളതാണു്. അതുപ്രകാരം ഭാര്യ അടുത്ത സുപ്രഭാതത്തിൽതന്നെ ഖാദിയുടെ അടുത്തു സങ്കടം ബോധിപ്പിച്ചു. ഖാദി സാക്ഷികളെ ആവശ്യപ്പെട്ടപ്പോൾ ആ സ്ത്രീ സന്യാസികളുടെ പേരുകളാണു് പറഞ്ഞതു്.

ഈ സന്യാസികൾ ഇവരുടെ വീട്ടിലാണു് താമസമെന്നറിഞ്ഞ അലക്ഷ്യാന്ത്രിയാക്കാരനായ ഒരു യുവാവു് ഖാദിയോടൊരു കാര്യവും കൂടി ആവശ്യപ്പെട്ടു: "ഇവർ പറഞ്ഞ സന്യാസികൾ ബൈബിളിനെപ്പററി നല്ല പരിജ്ഞാനമുള്ളവരാണു്. ക്രിസ്തുമതപ്രചരണാർത്ഥം, അവർ എല്ലാ നാട്ടിലും പ്രസംഗിച്ചു നടക്കുന്നുണ്ടെന്നാണു് എന്റെ അറിവു്. അതുകൊണ്ടു് ഖാദി അവരെ വരുത്തി വേദതർക്കങ്ങൾ നടത്തി ഒന്നു പരാജയപ്പെടുത്തുകയാണെങ്കിൽ അതു് വലിയൊരു നേട്ടമായിരിക്കും." ഇതുകേട്ടയുടനെ ഖാദി ആളെ അയച്ചു സന്യാസികളെ വരുത്തി. ഫാദർ പീററർ അവരുടെ ഭാണ്ഡങ്ങൾ സൂക്ഷിക്കുന്നതിനായി വീട്ടിൽ നിന്നു. മററു മൂന്നുപേരാണു് ഖാദിയുടെ കല്പനപ്രകാരം അവിടെ ചെന്നതു്. സാക്ഷികളെ വിസ്തരിക്കുന്നതിനു പകരം വേദതർക്കങ്ങൾ നടത്തി ഇവരെ പരാജയപ്പെടുത്താമെന്നായിരുന്നു ഖാദിപ്രഭൃതികളുടെ മോഹം. എങ്കിലും സന്യാസികൾ അതിനൊന്നും വൈമനസ്യം കാണിച്ചില്ല. ഖാദിയുടെ പ്രധാന വാദം ക്രിസ്തു വെറും മനുഷ്യൻ മാത്രമായിരുന്നെന്നും, ദൈവികമായ യാതൊരു കഴിവും അവിടുത്തേയ്ക്കുണ്ടായിരുന്നില്ലെന്നുമായിരുന്നു. എന്നാൽ സന്യാസികളിൽ തലവനായിരുന്ന ഫാദർ തോമസ് ഈ ധാരണ അടിസ്ഥാനരഹിതമാണെന്നു് ഉദാഹരണസഹിതം വ്യക്തമാക്കി. ഖാദിയുടെ വീക്ഷണത്തിൽ കേവലം മനുഷ്യൻ മാത്രമായിരുന്ന ക്രിസ്തു, കുരുടനു കാഴ്ചനൽകിയതും ചെകിടനു് കേൾവി കൊടുത്തതും മൃതന്മാരെ ജീവനുള്ളവരാക്കിയതും, രോഗികളെ സൗഖ്യരാക്കിയതും, പച്ചവെള്ളത്തെ മുന്തിരിച്ചാറാക്കിയതും, അഞ്ചപ്പംകൊണ്ടു അയ്യായിരം ആളുകളെ തൃപ്തരാക്കിയതും മററും വിവരിച്ചപ്പോൾ ഖാദിയും കൂട്ടരും ഉത്തരം പറയുവാൻ കിട്ടാതെ വിഷമിക്കയാണുണ്ടായതു്. സന്യാസികളുടെ വ്യക്തമായ വിമർശനത്തിന്റെ മുമ്പിൽ അവർ കിടന്നു് പുളയുവാൻ തുടങ്ങി.

അങ്ങനെ ചൂടുപിടിച്ച നിമിഷങ്ങൾ നീറിനീറി കടന്നുപോയി. തന്റെ ജീവിതത്തിൽ ഇത്രയും തലകറക്കുന്ന സമയം അഭിമുഖീകരിക്കേണ്ടിവന്നിട്ടില്ലെന്നു് അദ്ദേഹത്തിനുതന്നെ തോന്നി. ആ ക്രൂരവദനത്തിൽ ഇളിഭ്യതയോടൊപ്പം അസഹനീയമായ അരിശവും പ്രതിഫലിച്ചിരുന്നു. ഇതികർത്തവ്യതാമൂഢനായി ഏതാനും നിമിഷങ്ങൾ തള്ളിനീക്കിയ ഖാദി, അവസാനം സഹജമായ പെരുമ്പാശബ്ദത്തോടെ വിളിച്ചുപറഞ്ഞു: "എന്നാൽ നിങ്ങൾ മുഹമ്മദിനെപ്പററി എന്തു പറയുന്നു? മുഹമ്മദിനെപ്പററി എന്തുപറയുന്നു?"

മതാവേശത്തിന്റെ പേരിൽ വെറിപിടിച്ചു മുഷ്ടിചുരുട്ടിയടുത്തുവന്ന ആളുകളോടായി ഫാദർ തോമസ് പറഞ്ഞമറുപടി വളരെ വിനയത്തോടുകൂടിയതായിരുന്നു: "പ്രിയ സുഹൃത്തുക്കളെ, സത്യമതത്തെപ്പററി ലോകത്തോടു് പ്രസംഗിച്ച ക്രിസ്തു, സത്യദൈവവും സത്യമനുഷ്യനുമാണെന്നു് ഞാൻ തെളിയിച്ചുകഴിഞ്ഞു. ക്രിസ്തുമതമുടലെടുത്തതിനുശേഷം അതിനെതിരായി മുഹമ്മദു നബി കെട്ടിപ്പടുത്തൊരു തത്വസംഹിതയാണു നിങ്ങളുടെ ഇസ്ലാംമതം. അപ്പോൾ നിങ്ങൾ ബുദ്ധിമാന്മാരാണെങ്കിൽ അറിയുവാൻ കഴിയും മുഹമ്മദാരാണെന്നു്."

എന്നിട്ടും ജനങ്ങളുടെ ആവേശം നിലച്ചിരുന്നില്ല. പൂർവ്വാധികം കുപിതരായി അവർ ഇതുതന്നെ ആവർത്തിക്കുവാൻ തുടങ്ങി: "എന്നാൽ നിങ്ങൾ മുഹമ്മദിനെപ്പററി എന്തുപറയുന്നു?"

ചോദ്യശരങ്ങൾ ഒന്നിനൊന്നു വർദ്ധിച്ചുവരികയായിരുന്നു. അവസാനം അദ്ദേഹം തന്റെ ആത്മധൈര്യത്തിന്റേയും ഉറച്ചവിശ്വാസത്തിന്റേയും മഹനീയരൂപം അവർക്കു കാണിച്ചുകൊടുത്തതു് ഈ വിധത്തിലായിരുന്നു: മുഹമ്മദുമതത്തിലെ തത്വസംഹിതകൾ എടുത്തു വിശകലനം ചെയ്തു അതിലെ പൊരുത്തമില്ലായ്മയേയും യുക്തിരാഹിത്യത്തേയും ഒന്നൊന്നായി അവരെ വിശദീകരിച്ചു ബോദ്ധ്യപ്പെടുത്തി. അതിൽനിന്നുള്ള നിഗമനങ്ങൾ അവരുടെ മുമ്പിൽ നിരത്തിവച്ചു.

ആ മുസ്ലീംജനതയ്ക്കു അപ്രതീക്ഷിതമായൊരു മറുപടിയായിരുന്നു അതു്. അതും തങ്ങളുടെ വിശ്വാസത്തെ അങ്ങേയററം ആക്ഷേപിച്ചുകൊണ്ടു്! അവർക്കു് സഹിവന്നില്ല. "നബിയെ ദൂഷണം പറഞ്ഞ ഈ ധിക്കാരിയെ കൊല്ലണം, ഇവനെ കൊല്ലണം!" എല്ലാവരും പൈശാചികമായി അട്ടഹസിച്ചു. ഉടനെ ഖാദി തന്റെ കിങ്കരന്മാരോടു സന്യാസികളുടെ കയ്യും കാലും വരിഞ്ഞുകെട്ടി വെയിലത്തു നിർത്തുവാനാജ്ഞാപിച്ചു അവർ ആജ്ഞയനുസരിച്ചു ആ എരിപൊരികൊള്ളുന്ന വെയിലത്തു സന്യാസികൾ ദൈവസ്തോത്രങ്ങൾ ആലപിക്കുവാൻ തുടങ്ങി. ഇതു കണ്ടു അത്ഭുതപരവശനായ മദ്ധ്യാഹ്നസൂര്യൻ മുഖം പൊത്തി പടിഞ്ഞാറോട്ടേക്കു യാത്രതിരിച്ചു. അപ്പോഴേക്കും മണിക്കൂറുകൾ ആറു കഴിഞ്ഞിരുന്നു.



വി. പത്താം പീയൂസിന്റെ മാദ്ധ്യസ്ഥത്താൽ എന്റെ ഭർത്താവിന്റെ രോഗം മാറിയതിനു് കൃതജ്ഞത.

Mrs. C. L. Antony

ഇത്ര കഠിനമായ വെയിലേററിട്ടും അവർക്കു് യാതൊരു കോട്ടവുമുണ്ടായിരുന്നില്ല. ആ മേനികൾക്കു് പൂർവ്വാധികമായ ഉന്മേഷം! വാടിക്കരിയേണ്ട ആ മുഖകമലങ്ങൾ വിരിഞ്ഞുവിരാജിക്കുന്നു. ഹാ! ഇവരിൽ എന്തോ ഒരു പ്രത്യേകതയുണ്ടു്—പലരും പരസ്പരം മന്ത്രിച്ചു. ജനഹൃദയങ്ങളിൽ കാററുമാറി വീശുകയാണോ ആവോ ...?

ഇവരെ ഇനിയും ജീവിക്കുവാനനുവദിക്കുന്നതു് ആപല്ക്കരമാണെന്നു് മനസ്സിലാക്കിയ ഖാദി ഉടനെതന്നെ ഒരു തീരുമാനമെടുത്തു. വിവരം സന്യാസികളെ അറിയിച്ചു. അതു മറെറാന്നുമല്ലായിരുന്നു. വലിയൊരഗ്നികുണ്ഡമുണ്ടാക്കി അതിൽ അവരെ ഹോമിക്കുവാൻ പോകയാണെന്നും ക്രിസ്തുമതം സത്യമതമാണെങ്കിൽ നിങ്ങൾക്കതിൽനിന്നു് കേടുകൂടാതെ രക്ഷപ്പെടാമല്ലോ എന്നുമായിരുന്നു തീരുമാനം. സന്യാസികൾക്കു് യാതൊരു ഭയവുമുണ്ടായിരുന്നില്ല. സത്യമതത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യുവാൻ മടിക്കാത്ത ആ പ്രേഷിതഹൃദയങ്ങളുടെ മറുപടി പൂർണ്ണസന്തോഷത്തോടുകൂടിയായിരുന്നു: "ഓ ഖാദി, ക്രിസ്തുമതത്തിനുവേണ്ടി അവസാനത്തുള്ളി രക്തംവരെ ചിന്തുവാൻ ഞങ്ങൾ തയ്യാറാണു്. നിങ്ങൾ ഇതിലും കഠിനമായ പരീക്ഷണങ്ങൾ നടത്തുവാൻ തീരുമാനിച്ചാലും അതിലെല്ലാം സസന്തോഷം പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവരാണു് ഞങ്ങൾ. ഒരുപക്ഷെ ആ അഗ്നികുണ്ഡത്തിൽ ഞങ്ങൾ ദഹിച്ചുപോവുകയാണെങ്കിൽ അതു് ക്രിസ്തുമതത്തിന്റെ തെററുകൊണ്ടാണെന്നു് നിങ്ങൾ വിധിക്കരുതു്. അങ്ങനെ സംഭവിച്ചാൽ അതു് ബലഹീനരായ ഞങ്ങളുടെ പാപഭാരംകൊണ്ടായിരിക്കും. എങ്കിലും ഞങ്ങൾ സത്യം സത്യമായി പറയുന്നു, ലോകരക്ഷയ്ക്കുള്ള ഏകമാർഗ്ഗം ക്രിസ്തുമതമല്ലാതെ വേറെയില്ല."

## അത്ഭുതം! അത്ഭുതം!!

നഗരത്തിന്റെ നാനാഭാഗത്തും ഇടിമിന്നൽപോലെ ഈ വാർത്ത പരന്നു!

നിശ്ചിതദിവസം സമാഗതമായി. എന്താണു് സംഭവിക്കുന്നതെന്നറിയാൻ നഗരത്തിന്റെ നാനാഭാഗത്തുനിന്നും, ആയിരക്കണക്കിനു് ജനങ്ങൾ അവിടെ തടിച്ചുകൂടി. ഫാദർ പീറററൊഴികെ മൂന്നുപേരും അവിടെ കൊണ്ടുവരപ്പെട്ടു. അഗ്നികുണ്ഡം ആളിക്കത്തുന്നുണ്ടായിരുന്നു. പ്രേക്ഷകർ പ്രതീക്ഷാഭരിതരായി രംഗം വീക്ഷിക്കുകയാണു്. ഇതൊക്കെ കണ്ടിട്ടും സന്യാസികൾക്കു് യാതൊരു പ്രത്യേകതയും ഉണ്ടായിരുന്നില്ലെന്നു തന്നെയല്ല അവർ സദാ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഫാദർ തോമസാണു് തീയിലേക്കു ചാടുവാൻ ആദ്യം മുന്നോട്ടുവന്നതു്. പക്ഷെ ഖാദി അദ്ദേഹത്തെ തടഞ്ഞു. സന്യാസികളിൽ കാരണവനായ ഫാദർ തോമസിനു് വല്ല മന്ത്രവിദ്യയും വശമുണ്ടായിരിക്കുമെന്ന സംശയംകൊണ്ടാണു് ഖാദി സന്യാസിയെ തടഞ്ഞതു്.

അങ്ങനെ ആദ്യം അഗ്നിയിൽ ചാടുവാൻ നിശ്ചയിച്ചതു് ഫാദർ ജെയിംസിനെയാണു്. അദ്ദേഹത്തെ തീയിലേക്കെറിയുവാൻ ആയുധധാരികളടുത്തുവന്നപ്പോൾ അദ്ദേഹം പറഞ്ഞു: "എന്നെ നിങ്ങൾ എടുത്തിടണമെന്നില്ല. ദൈവമഹത്വത്തിനായി ഞാൻ ചാടുവാൻ സന്നദ്ധനാണു്." എന്നാൽ അതൊന്നും ശ്രദ്ധിക്കാതെ അവർ അദ്ദേഹത്തെ എടുത്തെറിഞ്ഞു.

അഗ്നി ജെയിംസിനെ കാണാൻകഴിയാത്തവിധത്തിൽ അതിശക്തിയായി ആളിക്കത്തി. ആളുകൾ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് അഗ്നികുണ്ഡത്തിലേക്കു നോക്കിനിന്നിരുന്നു.

അത്ഭുതം! ഏവരും കേൾക്കത്തക്കവിധത്തിൽ അഗ്നികുണ്ഡത്തിൽനിന്നൊരു ഗാനമാധുരി അലയടിച്ചുയർന്നുവന്നു. അതിന്റെ മാറൊലി ജനങ്ങളിൽപരിവർത്തനമുളവാക്കി. അവർ പരസ്പരം അത്ഭുതോന്മുഖരായി ആ ഗാനമവസാനിക്കുന്നതുവരെ ശ്രവിച്ചുനിന്നിരുന്നു.

ഏതാനും നിമിഷങ്ങൾ നീങ്ങിയതേയുള്ളൂ. തീ അണഞ്ഞു. അപ്പോൾ ജനാവലി ദർശിച്ചതു് വെന്തുവെണ്ണീറായ ശവശരീരത്തെയല്ല, പ്രത്യുത യാതൊരുപൊള്ളലുമേല്ക്കാതെ, പ്രഭാപൂർണ്ണനായി തീക്കനലിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന ജീവനുള്ള ഫാദർ ജെയിംസിനെയാണു്. ജനങ്ങളുടെ പ്രതീക്ഷകൾ അനുഭവസാഗരത്തിലാണ്ടുപോയി. അത്ഭുതംകണ്ട ജനാവലി ആവേശഭരിതരായി ഒരു വാസ്തവം അവിടെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. "അവർ വിശുദ്ധന്മാരാണു്. അവർ വിശുദ്ധന്മാരാണു്. തന്നെയല്ല അവരുടെ മതം സത്യവും പരിശുദ്ധവുമാണു്."

അന്തരീക്ഷം ജനാവലിയുടെ ശബ്ദകോലാഹലംകൊണ്ടു് മുഖരിതമായപ്പോൾ ഫാദർ ജെയിംസ് തീയിൽനിന്നു പുറത്തേക്കു കൊണ്ടുവരപ്പെട്ടു. ഖാദി ആ ശരീരവും ഉടുപ്പുമെല്ലാമൊന്നു പരിശോധിച്ചു. പക്ഷെ യാതൊന്നും അദ്ദേഹത്തിനു പററിയതായി കണ്ടില്ല.

ഇത്ര ഭയങ്കരമായ അനുഭവമുണ്ടായിട്ടും ഖാദിയുടെ "വീരവാദം" രസാവഹമായിരുന്നു. ഇബ്രാഹാമിന്റെ സ്ഥലത്തുനിന്നു കൊണ്ടുവന്ന വസ്ത്രം ധരിച്ചതുകൊണ്ടാണു് ഫാദർ ജെയിംസ് വെന്തുവെണ്ണീറാകാഞ്ഞതെന്നും അല്ലാതെ ഇവർ വിശുദ്ധന്മാരായതുകൊണ്ടല്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

അങ്ങനെ വീണ്ടും ആദ്യത്തേക്കാളും വലിയൊരഗ്നികുണ്ഡമുണ്ടാക്കി. ഫാദർ ജെയിംസിന്റെ വസ്ത്രങ്ങളഴിച്ചെടുത്തു് എണ്ണപുരട്ടി തീയിലേക്കെറിയപ്പെട്ടു.

ഈ സമയത്തു് ഫാദർ തോമസ്സും, ബ്രദർ ഡെമിട്രിയൂസും ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തീ കെട്ടപ്പോൾ പൂർവ്വവൽ പൂർണ്ണപ്രഭയോടുകൂടി ഒന്നുകൂടി കാണപ്പെട്ടുവെന്നുമാത്രം.

രണ്ടാംപ്രാവശ്യവും ഈ അത്ഭുതംകണ്ടപ്പോൾ, അവരെ ഇനിയും ഉപദ്രവിക്കുന്നതു് പാപമാണെന്നു് ജനങ്ങൾ ഖാദിയെ അറിയിച്ചു. ഖാദി എന്താണിനി ചെയ്യേണ്ടതെന്നറിയാതെ പലതും ആലോചിച്ചുതുടങ്ങി.

സംഭവം ജനങ്ങളുടെയിടയിൽ വലിയൊരു കോളിളക്കം സൃഷ്ടിച്ചു. ഇസ്ലാംമതത്തിന്റെ അടിത്തറ പൊളിയുന്ന ലക്ഷണങ്ങൾ അങ്ങിങ്ങായി കണ്ടുതുടങ്ങി. സന്യാസികളെ വിളിച്ചുതന്നെ ആപത്തായിയെന്നു ഖാദി വിഷാദിച്ചു. ചിതറുന്ന ചിന്തകളെക്കൊണ്ടു് ഖാദിയുടെ ഹൃദയം വേദനിക്കുന്നുണ്ടായിരുന്നു.

അവിടത്തെ ചീഫ്മജിസ്ട്രേട്ടായിരുന്ന മെലിക് ഈ സംഭവം അറിയാനിടയായി. മെലിക് വളരെ രഹസ്യമായി ഫാദർ ജെയിംസിനെ വിളിപ്പിച്ചു് അയാളുടെ വസ്ത്രംകൊടുത്തു് ഇങ്ങനെ ഒരു ഉപദേശവും നൽകി: "സ്നേഹിതന്മാരേ, നിങ്ങൾക്കു പോകാം. ദൈവാനുഗ്രഹത്താൽ മേലിൽ നിങ്ങളെ യാതൊരുവിധത്തിലും ഉപദ്രവിക്കുന്നതല്ല; എന്തെന്നാൽ നിങ്ങൾ നല്ലവരും വിശുദ്ധന്മാരുമാണെന്നു് ഞങ്ങൾക്കു് ബോദ്ധ്യം വന്നിരിക്കുന്നു. അതുകൊണ്ടു് നിങ്ങൾ വേഗംതന്നെ ഈ രാജ്യം വിട്ടുപോകണം. അല്ലെങ്കിൽ ഖാദി നിങ്ങളെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിച്ചേക്കും." ഇതുപറയുമ്പോൾ സമയം എട്ടുമണിയോളമായിക്കാണും. ഇവരുടെനേരെ അലിവുതോന്നിയ മെലിക് ഗൂഢമായി അന്നുരാത്രിതന്നെ ഇവരെ കടൽകടത്തിവിട്ടു.

യാതൊരു പരിചയമൊന്നുമില്ലാത്ത രാജ്യമായിരുന്നെങ്കിലും ഒരു ഹിന്ദുഭവനത്തിൽ അന്നു കഴിച്ചുകൂട്ടി.

അന്നു രാത്രിതന്നെ ഖാദി മെലിക്കിന്റെ ഭവനത്തിൽവന്നു, ഒരു കൂടിയാലോചന നടത്താൻ. ഖാദിയുടെ വ്യസനകരമായ സന്ദേശംമെലിക്കിനെ അറിയിച്ചതു് ഏതാണ്ടു് ഇപ്രകാരമായിരുന്നു: "നല്ലപോലെ ആലോചിച്ചു് പ്രവർത്തിച്ചില്ലെങ്കിൽ ഇസ്ലാംമതം തകർന്നു തരിപ്പണമാകും. അവർ ഇവിടെ നടത്തിയ അത്ഭുതങ്ങളെപ്പററി രാജ്യമൊട്ടുക്കു പ്രസംഗിച്ചുനടന്നു് മതപരിവർത്തനംനടത്തും.... അങ്ങനെ നമ്മുടെ മതത്തിന്റെ ശക്തി ക്ഷയിച്ചുക്ഷയിച്ചുവരും...നിങ്ങൾ ഒരു കാര്യമാലോചിക്കണം; ഒരു ക്രിസ്ത്യാനിയെ വധിച്ചാൽ അവനു മെക്കായിൽപോയ ഫലമുണ്ടെന്നല്ലേ നമ്മുടെ വിശ്വാസം?"

ഇതിനനുകൂലമായി മറുപടി പറയുവാൻ മെലിക് കുറച്ചു മടിച്ചെങ്കിലും ഖാദിയുടെ അഭിപ്രായത്തെ എതിർക്കുകയെന്നതു് അദ്ദേഹത്തിനു ഭയമായിരുന്നു. അങ്ങനെ അവസാനം മെലിക് ആ അഭിപ്രായത്തിനു സമ്മതംമൂളി; പലസ്തീനായിലെ പീലാത്തോസിനെപ്പോലെ.

(ശേഷം 5-ാംപേജിൽ)

---

സഭാശുചീകരണത്തിനുള്ള പ്രസിഡണ്ടിന്റെ ക്ഷണം രണ്ടു മുൻമന്ത്രിമാർ നിരസിക്കുകയാണുണ്ടായതു്. ഫ്റഞ്ചുരാജ്യതന്ത്രജ്ഞന്മാരും കർഷകരും അത്യധികം ബഹുമാനിക്കുന്ന ഒരു വ്യക്തിയാണു് ഫ്ളാംലാണ്ടു്. ഒരു നല്ല പ്രസംഗകനും പാർട്ടിയിൽ ശിക്ഷണം പാലിക്കുന്നതിൽ അതിസമർത്ഥനുമാണദ്ദേഹം.

ആദ്ധ്യാത്മികശാഖ

# ദൈവവിളി—കുടുംബം

കുട്ടികളുടെ ഇടയിൽ

ദൈവത്തിൻെറ വത്സലമക്കളേ,

"ജോസേ, നിൻെറ അമ്മ പറഞ്ഞയച്ചിരുന്നതുപോലെ നീ സാറിൻെറ ഒപ്പ് വാങ്ങിച്ചുകൊണ്ടു വന്നിട്ടുണ്ടോ?" അപ്പൻ ചോദിച്ചു.

"കൊണ്ടുവന്നിട്ടുണ്ട്. അപ്പച്ചൻ ഒന്നു വായിച്ചുനോക്കിയേ; എത്ര നല്ല എഴുത്തായിരിക്കുമെന്നു്. ഞാനിന്നു ക്ലാസ്സിൽ അനങ്ങിയിട്ടില്ല."

"ഞാനൊന്നു വായിക്കാം, നീ കൂടി കേട്ടുകൊള്ളുക. ജോസിൻെറ ക്ലാസ്സിൽ നല്ല മര്യാദക്കാരനായിട്ടാണു് കഴിച്ചുകൂട്ടിയതു് എന്നറിയിക്കാൻ എനിക്കു വളരെ സന്തോഷമുണ്ടു്. എന്നും ഇങ്ങനെ ആയാൽ അവന്റെ തോൽക്കുകയില്ലെന്നു മാത്രമല്ല നല്ല മാർക്കു വാങ്ങിച്ചു പാസ്സാകുകയും ചെയ്യും. കൊള്ളാം, നല്ല സർട്ടിഫിക്കേറ്റുതന്നെ. പക്ഷേ ഒരു ദിവസത്തെ മര്യാദകൊണ്ടായില്ല. എന്നും സൂക്ഷിക്കണം."

"എന്നും സൂക്ഷിച്ചു് ഞാൻ ഒന്നാമനായിട്ടു പാസ്സായാൽ അപ്പച്ചൻ എനിക്കൊരു സമ്മാനം തരാമോ?"

"നിശ്ചയമായിട്ടും തരാം."

"എന്തു സമ്മാനമാ?"

"അതു നീ പാസ്സായി വന്നിട്ടു നിശ്ചയിച്ചാൽ മതിയല്ലോ. നിന്നെ അച്ചനാകാൻ വിടാമെന്നു വച്ചുന്നതുതന്നെ ഒരു വലിയകാര്യമല്ലേ? ഞാനൊന്നു ചോദിക്കട്ടെ, നീ എന്തിനാ അച്ചനാകാൻ പോകുന്നതു്?"

"മറ്റുള്ളവരൊക്കെ എന്തിനാ അച്ചനാകുന്നതു്? അതിനാ ഞാനും ആകുന്നതു്."

"എന്നാൽ മറ്റുള്ളവരെന്തിനാണു പോകുന്നതെന്നു നീ മനസ്സിലാക്കിയിരിക്കുന്നതു്?"

"കുർബാന ചൊല്ലാനും പ്രസംഗം പറയാനും കുമ്പസാരിപ്പിക്കാനും ഒക്കെ."

"കൊള്ളാം, നല്ല ഉത്തരം. അപ്പോൾ നീയും അതിനൊക്കെയാണു അച്ചനാകുന്നതു് അല്ലേ? അതുകൊണ്ടുള്ള പ്രയോജനമെന്താ?"

"മനുഷ്യരെയൊക്കെ മോക്ഷത്തിൽ കൊണ്ടുപോകാം."

"ശരി, നമ്മളെയെല്ലാം മോക്ഷത്തിൽ കൊണ്ടുപോകാനല്ലേ ദൈവപുത്രനായ ഈശോമിശിഹാ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നു 33 കൊല്ലം നമ്മുടെകൂടെ പാർത്തു് അദ്ധ്വാനിച്ചതു്? അതുകൊണ്ടു അച്ചന്മാരു് ആരുടെ ജോലിയാണു നോക്കുന്നതു്?"

"ഈശോമിശിഹായുടെ ജോലി."

"അതിനേക്കാൾ വിശേഷപ്പെട്ട വല്ല ജോലിയും ഈ ലോകത്തിലുണ്ടോ?"

"ഇല്ല."

"അതുകൊണ്ടു് ഒരച്ചനാകാൻ ദൈവം വിളിക്കുന്നതു വലിയ അനുഗ്രഹമാണു്. കുഞ്ഞു ഒരച്ചനാകുന്നതു് ഒരു വലിയ ഭാഗ്യമായിട്ടാണു ഞങ്ങളെല്ലാം കരുതുന്നതു്."

"ഇന്നാള്, അങ്ങേക്കൂറ്റെ കൊച്ചച്ചൻ ചെയ്തതുപോലെ ഞാൻ പുത്തൻകുർബാന ചൊല്ലുന്ന അന്നു് അപ്പച്ചനും അമ്മച്ചിക്കും ചേച്ചിക്കും എല്ലാം കുർബാന എഴുന്നള്ളിച്ചുതരാം. അതു എത്ര സന്തോഷമായിരിക്കും!"

"കൊള്ളാം. അതു മാത്രം പോരാ. ഞങ്ങളു് മരിക്കാറാകുമ്പോൾ ഞങ്ങളുടെകൂടെയിരുന്നു ഞങ്ങളെ സഹായിക്കണം." "അതിലെന്താ സംശയം? അപ്പച്ചനേയും അമ്മച്ചിയേയും ഞാൻ കൂടെനിന്നു മരിപ്പിച്ചേക്കാം. അതുകഴിഞ്ഞു് വാഴ്വും പാടി അടക്കാം. പിന്നെയും എന്നും കുർബാന ചൊല്ലുമ്പോൾ ഓർത്തു പ്രാ

ർത്ഥിക്കയും ചെയ്യാം."

"നല്ല കാര്യം. പക്ഷേ നീ ഇപ്പോൾ കുഞ്ഞല്ലേ. ഇനി എത്ര കൊല്ലം കഴിഞ്ഞാലാ ഇതെല്ലാം സംഭവിക്കുന്നതു്? എന്നതന്നെയല്ല, നീ നല്ലവണ്ണം സൂക്ഷിച്ചില്ലെങ്കിൽ ഇപ്പോഴത്തെ ഈ നല്ല ആഗ്രഹങ്ങളെല്ലാം പമ്പകടക്കും."

"ഞാനെന്താ സൂക്ഷിക്കാനുള്ളതു്?"

"ആശയടക്കണം. ഉത്സാഹിച്ചു പഠിക്കണം. പ്രത്യേകിച്ചു് ഒരു കൊച്ചുമാലാഖായെപ്പോലെ നിർമ്മലനായിട്ടു വളരണം. അതിനു മാതാവിൻെറ സ്കാപ്പുലർ കഴുത്തിൽ ഉണ്ടായിരുന്നതുകൊണ്ടു മാത്രം പോരാ. ചീത്തക്കുട്ടികളോടുകൂടി നടക്കുകയോ ചീത്തവാക്കുകൾ കേൾക്കുകയോ പറയുകയോ ചെയ്യരുതു്. ആഴ്ചയിലൊരിക്കലെങ്കിലും കുമ്പസാരിക്കണം. അതു നിവൃത്തിയുള്ളിടത്തോളം ഒരച്ചനോടുതന്നെ ആയിരുന്നാൽ കൊള്ളാം. നീ നാടക ഒരച്ചനാകണമെന്നു് ആഗ്രഹമുണ്ടെന്നു് അദ്ദേഹത്തോടു പറയണം. അപ്പോഴപ്പോൾ ആവശ്യമുള്ള ഉപദേശങ്ങൾ അദ്ദേഹം തരും. അതനുസരിച്ചു ജീവിച്ചാൽ മതി."

"അങ്ങനെ ചെയ്യാം."

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്.

KA
KALAN
AN

ഈ മുദ്രയില്ലാതെ "കാളൻ" എന്ന പേരിൽ ഏതെങ്കിലും സാധനങ്ങൾ കാണുന്ന പക്ഷം അവ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമായിരിക്കുമെന്നുള്ളതുകൊണ്ടു്, ഔഷധങ്ങളും മററും വാങ്ങിക്കുമ്പോൾ ലേബൽ മുതലായതുകളിന്മേൽ ഈ മുദ്ര കാണുന്നുണ്ടോ എന്നു പ്രത്യേകം പരിശോധിക്കണമെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

കാളൻ, നെല്ലായി (S. India)

(11-ാംപേജ് തുടർച്ച)

കണ്ണോടിച്ചുനോക്കുന്നതു് അഭിലഷണീയമായിരിക്കും. അവിടങ്ങളിൽ പൗരന്മാരുടെ സ്വാതന്ത്ര്യം, അവരുടെ വ്യക്തിത്വം, സർവ്വോപരി അവരുടെ ജനാധിപത്യാഭിലാഷം എങ്ങനെ വിജയിക്കുന്നുവെന്നു് ഒന്നെത്തിനോക്കാം.

അമേരിക്കാ, ബ്രിട്ടൻ, റഷ്യ, ഫ്രാൻസ് എന്നിവയാണു് തലപ്പത്തിരിക്കുന്ന രാഷ്ട്രങ്ങൾ. മിനിട്ടിനുമിനിട്ടിനു ഭരണകൂടം മാറിക്കൊണ്ടിരിക്കുന്ന ഫ്രാൻസും, ഭരണഘടനയുടെ സംരക്ഷണാർത്ഥം—ജനാധിപത്യസംരക്ഷണാർത്ഥം—ഒരു യുദ്ധത്തെത്തന്നെ നേരിട്ട അമേരിക്കയും, പാർലമെൻററികൾക്കു ജന്മംകൊടുത്ത ബ്രിട്ടനും പരിപൂർണ്ണമായ പാർലമെൻററി ഡെമോക്രസിയിൽ വിശ്വസിക്കുന്നവരാണു്. തങ്ങളുടെ നേതാക്കന്മാരെ, തങ്ങളുടെ ഇഷ്ടമനുസരിച്ചു് വോട്ടുകൊണ്ടു തിരഞ്ഞെടുക്കുകയാണു് അവിടങ്ങളിലെ സമ്പ്രദായം. എന്നാൽ റഷ്യ അത്തരത്തിൽ പെടുകയില്ല.

ഇന്നാട്ടിലെ ജനാധിപത്യമര്യാദകളെ അങ്ങേയററം അവഹേളിക്കുന്നവരായ കമ്മ്യൂണിസ്റ്റുകളുടെ പിതൃഭൂമിയിലേക്കു് അതിൻെറ ഇരുമ്പുമറയുടെ നേരിയ വിടവുകളിൽക്കൂടി നമുക്കൊന്നെത്തിനോക്കാം. 1919-ൽ ഒരു രക്തവി

പ്ലവം നടത്തി പ്രതിവിപ്ലവകാരികളെ കഴിവതും കൊന്നൊടുക്കി. 1924-ൽ മരിക്കുന്നതുവരെ ഭരിച്ച സ: ലെനിനും, പിന്നെ പ്രധാനമന്ത്രിപ്പട്ടത്തിനുവേണ്ടി മത്സരിച്ചവരുടെ കഴുത്തറുത്തു് ഒരു ചോരക്കളം സൃഷ്ടിച്ചു് അധികാരപീഠത്തിൽക്കയറി 1953-ൽ മൃതനാകുന്നതുവരെ "ജനകീയജനാധിപത്യം" സംരക്ഷിച്ച സ്റ്റാലിനും, രഹസ്യമായ സംഘട്ടനങ്ങൾ കഴിഞ്ഞു് ഭരണമേററ മലങ്കോവും, മലങ്കോവിൻെറ ചില "നൃനത"കൾകാരണം, അദ്ദേഹത്തെ തട്ടിനീക്കി, അധികാരത്തിൽവന്ന ബുൾഗാനിനും ജനാധിപത്യത്തിൻെറ വീരനേതാക്കളാണു്. അതേ! സോവ്യററ്ജനാധിപത്യം ഒന്നു വേറെതന്നെയാണു്!

സോവ്യററ്ജനാധിപത്യം ഒരു പ്രത്യേകരീതിയിലുള്ളതാണെന്നു് റഷ്യൻപ്രസിഡണ്ടു് മാർഷൽ വൊറോഷിലോവും സമ്മതിക്കുന്നുണ്ടു്. (ചന്ദ്രിക). ലോകത്തിലെ കേവലം ഒരു ന്യൂനപക്ഷസമുദായത്തിൻേറതായ ആ "സോവ്യററ്ജനാധിപത്യ"മെന്താണു്? അനങ്ങിയാൽ ജനകീയവും, മിണ്ടിയാൽ ജനകീയജനാധിപത്യവും ഉച്ചരിക്കുന്ന കമ്മ്യൂണിസ്റ്റ്നാട്ടിലെ ജനകീയജനാധിപത്യത്തെക്കുറിച്ചു് ചിലതെല്ലാം ഇപ്പോൾ അറിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. പുറമെയുള്ളവർ എന്തെങ്കിലും പറഞ്ഞാൽ അവർ വിശ്വസിക്കുകയില്ല. അതുകൊണ്ടു് സ: സ്റ്റാലിനെ "കീർത്തിച്ചു്" ക്രൂഷ്ചേവ് പാടിയ "തോവൂർ" നമുക്ക കേൾക്കാം. അതിൽ ആദ്യന്തം ആവർത്തിച്ചുപറയുന്നതു് സ്റ്റാലിൻ ചെയ്തിട്ടുള്ള അനീതികളാണു്. ലെനിൻതന്നെ സ്റ്റാലിനെ ഒരഹംഭാവിയും സ്വേച്ഛാധിപതിയുമായിട്ടാണു് കണക്കാക്കിയിരുന്നതു്. ലെനിൻെറ ഭാര്യയുമായി സ്റ്റാലിൻ നടത്തിയ ഇടപാടുകളെ യഥാതഥമായി ക്രൂഷ്ചേവു രേഖപ്പെടുത്തിയിട്ടുണ്ടു്. വിപ്ലവാചാര്യനായിരുന്ന ലെനിനുംകൂടി സ്റ്റാലിനെ തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ക്രൂഷ്ചേവുറിപ്പോർട്ടു വീണ്ടും തുടരുന്നു: ഒരു സ്വേച്ഛാധിപതിക്കുള്ള സർവ്വലക്ഷണങ്ങളും "മഹാനായ സ്റ്റാലിനി"ൽ ഒത്തിണങ്ങിയിരുന്നു. സ്റ്റാലിനു് യാതൊരാളേയും വിശ്വാസമുണ്ടായിരുന്നില്ല. അതിനാൽ അനവധി ശുദ്ധികരണങ്ങൾ, സ്വന്തം അഭിപ്രായങ്ങൾ തുറന്നുപറഞ്ഞുവെന്നതിൻെറപേരിൽ, ആയിരക്കണക്കിനാളുകളെ കൊന്നൊടുക്കൽപ്രസ്ഥാനം ആ ഇരുമ്പുമറയ്ക്കുള്ളിൽ നടന്നു. 1924, 1928, 1935, 1937 എന്നീ കൊല്ലങ്ങളിൽ ലക്ഷക്കണക്കിനാളുകളെയാണു് കൊന്നൊടുക്കിയതു്. വാസ്തവത്തിൽ അവരെല്ലാം കൊല്ലപ്പെട്ടതു് സ്റ്റാലിൻെറ സ്വേച്ഛാധിപത്യം കൊണ്ടാണു്. ക്രൂഷ്ചേവുറിപ്പോർട്ടു് വീണ്ടും തുടരുന്നു:- സ: ലെനിൻ ജീവിച്ചിരുന്നെങ്കിൽ അവരിൽ ഭൂരിഭാഗവും രക്ഷപ്പെടുമായിരുന്നുവെന്നു്. ഈ മരിച്ചവരിൽ, കൊല്ലപ്പെട്ടവരിൽ എല്ലാ വിഭാഗങ്ങളിലുമുള്ള ആളുകളും പെടും. സ്റ്റാലിൻ മരിച്ചപ്പോൾമാത്രമാണു് അവരുടെ ഈ അന്യായങ്ങളും അഴിമതികളും അവർ സമ്മതിക്കുവാൻ തയ്യാറായതു്. ഇനി ക്രൂഷ്ചേവു് രംഗത്തുനിന്നു മാറിയാൽ അന്നത്തെ ക്രൂഷ്ചേവിനു് എന്തെല്ലാം പറയുവാനുണ്ടാകും! ഇതു നയത്തിൽനിന്നു് ഒരു കുടുക്കു്. മാററമുണ്ടാവുകയില്ല. തൊഴിലാളികളുടെ ഇതാണു് സോവ്യററ് ജനാധിപത്യം. അസംഖ്യം പേരെ സ്വകാര്യേച്ഛ ഭീകരമർദ്ദനത്തിൻേറയും കരിനിഴലിൽ ജീവിക്കുകയാണു്. അവിടത്തെ വർഗ്ഗബോധമുള്ള "തൊഴിലാളികൾ." സ്വാതന്ത്ര്യത്തിനുവേണ്ടി ദാഹിച്ചുമരിക്കുകയാണു് അവർ ചെയ്യുന്നതു്.

അവക്കുവേണ്ടി ഒരു "സഖാവു്" പോലും പ്രതിഷേധിക്കുവാനില്ല!

സ്റ്റാലിൻെറ ഭരണകാലത്തു് ഈ ജനകീയജനാധിപത്യത്തിൻെറ പേരിൽ ബൾഗേറിയ, റുമേനിയ, ഹംഗറി, പോളണ്ടു് തുടങ്ങിയ രാജ്യങ്ങളെ, അവരുടെ സ്വാതന്ത്ര്യത്തെ നിശ്ശേഷം ക്ഷതപ്പെടുത്തി, വിശാലജനകീയജനാധിപത്യമാക്കി. ആ കൊച്ചുരാജ്യങ്ങൾക്കു് കമ്മ്യൂണിസ്റ്റു് കാളസർപ്പത്തെ തടഞ്ഞുനിർത്തുവാൻ കഴിഞ്ഞില്ല. പുതുമഴയ്ക്കു പൊടിഞ്ഞ ഈയലുകളെപ്പോലെ ചത്തുവീഴുന്നതുവരെ അവർ പൊരുതി. ആ പൊരുതൽമാത്രം മിച്ചം. എന്നാൽ യൂഗോസ്ലാവിയായിലെ ടിറേറാ മാത്രം ആ സോവ്യററ്ജനാധിപത്യം ഇഷ്ടപ്പെട്ടില്ല. തൻെറ രാജ്യത്തിൻെറ പരമാധികാരം പണയപ്പെടുത്തുവാൻ അദ്ദേഹം തയ്യാറായില്ല. അങ്ങനെ ഉരുക്കുമനുഷ്യനായ സ്റ്റാലിനുമായി 1948-ൽ ടിറേറാ തെററിപ്പിരിഞ്ഞു. അതുവരെ സോവ്യററ്ചേരിക്കാരനായ, മാർക്സിസത്തിൽ വിശ്വസിക്കുന്നവനായ ടിറേറാ സ്റ്റാലിൻെറ ഒന്നാംനമ്പർ ശത്രുവായി മാറി. ടിറേറാ അമേരിക്കൻ ചാരനാണെന്നും, ചെരിപ്പുനക്കിയാണെന്നും, അമേരിക്കൻ മക്കാച്ചിയാണെന്നും, ബൂർഷ്വാസിയാണെന്നും, സോഷ്യലിസ്റ്റു് വഞ്ചകനാണെന്നും സോവ്യററ്സ്വേച്ഛാധിപതി ഉഗ്രശാസനം മുഴക്കി. പക്ഷെ ടിറേറാ എള്ളോളം കുലുങ്ങിയില്ല; സ്റ്റാലിൻെറ കുമ്പമാത്രം കുലുങ്ങി.


സംഭവങ്ങൾ പിന്നെയും നീങ്ങി. സ്റ്റാലിൻ മരിച്ചു. ബുൾഗാനിൻ അരങ്ങത്തേറി. ക്രൂഷ്ചേവുറിപ്പോർട്ടു പുറത്തുവന്നു. തങ്ങളുടെ പഴയ തെററുകൾ തിരുത്തുവാൻ സോവ്യററ്നേതാക്കൾ ഈ ഐകൃവേളയിലെങ്കിലും നിർബന്ധിതരായി. അവർ ടിറേറായുടെമുമ്പിൽ ഒരു പാദപ്രാച്ഛാദനം കഴിച്ചു; കള്ളമായിരുന്നെങ്കിലുംകൂടി. 1955 മേയ് 26-ാം തീയതി സോവ്യററ്നേതാക്കൾ യൂഗോസ്ലാവിയ സന്ദർശിച്ചു. ടിറേറായെ ശീങ്കിടിപിടിക്കുവാൻ, അവിടെ വച്ചു് സ്റ്റാലിൻ ചെയ്തതെല്ലാം തെററാണെന്നു് അവർ തുറന്നടിച്ചു്. ടിറേറായിനോടു മാപ്പിരന്നു. 1956 ജൂൺ 20-ാം തീയതി യൂഗോസ്ലാവിയായും സോവ്യററ് യൂണിയനുംകൂടി ഒരുടമ്പടിയുണ്ടാക്കി. ഓരോ കമ്മ്യൂ: രാജ്യത്തിനും അതിനു ഇഷ്ടമുള്ള ഒരു സോഷ്യലിസം സ്വീകരിക്കുവാൻ അവകാശമുണ്ടു്. (Look, December 1956)

കാലചക്രം വീണ്ടും തിരിഞ്ഞു. 1956 ഒക്ടോബർ. പോളണ്ടിലും ഹംഗറിയിലും സ്വാതന്ത്ര്യസമരങ്ങൾ പൊട്ടിപ്പുറപ്പെട്ടു. വെട്ടിവെ

പ്പിനെ പ്രതിഷേധിച്ച കമ്മ്യൂ: ചെമ്പട റഷ്യൻടാങ്കുകൾ പ്രയോഗിച്ചു് അവിടത്തെ സ്വാതന്ത്ര്യാഭിനിവേശം തല്ലിക്കെടുത്തുവാൻ പരിശ്രമിച്ചു. പക്ഷെ പോളണ്ടിൽ അതുകൊണ്ടൊന്നും സാധിക്കുകയില്ലെന്നു ക്രൂഷ്ചേവു് മനസ്സിലാക്കി. അതിനാൽ അവിടെ ചെമ്പടയെക്കൊണ്ടു് അവശ്യമില്ലാതായി. റഷ്യയുടെ അട്ടഹാസം ഹംഗറിയിലേക്കു തിരിഞ്ഞു. 7500-ൽപ്പരം ജനങ്ങളെ—സ്വാതന്ത്ര്യഭിനിവേശത്താൽ, ചെമ്പട പിടിച്ചു. അവരെ—"ജനകീയജനാധിപത്യ"ംമെന്നും പറഞ്ഞു് കൊലമരത്തിൽ കയററി. (Look). ഈ കൊലമരത്തിൽ വിപ്ലവകാരികൾ ജയിക്കുമായിരുന്നു, മദ്ധ്യപൂർവ്വദേശത്തു് ബ്രിട്ടൻേറയും ഇസ്രായേലിൻേറയും പടനീക്കമില്ലായിരുന്നെങ്കിൽ. ഒരു സ്വാതന്ത്ര്യസമരത്തിൽ ദയനീയമായി പരാജയപ്പെടേണ്ടിവന്നെങ്കിലും തനമുക്കവരെ ബഹുമാനിക്കാതിരിക്കാൻ കഴിയുകയില്ല. അവരുടെ സ്വാതന്ത്ര്യദാഹം സ്വാതന്ത്ര്യസമരമായ അതിഭീഷണമായി ലോകത്തിനു മനസ്സിലായി!

എന്നാൽ റഷ്യൻനേതാക്കളിൽ അമ്പരപ്പു പ്രകടമായി. കിഴക്കൻയൂറോപ്പു് തങ്ങളുടെ കൈയിൽനിന്നു പിടിവിട്ടുവാൻ പോകയാണു്. ഹംഗറിയിലെ കാദറും, പോളണ്ടിലെ ഗോമുൽക്കയും ടിറേറായിസ്റ്റുകളായി മാറിയിരിക്കയാണു്. ഈ സ്ഥിതിയിൽനിന്നു രക്ഷപ്പെടുവാൻ, സ്റ്റാലിനിസം തന്നെ വീണ്ടും സ്വീകരിക്കുവാൻ റഷ്യ തയ്യാറായി. അതിൻെറ നാന്ദിയെന്നോണം ടിറേറായ്ക്കെതിരായി ഇപ്പോൾ റഷ്യ പ്രചരണം തുടങ്ങിക്കഴിഞ്ഞു. കഴിഞ്ഞ ജനുവരിയിലും ഫെബ്രുവരിയിലും ഇതു അങ്ങേയററം പ്രകടിതമായി. (The Times of India; Bombay Chronicle) ഒരു രാജ്യത്തിനു് അതിനു് ഇഷ്ടമുള്ള തരത്തിലുള്ള സോഷ്യലിസം സ്വീകരിക്കാൻ അവകാശമുണ്ടെന്നുള്ള ഉടമ്പടിയിൽ ഒപ്പുവെച്ചു ഏഴുമാസം കഴിഞ്ഞപ്പോഴേക്കും ഉടമ്പടി തകർന്നു തരിപ്പണമായി. ഇങ്ങനെയാണു് സോവിയററ്നാട്ടിലെജനാധിപത്യം. മിനിട്ടിനു് മിനിട്ടിനു് വാക്കുമാററൽ, സെക്കൻറു് വെച്ചു് രാഷ്ട്രീയ ഒളിച്ചുകളി നടത്തൽ ഇതാണു് അവരുടെ ജനാധിപത്യമര്യാദകളെന്നു് തോന്നുന്നു. എന്നാൽ രാഷ്ട്രീയപ്രബുദ്ധരായ കേരളീയർ, അത്തരം ഒരു ഭരണം ഒരിക്കലും ഇഷ്ടപ്പെടുകയില്ല. വഞ്ചനനിറഞ്ഞ കമ്മ്യൂണിസ്റ്റു് തത്വസംഹിതകൾ കാററിൽ പറപ്പിക്കുവാനും അവക്കു തൻേറടമുണ്ടു്!

—o—



# അസ്സീസിയും സുവിശേഷവും

(സാഹിത്യതിലകൻ സി. കെ. മററം)

വിശുദ്ധ ഫ്രാൻസീസ് അസ്സീസി "ക്രിസ്തുവിന്റെ ദർപ്പണ"മെന്നു വിളിക്കപ്പെടുന്നതു കാരണംകൂടാതെയല്ല. സുവിശേഷവാക്യങ്ങളെ വാച്യാർത്ഥത്തിൽ തന്നെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു ഫ്രാൻസീസിനെപ്പോലെ വിജയപൂർവ്വം പരിയത്നിച്ചിട്ടുള്ള സിദ്ധന്മാർ മററില്ലെന്നു പറയാം.

"It seems necessary for us to affirm that there has never been anyone in whom the image of Jesus Christ and the evangelical manner of life shone forth more life-like and strikingly than in St. Francis" (Vide Pope Pius XI, Rite Expiatis)

പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ സാക്ഷ്യമാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നതു്. അസീസിക്കു് സർവ്വതിനും ഒരു ഒററ പ്രമാണഗ്രന്ഥമേ ഉണ്ടായിരുന്നുള്ളു—സുവിശേഷം. ഇപ്പുസ്തകപാരായണം വഴിയായി യേശുക്രിസ്തുവിന്റെ ജീവിതകഥയും ധർമ്മോപദേശങ്ങളും ഫ്രാൻസീസ് ഹൃദിസ്ഥമാക്കി. സുവിശേഷഗ്രന്ഥത്തിന്റെ ചാരുതയും ലാളിത്യവും അദ്ദേഹത്തെ ഹഠാദാകർഷിച്ചു. അതിലെ ഉള്ളടക്കത്തിനൊരു കേന്ദ്രബിന്ദുവുണ്ടു്—ക്രിസ്തു. ആ ബിന്ദുവിൽ പൂർണ്ണമായി ആശ്രയിച്ചു് സ്വയം പൂർണ്ണത പ്രാപിക്കുക—അതായിരുന്നു ഫ്രാൻസീസിന്റെ ആദർശം. സർവ്വതിലും ക്രിസ്തുവിനെ ദർശിക്കുക; സർവ്വതിലും ക്രിസ്തുവിനെ അനുഗമിക്കുക. ക്രിസ്തുവിന്റെ ജീവിതചര്യകൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള പ്രാമാണികഗ്രന്ഥമാണു സുവിശേഷം. അതിൽകാണുന്ന സിദ്ധാന്തങ്ങൾ സ്വയംപ്രാവർത്തികമാക്കുക; അന്യർക്കും പറഞ്ഞുകൊടുക്കുക. ഇതായിരുന്നു ഫ്രാൻസീസിന്റെ ജീവിതോദ്ദേശം. പുണ്യവാന്റെ മാതൃകാപരമായ ജീവിതത്താൽ ആകൃഷ്ടരായി ഏതാനും മാന്യന്മാർ. അവരിൽ പ്രഥമസ്ഥാനീയുടെ പേരു ബർണാർഡ് ക്യൻറവാളിയെന്നാണു്. ഇദ്ദേഹവും അസ്സീസിവാസിയും ഫ്രാൻസീസിനെപ്പോലെതന്നെ ധനവാനുമായിരുന്നു.

ബർണാർഡ് ചോദിച്ചു:

സ്വസമ്പത്തു മുഴുവനായും ഉപേക്ഷിക്കുവാനിച്ഛിക്കുന്ന ഒരുവനെന്തു ചെയ്യണം?

ഫ്രാൻസീസ് മറുപടി പറഞ്ഞു:-

നാളെ രാവിലെ നമുക്കു് ദേവാലയത്തിൽ പോകാം. സുവിശേഷഗ്രന്ഥത്തിലെന്താണു പറഞ്ഞിരിക്കുന്നതെന്നു നമുക്കു് നോക്കാം.

പിറേറന്നു മൂന്നാമതൊരാൾകൂടി അവരുടെ പിന്നാലെ കൂടി—പീററർ കഥാനി—ഒരു അഭിഭാഷകൻ! മൂവരും ഒരുമിച്ചു്, സെയിൻറു് നിക്കൊളാസ് പള്ളിയിൽ എത്തിച്ചേർന്നു. ബലിപീഠത്തിൽ സുവിശേഷഗ്രന്ഥം വയ്ക്കുന്ന സ്ഥാനത്തു നോക്കിയപ്പോൾ പുസ്തകം യഥാസ്ഥാനത്തിരിക്കുന്നതു ഫ്രാൻസീസ് കണ്ടു. പുണ്യവാൻ മുട്ടിന്മേൽനിന്നു് പ്രാർത്ഥിച്ചു. ഭക്തിപൂർവ്വം പുസ്തകം കൈയിലെടുത്തു തുറന്നു ഇങ്ങനെ വായിച്ചു.

"നിങ്ങൾ പോയി നിങ്ങൾക്കുള്ളതെല്ലാം വിററു പാവങ്ങൾക്കു് കൊടുക്കുക; നിങ്ങൾക്കു് സ്വർഗ്ഗത്തിൽ നിധിയുണ്ടാകും. അനന്തരം എന്നെ അനുഗമിക്കുക."

(മത്തായി XIX-21)

വീണ്ടും സിദ്ധൻ പുസ്തകം തുറന്നപ്പോൾ ഇങ്ങനെ കണ്ടു:

"നിങ്ങളുടെ യാത്രയിൽ വടിയോ ഭാണ്ഡമോ ഭക്ഷ്യമോ മററു യാതൊന്നുമോ കൊണ്ടുപോകരുതു്. രണ്ടുടുപ്പുകളും വേണ്ടാ"

(ലൂക്കാ IX-3)

മൂന്നാമതും അദ്ദേഹം സുവിശേഷം തുറന്നിങ്ങനെ വായിച്ചു:

"എന്നെ അനുഗമിക്കുവാനിച്ഛിക്കുന്നവൻ, സ്വയം പരിത്യാഗം ചെയ്തു് കുരിശുവഹിച്ചു് എന്നെ പിന്തുടരട്ടെ"

(മത്തായി XVI-4)

ഫ്രാൻസീസ് കൂട്ടുകാരോടു പറഞ്ഞു:

"ദാ! നമ്മുടെ ജീവിതനിയമം! തദനുസരണം നിങ്ങൾ പ്രവർത്തിച്ചുകൊള്ളുക."

ക്രമേണ അനുയായികളുടെ സംഖ്യ വർദ്ധിച്ചുകണ്ടപ്പോൾ, അവർക്കൊരു നിയമസംഹിത ക്രോഡീകരിക്കേണ്ടതാവശ്യമാണെന്നു ഫ്രാൻസീസിനു തോന്നി. തൽഫലമായി അദ്ദേഹം സുവിശേഷഗ്രന്ഥത്തിൽനിന്നു ഏതാനും വാക്യങ്ങളുദ്ധരിച്ചു ഒരു നിയമാവലി നിർമ്മിച്ചു. അതുമെടുത്തു് അദ്ദേഹം റോമായിലേക്കു പുറപ്പെട്ടു. അന്നത്തെ മാർപ്പാപ്പാ ഇന്നസെൻറു മൂന്നാമനെ മുഖം കാണിച്ചു. ഫ്രാൻസീസിന്റെ നിയമാവലിയും ജീവിതക്രമവും പരിശോധിച്ചതിൽ "സാധാരണമനുഷ്യർക്കു് അതിദുർവ്വഹമാണീ ജീവിതചര്യകൾ" എന്നു മാർപ്പാപ്പാ കല്പിച്ചരുളി.

"പിതാവേ! നമ്മുടെ രക്ഷാനാഥനായ യേശുക്രിസ്തുവിൽ പരിപൂർണ്ണമായി വിശ്വസിച്ചാൽ മതിയല്ലൊ! ആ കാരുണ്യമൂർത്തി നമ്മുടെ ജീവസന്ധാരണത്തിനാവശ്യമായതു തരാതിരിക്കുമോ" എന്നു് ഫ്രാൻസീസ് വിനയപൂർവ്വം ഉണർത്തിച്ചു.


ചന്ദ്രിക REGD. ഔഷധസോപ്പ്

ചൂണങ്ങു്, താരൻ, മുഖക്കുരു മുതലായവയ്ക്കു്

S.V.PRODUCTS, IRINJALAKUDA


കർദ്ദിനാൾ സംഘത്തിലെ ഒരംഗം പറഞ്ഞു:

ഈ മനുഷ്യന്റെ നിയമാവലിയിൽ, സുവിശേഷവാക്യങ്ങളല്ലാതൊന്നുമില്ലല്ലൊ. സ്വന്തമായും പൊതുവായും യാതൊരു സ്വത്തും കൂടാതെ സന്യാസികളെങ്ങനെ ജീവിക്കും?"

ഏറെക്കുറെ ഏതാണ്ടീ അഭിപ്രായക്കാരായിരുന്നു കർദ്ദിനാളന്മാരെല്ലാവരും! പക്ഷേ ഒരാൾ മാത്രമുണ്ടായിരുന്നു ഫ്രാൻസീസിനെ പിന്താങ്ങുവാൻ—ജോൺ കൊളോണാ. അദ്ദേഹം സംഘത്തിൽ മുമ്പോട്ടുവന്നിങ്ങനെ പ്രസ്താവിച്ചു:

ഈ സാധുവിന്റെ അഭ്യർത്ഥന നാം നിഷേധിക്കുന്നതും യേശുക്രിസ്തുവിന്റെ സുവിശേഷത്തെ നിഷേധിക്കുന്നതും ഒന്നുതന്നെ! ക്രിസ്തുവിന്റെ ധർമ്മോപദേശങ്ങൾ അപ്രായോഗികങ്ങളാണെന്നു നാം വാദിച്ചാൽ സുവിശേഷഗ്രന്ഥത്തിന്റെ സാക്ഷാൽ കർത്താവായ ക്രിസ്തുനാഥനെ നിഷേധിക്കേണ്ടതായി വരും.

മാർപ്പാപ്പാ തിരുമേനി, കർദ്ദിനാൾ കൊളോണായുടെ അഭിപ്രായം സ്വീകരിച്ചു. ഫ്രാൻസീസിന്റെ നിയമാവലിക്കു അംഗീകാരവും നൽകി. ഫ്രാൻസീസ് സന്തുഷ്ടനായി റോമിൽനിന്നു മടങ്ങി. "ഫ്രയേഴ്സ് മൈനർ (ഫ്രാൻസീസ്കൻസന്യാസികൾ) കളുടെ ജീവിതനിയമം വിശുദ്ധ സുവിശേഷം അനുസരിക്കുകയാണു്" എന്നു് വിശുദ്ധൻ എഴുതിയിട്ടുണ്ടു് നിയമാവലിയുടെ ഒന്നാമദ്ധ്യായത്തിൽതന്നെ.

സുവിശേഷഗ്രന്ഥമായിരുന്നു, വിശുദ്ധന്റെ മാറാപ്പുകൂട്ടു്; അദ്ദേഹത്തിന്റെ ആലപ്പും താവും, ആൽഫായും ഒമേഗായും, "ആ"യും "ക്ഷാ"യും മറെറാന്നുമായിരുന്നില്ല.

# അടങ്ങാത്ത വിശപ്പും തീരാത്ത ദാഹവും

(ഫാ. ലാസർ ടി. ഒ. സി. ഡി., ബി. എ. എൽ. ടി.)

റഷ്യയിലെ കമ്മ്യൂണിസ്റ്റു് കരടികൾ ഹങ്കറിയിൽ കടന്നു നടത്തിയ കൂട്ടക്കൊല! ഇരുപത്തയ്യായിരത്തെ കടിച്ചുകീറി രക്തദാഹം ശമിപ്പിക്കുവാൻ ചെയ്ത യത്നം! ഈ ഭീകരസംഭവത്തിനു അല്പം മുമ്പു ശാന്തിമന്ത്രം ഉച്ചത്തിൽ ഉരുവിടുന്നതു കേട്ട ലോകം റഷ്യയിലേക്കു ശ്രദ്ധതിരിച്ചു ആട്ടിൻതോൽ ധരിച്ചു്, കാരുണ്യപ്പുടവ ചുററി നില്ക്കുകയായിരുന്നു കമ്മ്യൂണിസ്റ്റു്കരടികൾ. എന്നാൽ കമ്മ്യൂക്കൾ അന്നും ഇന്നും കരടികൾതന്നെയെന്നു പ്രസ്തുത സംഭവം വ്യക്തമാക്കി. ബുഡാപ്പെസ്റ്റിലെ തെരുവുകളിലും ഹങ്കറിയിലെ മററു പട്ടണവീഥികളിലും നാട്ടുംപുറങ്ങളിലും കമ്മ്യൂക്കൾ നടത്തിയ നരവേട്ട! സ്ത്രീകളും പുരുഷന്മാരും, വിദ്യാർത്ഥിവിദ്യാർത്ഥിനികളും, വൃദ്ധരും യുവാക്കളും, കൃഷിവലന്മാരും വ്യവസായത്തൊഴിലാളികളും ആ ഹിംസ്രജന്തുവിന്റെ ക്രൂരവക്ത്രത്തിൽപെട്ടു പിടഞ്ഞുപിടഞ്ഞു മൃതിയടഞ്ഞു. ഈദൃശചതിയും ക്രൂരതയും, കൊലയും രക്തച്ചൊരിച്ചിലും മാനവചരിത്രത്തിൽ മറെറങ്ങും രേഖപ്പെടുത്തിക്കാണുകയില്ല. ശാന്തിമന്ത്രവും കൂട്ടക്കൊലയും കൂട്ടിപ്പിരിക്കുന്നതു കണ്ടു പലരും അമ്പരന്നു. അമ്പരക്കുന്നതെന്തിനു്? കരടി അതിന്റെ സ്വഭാവം കാണിക്കും. കമ്മ്യൂക്കൾ അവരുടേതും.

റഷ്യൻനേതാക്കൾ അവരുടെ ആരാധനാമൂർത്തിയായ സ്റ്റലിനെ ലോകത്തിന്റെ മുമ്പിൽ തൊലിപൊളിച്ചു വെച്ചപ്പോൾ പല പച്ചപ്പരമാർത്ഥികൾ വിശ്വസിച്ചു, ഒരു അസാദ്ധ്യസംഭവം അടുത്ത ഭാവിയിൽ നടക്കുമെന്നു്; റഷ്യൻകരടികൾ ചെമ്മരിയാട്ടുകളാകുമെന്നു്; അപരാധങ്ങളേററുപറഞ്ഞു ഒരു പുതിയ ജീവിതം ആരംഭിക്കുമെന്നു്. എന്തൊരു മിത്ഥ്യാബോധം!

സ്റ്റലിൻ ആയിരങ്ങളേയും പതിനായിരങ്ങളേയും കമ്മ്യൂണിസ്റ്റു് ബലിപീഠത്തിന്മേൽ ഹോമിച്ചുവെന്നു യുക്തിയുക്തം അവർ തെളിയിച്ചു. എന്നാൽ സ്റ്റാലിൻതന്നെയാണോ ഇതെല്ലാം ചെയ്തതു്? സ്റ്റാലിനു തനിയെ അങ്ങനെ ഒരു സാഹസത്തിനു് കഴികയില്ലല്ലോ. സ്റ്റാലിനു തന്നേക്കാൾ ക്രൂരന്മാരും വഞ്ചകന്മാരും രക്തം ദാഹിക്കുന്നവരുമായ വലംകൈ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. അവർവഴിയായിട്ടാണു് അയാൾ പ്രസ്തുതകൃത്യം നിർവ്വഹിച്ചതു്; ഏററവും ക്രൂരതയുള്ള കാട്ടുമൃഗങ്ങളെപ്പോലും ലജ്ജിപ്പിക്കുന്ന നരവേട്ടയാൽ റഷ്യയേയും അതിന്റെ അധീനരാജ്യങ്ങളേയും നിണസമുദ്രങ്ങളായി രൂപാന്തരപ്പെടുത്തിയതു്. കൂടുതൽ രക്തദാഹം പ്രകടിപ്പിച്ചവർ കൂടുതൽ സ്റ്റാലിന്റെ കാരുണ്യാതിരേകത്തിനു പാത്രീഭവിച്ചു, സ്ഥാനങ്ങളിൽ പടിപടിയായി ഉയർന്നു. സ്റ്റാലിന്റെ തണലിൽ കൊഴുത്തുവളർന്നവരല്ലയോ ക്രുഷേവും, ബുൾഗാനിനും, മൊളോട്ടോവും, മലങ്കോവും. ഇങ്ങനെ എല്ലാ ക്രൂരതയ്ക്കും സ്റ്റാലിന്റെ വലംകൈയായി വർത്തിച്ചുവന്ന ഈ മനുഷ്യാധമരത്രെ സ്റ്റാലിൻ മാത്രമാണു് ആയിരമായിരം നരവധത്തിനു കാരണഭൂതനെന്നു സമർത്ഥിക്കുവാൻ നിർലജ്ജം യത്നിച്ചതു്. സുബോധമുള്ള വല്ലവരും അതു വിശ്വസിക്കുമോ? ക്രുഷേവും കൂട്ടരും സ്റ്റാലിനെപ്പോലെതന്നെ, സ്റ്റാലിനിൽ അവർ അപലപിച്ച പ്രസ്തുത ക്രൂരകൃത്യങ്ങളിൽ അപരാധികളത്രെ. എന്നാൽ ഹങ്കറിയിലെ കശാപ്പുകൈപ്രയോഗം ഗുരുവിനെ അപേക്ഷിച്ചു ക്രുഷോവും ബുൾഗാനിനും ക്രൂരതയ്ക്കു മടിതീർന്നവരാണെന്നു വ്യക്തമാക്കി. സ്റ്റാലിൻ ഒന്നിച്ചു ചെയ്ത പാതകങ്ങളോടു ഒരു പാതകംകൂടി ചേർത്തുവെന്നു മാത്രം—ഹങ്കറിയിലെ നിരപരാധികളുടെ രക്തം ക്രുഷേവിന്റേയും ബുൾഗാനിന്റേയും കരങ്ങളിൽനിന്നു ഇന്നും ഇററിററുവീണുകൊണ്ടാണിരിക്കുന്നതു്. പോരെങ്കിൽ ഹങ്കറിയിൽ ശുദ്ധീകരണനായാട്ടു തുടങ്ങിയിരിക്കയാണല്ലൊ, പൂർവ്വോപരി ക്രൂരതയോടെ. അവരുടെ രക്തദാഹം തീരുകയില്ല, മാനവവിദ്വേഷം ശമിക്കയില്ല; ലോകത്തിൽ മനുഷ്യരുള്ള കാലത്തോളം, ആഗോളരാഷ്ട്രം സംസ്ഥാപിതമാകുവോളം ഒന്നൊന്നായി അവർ വിഴുങ്ങും ഇതരരാജ്യങ്ങളെ. ചില രാജ്യങ്ങൾമാത്രം വിഴുങ്ങിയതുകൊണ്ടു അടങ്ങുന്നതല്ല ഈ റഷ്യൻകരടിയുടെ വിശപ്പു്. സ്വരാജ്യത്തെ റഷ്യയ്ക്കു ഒററിക്കൊടുപ്പാൻ തയ്യാറുള്ള ചുരുക്കം ചില വ്യക്തികൾ ഏതുരാജ്യത്തും ഉണ്ടായിരിക്കും. അതിൽകവിഞ്ഞു റഷ്യയ്ക്കു ഒന്നുംതന്നെ വേണ്ട ഒരു രാജ്യത്തെ വെട്ടിവിഴുങ്ങുവാൻ.

ഹങ്കറിയിലെ സംഭവത്തിനു വേറൊരു വശമുണ്ടു്. റഷ്യൻനേതാക്കളുടെ ശാന്തിമന്ത്രത്തിന്റെ അർത്ഥശൂന്യത, കൗടില്യം. ഇതരരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുകാരെപ്പോലും ഇതു് അമ്പരപ്പിച്ചു. ഇററലിയിലെ പ്രമുഖ കമ്മ്യൂക്കൾ പലരും റഷ്യൻകരടിയുമായി മേലിൽ വേഴ്ചയില്ലെന്നു് ശപഥം ചെയ്തു പാർട്ടിയെ പരിത്യജിച്ചു. എന്തനീതിക്കും മടിതീർന്ന ടിറേറാ ദഹിക്കാത്ത സാധനംപോലെ ചർദ്ദിക്കയാണു് ഹങ്കറിയിലെ ക്രൂരകൃത്യങ്ങളെ. നെഹ്റുവും കൃഷ്ണമേനോനും അല്പം ഒന്നു കണ്ണടച്ചുകളയുവാൻ ശ്രമിച്ചുവെങ്കിലും ഉച്ചപ്പകൽപോലെ തെളിഞ്ഞുനിന്ന ക്രൂരത കണ്ടു യാഥാർത്ഥ്യം തുറന്നു പ്രസ്താവിച്ചു. ഇന്നത്തെ റഷ്യൻനേതാക്കളുടെ മനസ്ഥിതി ഗ്രഹിക്കുവാൻ, ശാന്തിമന്ത്രങ്ങൾ വെറും തന്ത്രങ്ങളാണെന്നു സ്പഷ്ടമാക്കുവാൻ, ഹങ്കറിയിലെ സംഭവങ്ങൾ വളരെ ഉപകരിച്ചിട്ടുണ്ടു്. ഇതൊന്നും കാണുവാൻ ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റുകൾക്കു കഴിയാതെവന്നതു വിചിത്രംതന്നെ.

ഇന്ത്യൻ പര്യടനാവസരത്തിൽ പുഞ്ചിരിതൂകി പ്രത്യക്ഷപ്പെട്ട ക്രുഷേവും ബുൾഗാനിനും എങ്ങനെയുള്ളവരാണെന്നും അവരുടെ കൈയിൽ കിട്ടിയ ഇരകളോടു അവർ എങ്ങനെ വർത്തിക്കുമെന്നും മനസ്സിലാക്കുവാൻ വളരെ സഹായിച്ചിട്ടുള്ള ഒന്നാണു് ഹങ്കറിയിലെ കൂട്ടക്കൊല. ഏതൊരു അലസചിത്തനേയും കണ്ണുതുറപ്പിക്കുന്ന ഒന്നാണതു്. അടിമത്തത്തിൽ അമർന്നു നരകിക്കുവാൻ മനസ്സില്ലെങ്കിൽ സ്വതന്ത്രലോകം തക്ക കരുതലോടെ ഇരിക്കണം. ഇതാണു് ഹങ്കറിയിൽനിന്നുള്ള പാഠം. റഷ്യൻക്രൂരതയോടൊപ്പം അനുസ്മരിക്കപ്പെടുന്ന ഒന്നുണ്ടു്. അതു ഹങ്കേറിയൻ ജനതയുടെ ധീരതയാണു്, സ്വാതന്ത്ര്യസ്നേഹമാണു്, അതിന്റെ ലബ്ധിക്കായി അവർ വരിച്ച ത്യാഗമാണു്.

അവസാനമായി നാം ഓർക്കണം കരബലം ഒന്നുമാത്രമേ റഷ്യൻകരടി വകവെക്കുകയുള്ളു, മാനിക്കയുള്ളു, പേടിക്കയുള്ളു എന്നു്. ഗാന്ധിജിയുടെ ശാന്തിയും സത്യഗ്രഹവും നെഹ്റുവിന്റെ മഹാമനസ്കതയും സ്വാതന്ത്ര്യപ്രണയവും മാനിക്കുന്നതല്ല റഷ്യൻകമ്മ്യൂണിസ്റ്റു്കരടി. അവയിൽനിന്നെല്ലാം മുതലെടുക്കുവാൻ ആവതും യത്നിക്കും. ശാന്തി പ്രസംഗിച്ചു സത്യഗ്രഹം അനുഷ്ഠിക്കുന്നതല്ല, ശാന്തി മന്ത്രിച്ചു കടിച്ചുകീറുന്നതത്രെ കമ്മ്യൂണിസ്റ്റു്കരടി.

## വിനോദവീഥി



"നീ ലൂസിയോടു മിണ്ടീട്ടു് പത്തുകൊല്ലമായിന്നു് കേട്ടല്ലോ പാപ്പച്ചാ—എന്താ ഇതിനുമാത്രം അവളു് ചെയ്തതു്?"

"അവളുടെ സംസാരം ഒന്നു നിർത്തീട്ടുവേണ്ടെ അപ്പാ, എനിക്കു് മിണ്ടാൻ—അതു് ഇന്നുവരെ ഉണ്ടായിട്ടില്ല."

x x x



"ഞാനീ എലക്ഷൻ പ്രസംഗം മുഴുവൻ കാണാപ്പാഠം പഠിച്ചോന്നു നോക്കിയിട്ടേനി അടുക്കളപ്പണിക്കു് പോകണ്ടൂന്നു ഞാനുറപ്പിച്ചു പറയുന്നു്!!"

x x x

ശിഷ്യൻ:- "സർ, ഞാൻ ദിവസവും ഉറക്കത്തിനിടയിൽ കണ്ണു തുറന്നാൽ ചുമപ്പും നീലയുമായ നിറങ്ങൾ കാണുന്നു."

ഗുരു:- "നീ ആരെയെങ്കിലും കണ്ണുവൈദ്യനെ കണ്ടുവോ?"

ശിഷ്യൻ:- "ഇല്ല സാറേ, ഞാൻ നിറങ്ങൾമാത്രമേ കാണുന്നുള്ളു."

x x x

വീട്ടുകാരൻ:- "നിങ്ങളെന്തേ പട്ടി കുരയ്ക്കുന്നതുകേട്ടു പടിക്കൽതന്നെ നില്ക്കുന്നു? നിങ്ങൾക്കറിഞ്ഞുകൂടേ, കുരയ്ക്കുംപട്ടി കടിക്കില്ലെന്നു്?"

യാത്രക്കാരൻ:- "അതെനിക്കറിയാം. പക്ഷെ അവൻ എപ്പോഴാണു് കുരനിർത്തി കടിക്കാൻ തുടങ്ങുന്നതെന്നു ആർക്കറിയാം!"

# നിങ്ങളുടെ മകനെയും മകളെയും സൂക്ഷിക്കുക

(ഫാദർ ക്രിസ്റ്റ്യൻ ടി. ഒ. സി. ഡി.)

(തുടർച്ച)

ദൈവവിളിയെക്കുറിച്ചു പരിചിന്തിക്കുകയോ, അതിനെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുമ്പോൾ, സദാ നമ്മുടെ കൺമുമ്പിലുണ്ടായിരിക്കേണ്ട ഒരു വസ്തുതയുണ്ടു്. തിരുസഭ അഭിലഷിക്കുന്നതു് നല്ല വൈദികരേയും സന്യാസികളേയും ലഭിക്കുവാനാണ് എന്നു്. നാമമാത്രരായ വൈദികരും സന്യാസികളും, സഭയ്ക്കും ദൈവികതാല്പര്യങ്ങൾക്കും ഗുണത്തേക്കാൾ ദോഷമേ വരുത്തുകയുള്ളു എന്നു നൂറ്റാണ്ടുകളുടെ അനുഭവങ്ങൾ സഭയെ പഠിപ്പിച്ചിട്ടുണ്ടു്. നാം, നമ്മുടെ കുടുംബത്തിൽനിന്നും ഒരു വൈദികനോ സന്യാസിയോ ഉണ്ടാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആ ആഗ്രഹം വളരെ നല്ലതുതന്നെ. എന്നാൽ തിരുസഭയുടെ അഭിലാഷത്തോടു ചേർന്നു്, നമ്മുടെ കുടുംബത്തുനിന്നും, ഒരു വിശുദ്ധനായ സന്യാസിയോ വൈദികനോ ഉയർന്നുവരുവാനാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ, അതു് ഏററം സ്തുത്യർഹവും ക്രൈസ്തവോചിതവുമായിരിക്കും. നാം ഒരു വസ്തുത വിസ്മരിക്കരുതു്. വെറും ആഗ്രഹംമാത്രം ഫലം പുറപ്പെടുവിക്കുകയില്ല; നമ്മുടെ ആഗ്രഹം പ്രവർത്തിപരമായിരിക്കണം.

നമ്മുടെ കുഞ്ഞുങ്ങൾക്കു് നല്ല ദൈവവിളി ലഭിക്കുവാൻ വേണ്ട പശ്ചാത്തലം നാമൊരുക്കണം. മുൻപറഞ്ഞ ആഗ്രഹത്തിനു പുറമേ, നിരന്തരമായ പ്രാർത്ഥന, മാതൃകാപരമായ കുടുംബജീവിതം, കുട്ടികളുടെ പ്രായത്തിനനുസരിച്ചു ശരിയായ അറിവു്, വിശിഷ്യാ മതകാര്യങ്ങളെക്കുറിച്ചുള്ള ജ്ഞാനം സമ്പാദിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ, ഇവയിലാണ് ഈ പശ്ചാത്തലമൊരുക്കലിന്റെ പ്രധാനഭാഗം അടങ്ങിയിരിക്കുന്നതു്.

## നിരന്തരമായ പ്രാർത്ഥന

നമ്മുടെ ആഗ്രഹത്തോടു് സ്വാഭാവികമായി ചേർന്നുപോകേണ്ട ഒന്നാണ്, ആ ആഗ്രഹസിദ്ധിക്കായുള്ള തീക്ഷ്ണവും നിരന്തരവുമായ പ്രാർത്ഥന. വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കൾ ചെയ്തതെന്തെന്നു് നാം അനുസ്മരിക്കുന്നതു് ഉപകാരപ്രദമാണ്. വിശുദ്ധയുടെ മാതാവു് വിവാഹാവസരത്തിൽ ദൈവത്തോടു ചെയ്ത പ്രാർത്ഥന "എന്റെ ദൈവമേ, അനേകം കുഞ്ഞുങ്ങളുടെ മാതാവാകുവാനും, അവരെയെല്ലാം അങ്ങേക്കു സമർപ്പിക്കുവാനുമുള്ള അനുഗ്രഹം എനിക്കു നൽകേണമേ" എന്നായിരുന്നു. ദരിദ്രയും വിധവയുമായ തന്റെ വത്സലമാതാവിന്റെ ഇരുപതുവർഷത്തോളം നിലനിന്ന പ്രാർത്ഥനയുടെ ഫലമായിട്ടാണ് കട്ടിനാൾ മിൻസെന്തി വൈദികജീവിതത്തിനു ക്ഷണിക്കപ്പെട്ടതു്. വാസ്തവത്തിൽ നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥന അർഹിക്കുന്ന ഇതിൽ കൂടുതൽ അഭികാമ്യവും ക്രൈസ്തവോചിതവുമായ വിഷയം അധികമില്ലതന്നെ. വെറും സ്വാർത്ഥത്തേയും ലൗകികോന്നമനത്തേയും മാത്രം ലക്ഷ്യീകരിച്ചിട്ടുള്ളതല്ല ആ പ്രാർത്ഥനയെങ്കിൽ, ആശ്രിതവത്സലനും, സ്വസഭയുടെ മഹത്വത്തെ സദാ അഭിലഷിക്കുന്നവനുമായ ദൈവം അതു് ശ്രവിക്കുന്നതിൽ ഒരിക്കലും വിമുഖത കാണിക്കുകയില്ല.

## മാതൃകാപരമായ കുടുംബജീവിതം

നമ്മുടെ ശ്രദ്ധയെ സർവ്വപ്രധാനമായി അർഹിക്കുന്ന ഒരു ഘടകമാണിതു്. ശിശുപ്രായം മുതൽ കുട്ടികൾ വളർന്നുവരുന്നതു് തങ്ങളുടെ വീട്ടിലെ ജീവിതവും സംസാരവും കണ്ടും കേട്ടുമാണ്. അവിടെ കാണുന്നതും കേൾക്കുന്നതും അനുകരിക്കുന്നതിനും ഹൃദിസ്ഥമാക്കുന്നതിനും അവർക്കുള്ള താല്പര്യവും കഴിവും അനന്യസാധാരണവുമാണ്. മദ്യപാനം, സ്ഥാനത്തും അസ്ഥാനത്തും വൈദികരേയും മററധികാരികളെയും വിമർശനംചെയ്യുന്ന പതിവു്, അതിരുകടന്ന ആഡംബരപ്രിയം മുതലായവയുടെ ഇടയിലാണ് കുഞ്ഞുങ്ങൾ കുട്ടിപ്രായം മുതൽ വളർന്നുവരുന്നതെങ്കിൽ അങ്ങനെയുള്ളവരിൽനിന്നു നല്ല വൈദികരേയും സന്യാസികളേയും പ്രതീക്ഷിക്കുന്നതു്, സാധാരണഗതിയിൽ ദൈവത്തെ പരീക്ഷിക്കുകയായിരിക്കും. "ജനങ്ങൾ എങ്ങനെയോ, അങ്ങനെ പുരോഹിതരും" എന്നു് ഒരു ചൊല്ലുണ്ടു്. ഈ ജനങ്ങളെ ഉൾക്കൊള്ളുന്ന പ്രഥമസമൂഹം കുടുംബമാണെന്നു നാമോർക്കണം. അതുകൊണ്ടു് നമുക്കു ന്യായപൂർവ്വം പറയാം "കുടുംബമെങ്ങിനെയോ, പുരോഹിതരുമങ്ങനെ" എന്നു്.

ഒരു യുവാവു് വൈദികനോ സന്യാസിയോ ആകുവാൻ സ്വഭവനത്തോടു യാത്രപറയുമ്പോൾ അതോടുകൂടെ, സ്വമനുഷ്യപ്രകൃതിയോടും അവൻ യാത്രപറയുന്നില്ലെന്നു നാം അനുസ്മരിക്കണം. മറിച്ചു് മാതൃകാപരമല്ലാത്ത ഒരു കുടുംബാന്തരീക്ഷത്തിലാണ് അവൻ വളർന്നുവന്നതെങ്കിൽ, ദുഷിപ്പുകലർന്ന ആ അന്തരീക്ഷത്തിൽ നിന്നും, കുറെ ദുസ്സഴക്കങ്ങളുടെ ജീവാണുക്കൾക്കൂടി, അവൻ സ്വപ്രകൃതിയിൽ കലർത്തിക്കൊണ്ടു പോകുകയാണ് കൂടുതൽ സംഭാവ്യവും സംഭവിക്കുന്നതും. നല്ല കുടുംബാന്തരീക്ഷം ദൈവവിളിയെ ബാധിക്കുന്നതും ഈ തത്വമനുസരിച്ചുതന്നെയാണ്. പതിനൊന്നാംപീയൂസ് തിരുമനസ്സിലെ ഉദ്ധൃതലേഖനത്തിലെ വാക്കുകൾതന്നെ ഇതിനു തെളിവുതരുന്നുണ്ടു്. "...സഭയുടെ സ്തുതികൾക്കർഹരായി ഭവിച്ചിട്ടുള്ള, വിശുദ്ധരായ മെത്രാന്മാരിലും വൈദികരിലും, ബഹുഭൂരിഭാഗവും തങ്ങളുടെ ദൈവവിളിയുടെയും വിശുദ്ധിയുടെയും ആരംഭത്തിനു്, വിശ്വാസത്തിലും പുരുഷോചിതസുകൃതങ്ങളിലും സ്ഥിരനിഷ്ഠനായിരുന്ന ഒരു പിതാവിനോടും നിർമ്മലയും ഭക്തയുമായിരുന്ന ഒരു മാതാവിനോടും ദൈവസ്നേഹവും പരസ്നേഹവും അതോടൊപ്പം ജീവിതലാളിത്യവും ആധിപത്യം വഹിച്ചിരുന്ന ഒരു കുടുംബത്തോടുമാണ് കടപ്പെട്ടിരിക്കുന്നതു്."

(കത്തോ. പൗരോഹിത്യം)

## ജ്ഞാനസമ്പാദനം

അറിയാത്തതിനെ സ്നേഹിക്കുകയോ, സ്നേഹിക്കാത്തതിനുവേണ്ടി പരിശ്രമിക്കുകയോ ചെയ്യാത്ത ഒന്നാണ് മനുഷ്യപ്രകൃതി. ഇതിൽനിന്നു്, നമ്മുടെ കുഞ്ഞുങ്ങൾ അവരുടെ കഴിവനുസരിച്ചുള്ള അറിവു്, വിശിഷ്യാ മതകാര്യങ്ങളേയും അനുഷ്ഠാനങ്ങളേയുംപററിയുള്ള ശരിയായ അറിവു് സമ്പാദിക്കുകയും ആ അറിവുവഴിയായും, അതിന്റെ ആപേക്ഷികപൂർണ്ണതയ്ക്കു് സഹായകമാകുന്നവിധത്തിലും സന്യാസജീവിതം വൈദികജീവിതം മുതലായവയെക്കുറിച്ചു ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്യുവാൻ വേണ്ട സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുവാനുള്ള നമ്മുടെ കടമ വ്യക്തമാകുന്നുണ്ടല്ലോ. വേദാദ്ധ്യയനശാല, പാനക്കളരികൾ, ശരിയായ വൈദികമേൽനോട്ടത്തിലുള്ള സംഘടനകൾ, കത്തോലിക്കാ പത്രമാസികകൾ മുതലായവ കുട്ടികൾക്കായി സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ ഈ വിധത്തിലുള്ളവയാണ്. വൈദികരോടു് പ്രത്യേകിച്ചു് തങ്ങളുടെ ആദ്ധ്യാത്മികരഹസ്യങ്ങൾ അറിഞ്ഞിരിക്കുന്ന ഒരു വൈദികനോടുള്ള ആത്മാർത്ഥവും എന്നാൽ വിവേകപൂർണ്ണവുമായ അവരുടെ സംസർഗ്ഗം, വൈദികജീവിതത്തേയും സന്യാസാന്തസ്സിനെയും കുറിച്ചു് മതിപ്പും സ്നേഹവും, അതോടൊപ്പം ദൈവവിളി അറിഞ്ഞനുസരിക്കുന്നതിനുള്ള വെളിവും ധൈര്യവും ലഭിക്കുന്നതിനു് വളരെയധികം ഉപകരിക്കും. വി. പത്രോസും നസ്സിയേലും മിശിഹായിലേക്കാകർഷിക്കപ്പെട്ടതെങ്ങിനെയെന്നു് സുവിശേഷം നമുക്കു കാണിച്ചുതരുന്നുണ്ടു്. ഒരുപദേഷ്ടാവിന്റെ ആവശ്യകത, ദൈവവിളി അറിഞ്ഞു് അതാശ്ലേഷിക്കുന്നതിൽ എത്രവലുതാണെന്നു് പരോക്ഷമായി തെളിയിക്കുകയാണ് ആ സുവിശേഷഭാഗങ്ങൾ ചെയ്യുന്നതു്. "ഇവൻ (അന്ത്രയോസ്) തന്റെ സഹോദരനായ ശെമ്ഓനെ ആദ്യം കണ്ടു്, അവനോടു് ഞങ്ങൾ മിശിഹായെ കണ്ടു എന്നു പറഞ്ഞു് അവനെ ഈശോയുടെ അടുക്കൽ കൊണ്ടുവന്നു......പീലിപ്പോസ് നസ്സിയേലിനെ കണ്ടു് അവനോടു്......വരിക അപ്പോൾ (നസ്രസിൽനിന്നുള്ള ഈശോയെ) നിനക്കു കാണാം എന്നു പറഞ്ഞു." (യോഹ: 1; 40-51)

"മേന്തിനോസ്ത്രെ" എന്ന വിശ്വലേഖനത്തിൽ പരിശുദ്ധ പിതാവു് പന്ത്രണ്ടാംപീയൂസ് ഇതേസംബന്ധിച്ചു പറയുന്നതും ശ്രദ്ധേയമാണ്: 'ദൈവശുശ്രൂഷികൾ പ്രസംഗവും മതോപദേശവും വഴിമാത്രമല്ല, വ്യക്തികളുമായുള്ള സംഭാഷണംവഴിയായും, വൈദികജീവിതത്തിന്റെ അപാരമായ ഔന്നത്യം, മനോഹരത, ആവശ്യകത, അതുവഴി ലഭ്യമാകുന്ന അമൂല്യയോഗ്യതകൾ, ഇവ വ്യക്തമാക്കി, പുരോഹിതജീവിതത്തിനെതിരായി ഇന്നു പടർന്നുവശായിരിക്കുന്ന മുൻവിധിയെ ശിഥിലമാക്കാൻ ശ്രമിക്കേണ്ടതാണ്" എന്നത്രെ അതിൽ തിരുമേനി വൈദികരെ ഉൽബോധിപ്പിക്കുന്നതു്.

(തുടരും)

# സോവ്യററ് ജനാധിപത്യം

(ജെ. തലക്കോട്ടൂർ, ബോംബെ)

ഇലക്ഷൻ അന്തരീക്ഷം അങ്ങനെ ചൂടാറിയെങ്കിലും അതിന്റെ ഹാലിളക്കങ്ങൾ ഇന്നും നിലച്ചിട്ടില്ല; പ്രത്യേകിച്ചും കേരളക്കരയിൽ. അതിനു കാരണവുമില്ലാതില്ല. ഇതുവരെയും കോൺഗ്രസ്ഭരണത്തിൻ കീഴിലാണ് കേരളം കഴിഞ്ഞുവന്നിരുന്നതു്. (കുറച്ചുകാലം പി. എസ്. പി. ഭരിച്ചതു വിസ്മരിക്കുന്നില്ല) ഇപ്പോൾ ഒരു പുത്തൻപരീക്ഷണവുംകൊണ്ടു് "ജനകീയജനാധിപത്യ"വാദികളെന്നു സ്വയം പേരുകൊത്തിനടക്കുന്ന കമ്മ്യൂണിസ്റ്റുകാരാണ് ഭരണചക്രം തിരിക്കുന്നതു്. അതിന്റെ പേരിൽ മാത്രമാണ് വിവിധ വാദകോലാഹലവും ഭീഷണിയും കൊണ്ടുനടക്കുന്നതു്.

കമ്മ്യൂ: സുഹൃത്തുക്കൾ കോൺഗ്രസ്സിന്റെ അഴിമതികളെപ്പററി തോററംപാട്ടുപാടി നടക്കുകയാണ്. ഏതു ഗവമ്മെൻറു ഭരിച്ചാലും അഴിമതികളെ ചോദ്യംചെയ്യേണ്ടതുണ്ടു്. "കണ്ടുകൂടാത്ത പെണ്ണിനു് തൊട്ടതെല്ലാം കുററംതന്നെ"യെന്നു് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഇതുമാത്രമാണ് സഖാക്കളിൽ കാണുന്നതു്. അഴിമതികളിൽ പ്രധാനപ്പെട്ടതു് ലാത്തിച്ചാർജ്ജും, വെടിവെപ്പുമാണ്. കോൺഗ്രസ്ഭരണകൂടവും പി. എസ്. പി. ഭരണകൂടവും ജനങ്ങളെ അന്യായമായി മർദ്ദിച്ചു. അവരുടെ അവകാശങ്ങളെ, അതാതിന്റെ തലപ്പത്തിരിക്കുന്നവർ ചവിട്ടിമെതിച്ചുവെന്നെല്ലാമാണ് അവർ പറയുന്നതു്. ഈ ആരോപണങ്ങൾക്കെല്ലാം പലവുരു ഉത്തരംപറഞ്ഞിട്ടുള്ളതാണെങ്കിലും ഇന്നത്തെ പരിതസ്ഥിതിയിൽ പല സഖാക്കളും കോൺഗ്രസ് ഒരു "മർദ്ദനഭരണ"മാണ് നടത്തിയതെന്നു കൂവിനടക്കുന്നു.

ഭാഷാസംസ്ഥാനത്തിന്റെ പേരിൽ ഭാരതത്തിൽ ചില സ്ഥലങ്ങളിൽ ജനങ്ങൾ ആവേശഭരിതരായി അക്രമത്തിനു ഒരുമ്പെട്ടിട്ടുണ്ടു്; പ്രത്യേകിച്ചു് ബോംബെയിൽ. അങ്ങനെയുള്ള ഒരു പരിതസ്ഥിതിയിൽ ഗവമ്മെൻറു് അക്രമപ്രസക്തരായ ജനതതിയെ പിരിച്ചുവിടുവാൻ പരിശ്രമിക്കേണ്ടതുണ്ടു്. എന്നാൽ പല നിരീക്ഷകരും പോലീസുകാരെയാണ് വഞ്ചകരായി കണക്കാക്കുന്നതു്. അവർ ജനങ്ങളെ സേവിക്കുന്നവരാണെന്നു അക്കൂട്ടർ മറന്നുപോകുന്നു, ലാത്തിച്ചാർജ്ജിന്റേയും വെടിവെപ്പിന്റേയുംപേരിൽ. വാസ്തവത്തിൽ ഇവരല്ല, ഭരണകൂടത്തിന്റെ തലപ്പത്തിരിക്കുന്നവരാണ് ഉത്തരവാദികൾ. ഇവർ വല്ലതും തെററു ചെയ്തിട്ടുണ്ടെങ്കിൽ —ഭരണഘടനയുടെ ചട്ടക്കൂട്ടിൽനിന്നു് വ്യതിചലിച്ചിട്ടുണ്ടെങ്കിൽ— അതിനെപ്പററി തീർച്ചയായും ഗവമ്മെൻറു് നടപടികളെടുക്കണം. അല്ലെങ്കിൽ "മതാദ്ധ്യക്ഷന്മാരെ അന്യായമായി തെറിപറഞ്ഞതിന്റെപേരിൽ കമ്മ്യൂണിസം വളരുവാൻ ഇടയായി" എന്നു വിനോബാജി (മാതൃഭൂമി) പറഞ്ഞതുപോലെ ഈ ശബ്ദകോലാഹലത്തിൽ ജനാധിപത്യം നശിക്കുവാൻ കാരണമാകും.

ഇന്നാട്ടിൽ ജനാധിപത്യമെന്നാൽ എന്താണെന്നു അറിവുള്ളവർ വളരെ വിരളമാണ്. അതാണ് ഇങ്ങനെയെല്ലാം സംഭവിക്കുന്നതു്. ഇതുവരെയോളം നമ്മെ ഭരിച്ചിരുന്ന ഗവമ്മെണ്ടു്, ഭാരതത്തിന്റെ ഇതരഭാഗങ്ങളിലും ഭരിച്ചുകൊണ്ടിരിക്കുന്ന ഗവമ്മെണ്ടു്, ജനാധിപത്യപരമായിട്ടല്ല ഭരിക്കുന്നതെന്നാണ് അവർ വാദിക്കുന്നതു്. ഈ വാദത്തിൽ എന്താണു കഴമ്പുള്ളതു്? അതിനാൽ എന്താണ് ജനാധിപത്യമെന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. ജനാധിപത്യമെന്നതിനു് ഏററവും ആദ്യമായും അവസാനമായും ഒരു നിർവ്വചനം നൽകിയതു് അബ്രാഹം ലിങ്കനായിരുന്നു. ജനങ്ങളുടെ ഗവമ്മെൻറു്, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഗവമ്മെൻറു്, ജനങ്ങൾക്കുവേണ്ടിയുള്ള ഗവമ്മെൻറു് ഏതാണോ അതാണ് ജനാധിപത്യം (Government of the people, by the people, and for the people) ഒരു നൂററാണ്ടിനുമുമ്പു് അബ്രാഹം ലിങ്കൺ വിവരിച്ച ആ ജനാധിപത്യനിർവ്വചനത്തിൽനിന്നു് —ലോകത്തിലെ എല്ലാ ബുദ്ധിജീവികളാലും അംഗീകരിക്കപ്പെട്ടിട്ടുള്ള ആ നിർവ്വചനത്തിൽനിന്നു്— ഭാരതഗവമ്മെൻറു് കാര്യമായി അല്പംപോലും വ്യതിചലിച്ചിട്ടില്ല; ഇനി വ്യതിചലിക്കുവാൻ മോഹവുമില്ല. ഈ ജനാധിപത്യവിശ്വാസത്തിലാണ് ഭാരതത്തിലെ 20 കോടി പൗരന്മാരിൽ ഭൂരിപക്ഷവും തങ്ങളുടെ വിലയേറിയ വോട്ടു് ബാലററുബോക്സിൽക്കൂടി രേഖപ്പെടുത്തിയതു്. ജനാധിപത്യത്തിന്റെ മാററുരച്ചുനോക്കുവാനെന്നോണം കേരളത്തിൽ ഒരു കോൺഗ്രസേതരഗവമ്മെൻറുകൂടി രൂപമെടുത്തു. അതു നല്ലതായാലും തീയതായാലും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കാതെ ജനാധിപത്യം എങ്ങനെ സംരക്ഷിക്കാമെന്നാണ് തെളിയിക്കുന്നതു്. കമ്മ്യൂണിസ്റ്റു് തത്വശാസ്ത്രവും ജനാധിപത്യവും ഇവിടംമുതല്ലേ തെററിപ്പിരിയുകയാണ്.

ഇത്തരുണത്തിൽ നമ്മുടെ സഹോദരീരാഷ്ട്രങ്ങളുടേയും ജനകീയസിദ്ധാന്തങ്ങളിലേക്കു് ഒന്നു

(ശേഷം 9-ാംപേജിൽ)


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

### ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

### അഭിവൃദ്ധിപത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിര നിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,675 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,87,573 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |
| 1954 | 5,97,150 | 22,46,601 | 29,22,345 | 36,50,149 |
| 1956 | 5,97,150 | 24,76,610 | 31,64,179 | 40,94,938 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

(മാനേജിംഗ് ഡയറക്ടർ)

Wednesday JUNE 5 1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2298 Vol. 30 No. 41

# ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ഹങ്കറിയിലെ പൗരന്മാരും യോദ്ധാക്കളും മാത്രമല്ല, അവിടത്തെ യുവതീയുവാക്കന്മാരും സ്വാതന്ത്ര്യസമരത്തിൽ ധീരമായി പോരാടി. ധീരനായ ജാനോസിൻേറയും ധീരവതിയായ ഇൽഡിക്കോയുടേയും വീരസേവനങ്ങൾ കഴിഞ്ഞ ദിവസം നാം കണ്ടുവല്ലോ. കോളേജിലും ഹൈസ്കൂളിലും പഠിക്കുന്ന ബാലികാബാലന്മാർ ഈ സ്വാതന്ത്ര്യസമരത്തിൽ ഒട്ടും പിന്നോക്കം നിന്നില്ല. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിരീശ്വരപരമായ മാർക്സിയൻ സിദ്ധാന്തങ്ങളാണ് സ്കൂളുകളിൽവച്ചു പിഞ്ചുബാലികാബാലന്മാരുടെ ഇളംമനസ്സിലേക്കു അടിച്ചുകയറ്റുന്നതു്. ഇതിനായിട്ടാണ് അവർ ശക്തിപ്പെട്ടുന്ന രാജ്യങ്ങളിലെല്ലാം വിദ്യാഭ്യാസം കൈയടക്കുന്നതിനും അതു കമ്മ്യൂണിസ്റ്റ്മയമാക്കുന്നതിനും അവർ ബദ്ധപ്പെടുന്നതും. പക്ഷെ ഹങ്കറിയിൽ ഈ വിളവ് ഫലപ്രദമായിട്ടില്ല. കാരണം, അവിടത്തെ കത്തോലിക്കാ കുടുംബങ്ങളിൽ ദൈവവിശ്വാസവും ഭക്തജീവിതവും മികച്ചുനില്ക്കുകയാണ്. സ്കൂളുകളിലെ പാഠപദ്ധതികളിലും പരിശീലനങ്ങളിലും അവർ കമ്മ്യൂണിസ്റ്റ് വിഷം ധാരാളം കലക്കിയിട്ടുണ്ടെങ്കിലും ഉറച്ച വിശ്വാസമുള്ള ക്രിസ്തീയകുടുംബങ്ങളുടെ പാരമ്പര്യത്തേയും ചൈതന്യത്തേയും ഹനിക്കുന്നതിനു അവർക്കു സാധിച്ചിട്ടില്ല. ഇങ്ങനെ വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന വിദ്യാർത്ഥിലോകം സ്വാതന്ത്ര്യസമരത്തിന്റെ ആദ്യകാഹളം ധ്വനിക്കുന്നതു കേട്ടമാത്രയിൽ രംഗത്തിറങ്ങി അതിന്റെ വിജയത്തിനായി മഹത്തായ സേവനം ചെയ്തു.

ഇപ്രകാരം സ്വരാജ്യസേവനമനുഷ്ഠിച്ചവരിൽ ഒരു വിദ്യാർത്ഥിനിയാണ് ബെത്താ. എസ്റ്റർഗോം വിദ്യാലയത്തിൽ പഠിച്ചുകൊണ്ടിരുന്നു. സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടപ്പോൾ ബെത്തായും അവളുടെ സഹവിദ്യാർത്ഥിനികളുടെ ഒരു സംഘവും ഒത്തുചേർന്നു രംഗത്തിറങ്ങി. കമ്മ്യൂണിസ്റ്റ്കളുടെ ആജ്ഞാപാലകരായിരുന്ന പോലീസിനെ അവർ നേരിട്ടു. രാഷ്ട്രീയതടവുകാരെന്ന പേരു കൽപ്പിച്ചു തടങ്കലിൽ വച്ചിരുന്ന സ്വാതന്ത്ര്യപ്രേമികളെയെല്ലാം അവർ മോചിപ്പിച്ചു. ഹങ്കറിയിൽ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ വിതച്ചിരുന്ന കമ്മ്യൂണിസ്റ്റ്പുസ്തകങ്ങളെല്ലാം അവർ വേട്ടയാടി കുന്നുകുന്നായി കൂട്ടി ദഹിപ്പിച്ചു. ഇപ്രകാരം കമ്മ്യൂണിസ്റ്റ് ബാധയെ ഹങ്കറിയുടെ അന്തരീക്ഷത്തിൽ നിന്നും തുടച്ചുമാററുന്നതിനുള്ള ഉദ്യമങ്ങളിൽ ഏർപ്പെട്ടിരിക്കെ കമ്മ്യൂണിസ്റ്റ് രഹസ്യപ്പോലീസ് അവരുടെ നേരെ തോക്കുകൾ പ്രയോഗിച്ചു. ശതക്കണക്കിനാണ് ഹംഗേറിയൻ വിദ്യാർത്ഥിവിദ്യാർത്ഥിനികൾ കൊല്ലപ്പെട്ടതു്. പരുക്കേററവരുടെ സംഖ്യയും ഭീമമാണ്. പിടിച്ചുനില്ക്കാൻ സാധിക്കാതായപ്പോൾ ബെത്തായും ശേഷിച്ച കൂട്ടുകാരും ആസ്ത്രിയായിലേക്കു കടക്കുവാൻ ശ്രമിച്ചു. 200 കിലോ മീററർ ദൂരമാണ് അവർക്കു നടക്കേണ്ടിയിരുന്നതു്. ശത്രുക്കൾ വഴിക്കുണ്ടായിരുന്ന പാലങ്ങൾ തകർത്തശേഷം, വരുന്നവരെ തോക്കിനിരയാക്കുവാൻ പതിയിരിക്കുകയായിരുന്നു. അങ്ങിനെ ആ ഗണത്തിൽപെട്ട രണ്ടു പേർ വെടികൊണ്ടു മരിച്ചു. ബെത്തായും ബാക്കിയുള്ളവരും നദി നീന്തിക്കടന്നു ചെളിപ്രദേശങ്ങളിലൂടെ സഞ്ചരിച്ചു അഭയാർത്ഥിസങ്കേതങ്ങളിലെത്തിച്ചേർന്നു. ഇതുപോലുള്ള ആയിരമായിരം സംഭവങ്ങളാണ് ഹങ്കറിയിൽ നടന്നിട്ടുള്ളതു്. സ്വാതന്ത്ര്യസ്നേഹികളും സ്വാതന്ത്ര്യപ്രേമികളുമായ ആബാലവൃദ്ധം ഹങ്കേറിയൻജനത കമ്മ്യൂണിസത്തിനെതിരായി ഒരു ധീരസമരം നടത്തി. പക്ഷെ ഭീമമായ റഷ്യൻശക്തികൊണ്ടു അനീതിപരമായി അതടിച്ചമർത്തപ്പെട്ടിരിക്കുകയാണ്. എങ്കിലും സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിനുള്ള ആ ധീരജനതയുടെ അഭിനിവേശം ഒരിക്കലും ഹനിക്കപ്പെടുവാൻ സാദ്ധ്യമല്ല. അതവരുടെ ഹൃദയങ്ങളിൽ ഉമിത്തീപോലെ നീറി എരിയുകയാണ്. തക്ക അവസരത്തിൽ കെടുത്താനാവാത്ത ഒരഗ്നിയായി അതു ജ്വലിച്ചുയരും. സ്വാതന്ത്ര്യം അവർ നേടുകയും ചെയ്യും. ഹതഭാഗ്യരും കമ്മ്യൂണിസ്റ്റടിമത്തത്തിൽ കഴിയുന്നവരുമായ അവർക്കുവേണ്ടി നമുക്കു ദൈവത്തെ പ്രാർത്ഥിക്കാം.

വല്യേട്ടൻ

## 118-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ— താർസിസിയൂസ്

## പ്രശ്നം നമ്പർ 119

(ജോസഫ് പി. സി., Reg. No. 32)

സന്തോഷചിത്തരായ മനുഷ്യരുടെ കൂടപ്പിറപ്പാണു ഞാൻ. കൊച്ചുകുഞ്ഞുങ്ങളോടാണ് എനിക്കു കൂടുതൽ ഇഷ്ടം. കരച്ചിലും ഞാനും ജന്മശത്രുക്കളാണ്. എന്റെ പേരിനു് മൂന്നക്ഷരം മാത്രം. ആദ്യത്തെ അക്ഷരം പുലിയിലുണ്ടു്, കരടിയിലില്ല. രണ്ടാമത്തെ അക്ഷരം സഞ്ചിയിലുണ്ടു്, ബാഗിലില്ല. മൂന്നാമത്തെ അക്ഷരം കളരിയിലുണ്ടു്, പാഠശാലയിലില്ല. എന്നാൽ എന്റെ പേരുപറയാമോ?

(ഉത്തരം അടുത്തതിൽ)

## "അച്ചാച്ചാ, ഒരു കഥ പറയാമോ?"

(പോൾ കൊയിലോ Reg. No. 56)

ഒരു സായംസന്ധ്യയിൽ വീട്ടിന്റെ മുൻവശത്തെ വരാന്തയിൽ ഞാൻ എന്തോ ചിന്തിച്ചുകൊണ്ടിരിക്കയാണ്. "അച്ചാച്ചാ" പുറകിൽനിന്നു ഒരു വിളികേട്ടു. ഞാൻ തിരിഞ്ഞുനോക്കി. അതു കൊച്ചനുജത്തി ലിസ്സാ ആയിരുന്നു. അവൾ ഓടിവന്നു് എന്റെ മടിയിലിരുന്നു. ഞാൻ അതു ശ്രദ്ധിച്ചില്ല. ഞാൻ പഴയ ചിന്തകൾ തുടർന്നുകൊണ്ടിരുന്നു.

അവൾ എന്റെ ചിന്തകളെ തട്ടിത്തകർത്തുകൊണ്ടു് ചോദിച്ചു: "അച്ചാച്ചാ, ഒരുകഥ പറയാമോ?" ഞാൻ അക്ഷമനായി അവളോടു പറഞ്ഞു:- "നാളെയാകട്ടെ" എന്റെ മറുപടി കേട്ടു് അവളുടെ മുഖം വാടി; അവൾ സങ്കടത്തോടുകൂടി പറയുവാൻ തുടങ്ങി: "അച്ചാച്ചൻ എന്നും പറയും നാളെയാകട്ടെന്നു്; ഇന്നലെയും പറഞ്ഞു ഇന്നു പറയാമെന്നു്" ഇത്രയും പറഞ്ഞപ്പോൾ അവളുടെ മുഖം കാറുകൊണ്ട ആകാശംപോലെയായി.

പാവം ലിസാ! അവളോടു ഞാൻ എന്നും പറയാറുള്ളതാണ് "നാളെയാകട്ടെ" എന്നു്.

ഇതുവരെ നാളെ കഥ കേൾക്കാം, നാളെ കഥ കേൾക്കാം എന്നു് അവൾ പ്രതീക്ഷിച്ചിരുന്നു. അങ്ങനെ നാളുകൾ പലതു കഴിഞ്ഞിട്ടും ഞാൻ കഥ പറഞ്ഞില്ല. ഇന്നവൾ എന്നെക്കൊണ്ടു് കഥ പറയിപ്പിച്ചേ അടങ്ങൂ എന്നായി. ഞാനും മനഃപൂർവ്വമല്ല; എനിക്കു് അവളെ പറഞ്ഞു രസിപ്പിക്കത്തക്ക കഥ പറയുവാൻ അറിയാൻ പാടില്ലാഞ്ഞിട്ടാണ്.

ഇന്നു ഞാൻ കഥ പറഞ്ഞില്ലെങ്കിൽ അവൾ കരയും; അവളുടെ കണ്ണുനീരു കാണുവാൻതക്ക മനക്കരുത്തു് എനിക്കില്ല.

മൂകമായ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് ഞാൻ അവളോടു ചോദിച്ചു: "അനിയത്തിക്കു് ഏതു കഥയാണു കേൾക്കേണ്ടതു്?" എന്റെ ചോദ്യംകേട്ടു് അവളുടെ മുഖകമലം മഴയ്ക്കുശേഷമുള്ള ആകാശംപോലെ പ്രകാശിച്ചുകൊണ്ടിരുന്നു: "എലിയുടേയും, പൂച്ചയുടേയും കഥ" അവൾ നേരിയ മന്ദഹാസത്തോടുകൂടി പറഞ്ഞു.

ഞാൻ എലിയുടേയും പൂച്ചയുടേയും രസകരമായ കഥ ലിസായെ പറഞ്ഞുകേൾപ്പിച്ചു. ഞാൻ കഥ പറഞ്ഞുതീർന്നതും പള്ളിയിൽ സന്ധ്യാമണിയടിച്ചതും ഒന്നിച്ചായിരുന്നു.

"മോളെ ലിസാ, വന്നു മുട്ടുകുത്തി കുരിശുവരയ്ക്കു" അമ്മച്ചി അകത്തുനിന്നു് ലിസായെ കുരിശുവരയ്ക്കാൻ വിളിച്ചു. അവൾ എന്റെ മടിയിൽനിന്നു എണീററു് അകത്തേക്കു പോയി.

സന്ധ്യാസമയത്തെ തണുപ്പുള്ള പടിഞ്ഞാറൻകാററു് ഒരു മൂളിപ്പാട്ടുമായി എന്നെ തലോടിക്കൊണ്ടു കടന്നുപോയി. ഇരുട്ടിനെ തുടച്ചുമാററിക്കൊണ്ടു് ഉദിച്ചുയരുന്ന അമ്പിളിക്കലയെ ഒരുനോക്കു കണ്ടിട്ടു് ഞാൻ അകത്തേക്കു കയറിപ്പോയി.

ചെറുകഥ

## കർത്താവു വിശപ്പടക്കി

(വറുഗീസ് വാരിക്കാട്ടു Reg. No. 100)

"ഒരു കാലണ ഇട്ടിട്ടുപോകണേ" ചാക്കോമൂപ്പൻ പള്ളിനടയിൽ ഇരുന്നു യാചിക്കുകയാണ്. വീണ്ടും ആ സ്വരം വിദൂരതയിൽനിന്നും മാറെറാലിക്കൊണ്ടു. "ഒരു കാലണ ഇട്ടിട്ടുപോകണേ" അപ്പോഴും ചാക്കോ മൂപ്പന്റെ മനസ്സിൽ കുടിലിലെ രംഗങ്ങൾ കണ്ടുകൊണ്ടിരുന്നു. കുഞ്ഞുമോനോടു പറഞ്ഞ ആ വാക്കുകൾ, "മോളിയെ കരയിക്കല്ലേ", മൂപ്പൻ ചിന്തിച്ചു. ആരുമാരുമില്ലാത്ത പിഞ്ചുകുഞ്ഞുങ്ങളെയുമിട്ടിട്ടു് എന്തിനുവേണ്ടി താൻ തിരിച്ചു—മൂന്നു വയറുകൾക്കുവേണ്ടി—അച്ഛനും അമ്മയുമില്ലാത്ത രണ്ടു് ഓമനക്കുഞ്ഞുങ്ങൾക്കുവേണ്ടി ഏഴുവയസ്സുള്ള കുഞ്ഞുമോന്റെയും, മൂന്നുവയസ്സുള്ള മോളിയുടെയും ആ എരിയുന്ന വയറും എല്ലാം മൂപ്പൻ ഭാവനയിലൂടെ ദർശിച്ചു. മൂപ്പൻ പിച്ചയാചിക്കുമ്പോഴും മലഞ്ചരിവും ആ കൊച്ചുകുടിലും അയാൾക്കു് കാണാമായിരുന്നു. "ഭളഭളാരവത്തോടുകൂടി മലഞ്ചരിവിലൂടെ പതഞ്ഞൊഴുകുന്ന കൊച്ചരുവികളെ കണ്ടുകൊണ്ടും പിച്ചയാചിച്ചുകൊണ്ടും ചാക്കോമൂപ്പൻ കുറെനേരം അവിടെത്തന്നെ ഇരുന്നു. ഏതോ സന്ദേശവും വഹിച്ചുകൊണ്ടെന്നപോലെ മന്ദമാരുതൻ മൂപ്പനെ സമീപിച്ചു് തലോടിയിട്ടു് കടന്നുപോയി. കുറെ നാണയങ്ങൾ മൂപ്പന്റെ പിച്ചച്ചിരട്ടയിൽ ഉണ്ടായിരുന്നു. മൂപ്പന്റെ പരിചയക്കാരാണ് മിക്കവാറും ആളുകൾ. അവരുടെ സമ്മാനമായിരുന്നു ആ നാണയങ്ങൾ.

മൂപ്പൻ പതിവുപോലെ ഗ്രാമപാതയിലൂടെ പിച്ചയാചിച്ചുകൊണ്ടു് നടന്നു. പല പരിചയക്കാരെയും സമീപിച്ചു് പിച്ചവാങ്ങി. നേരം സന്ധ്യയോടടുത്തു. കിളികൾ മഞ്ജുളനാദം പുറപ്പെടുവിച്ചുകൊണ്ടു് വ്യോമമണ്ഡലത്തിലൂടെ കൂടന്വേഷിച്ചു് പറന്നു പൊയ്ക്കൊണ്ടിരുന്നു. നീലാകാശത്തിലൂടെ കാർമേഘങ്ങൾ ഏതോ ആക്രമണത്തിനെന്നപോലെ മാർച്ചുചെയ്തുകൊണ്ടിരുന്നു. ചാക്കോ മൂപ്പൻ മുതലാളിയുടെ പടിക്കൽ എത്തി പിച്ചയാചിച്ചു:

"വല്ലതും തരണെ"

തോമ്മാച്ചൻ മുതലാളി വേലക്കാരനെ വിളിച്ചു് പറഞ്ഞു ധർമ്മം കൊടുക്കാൻ. അയാൾ കുറെ അരി മൂപ്പന്റെ പിച്ചച്ചിരട്ടയിൽ ഇട്ടുകൊടുത്തു.

"കുഞ്ഞുങ്ങളെവിടെയാ മൂപ്പാ?" മുതലാളി ചോദിച്ചു.

"കുടിലിലാ" മൂപ്പൻ പറഞ്ഞു.

"മൂപ്പനേ അവർക്കു് ഒരു താങ്ങൊള്ളൂ, കേട്ടോ മൂപ്പാ"

"ഞാൻകൂടി പോയാലെന്തു ചെയ്യുംമുതലാളി? പിന്നെയവർക്കാരാണുള്ളതു്!" മൂപ്പൻ പറഞ്ഞു.

"ദൈവമാണവരെയും സൃഷ്ടിച്ചതു്. അവരെ ദൈവം കാത്തുകൊള്ളും മൂപ്പാ."

"എല്ലാം ദൈവനിശ്ചയം പോലെതന്നെ" മൂപ്പൻ വിക്കിവിക്കി പറഞ്ഞു.

മുതലാളി ഒരു നാലണത്തുട്ടു് മൂപ്പനു് ഇട്ടുകൊടുത്തുകൊണ്ടു് പറഞ്ഞു: "വേഗം നടന്നില്ലെങ്കിൽ മഴ വരും."


മൂപ്പൻ ഒരു കൈയിൽ വടിയും മറുകൈയിൽ പിച്ചച്ചിരട്ടയും പിടിച്ചുകൊണ്ടു് കൂനിക്കൂനി നടന്നു. അപ്പഴേക്കും മഴ കുറേശ്ശെ പെയ്യുവാൻ തുടങ്ങിയിരുന്നു. ചക്രവാളപ്പരപ്പിൽ കൊള്ളിയാനുകൾ മിന്നി. അതോടൊപ്പം മൂപ്പന്റെ ഹൃദയത്തിലും, കുഞ്ഞുങ്ങൾ എന്തു ചെയ്യുമെന്നോർത്തു്. ഇനിയും അരമൈൽ കൂടിയുണ്ടു് കുടിലിലേക്കു്. എങ്ങും കൂരിരുട്ടുമാത്രം. വഴികാണ്മാൻ പാടില്ലെന്നായിത്തുടങ്ങി. മൂപ്പന്റെ കാലുകൾ കുഴഞ്ഞു. അയാൾ കലുങ്കിന്റെ താഴേക്കു് മറിഞ്ഞടിച്ചുവീണു. "കർത്താവേ, രക്ഷിക്കണേ" എന്ന ദീനസ്വരം കാററിന്റെ ഭയങ്കരമായ അട്ടഹാസത്തിൽ ലയിച്ചു. ഭയങ്കര ഇരമ്പലോടുകൂടി മഴയും ആരംഭിച്ചു.

× × ×


വല്യപ്പനെ കാത്തിരുന്ന കുഞ്ഞുമോനും മോളിയും രാത്രി മുഴുവൻ കരഞ്ഞു. കുടിലിന്റെ ഒരു മൂലയൊഴിച്ചുള്ള ഭാഗങ്ങൾ നനഞ്ഞിരിക്കുന്നു. രണ്ടുമൂന്നു കൊല്ലമായി പുരകെട്ടിയിട്ടു്. ചുവർച്ചുയില്ലാത്തിടം ചുരുക്കമാണ്. ചോരുന്നിടത്തു് പാളയും പാത്രവും വച്ചു തന്നെ കുഞ്ഞുമോൻ മടുത്തു. കുഞ്ഞുമോൻ വിരിച്ചിട്ടിരിക്കുന്ന കീറപ്പായിൽ മോളിയുടെ തല മടിയിൽ വച്ചുകൊണ്ടു് ഇരുന്നു. ആ ഇരുപ്പിൽ കരഞ്ഞുകരഞ്ഞു് വെളുപ്പായപ്പോഴേക്കും അവർ ഉറങ്ങി.

കിഴക്കേ ചക്രവാളസീമയിൽ പൊൻപുലരി പൊട്ടി വിടർന്നപ്പോൾ കുഞ്ഞുമോൻ മുടല പൊക്കി മോളിയുടെ കൈക്കുപിടിച്ചുകൊണ്ടു പുറത്തിറങ്ങി. കരിയിലപ്പക്ഷികൾ വൃക്ഷക്കൊമ്പിലിരുന്നു് ചിറകിലെ വെള്ളം കുടഞ്ഞുകളഞ്ഞുകൊണ്ടിരുന്നു. ഇടയ്ക്കിടെ പുതുപുഷ്പങ്ങളുടെ സുഗന്ധവാഹിയായ മന്ദമാരുതൻ അവരെ തഴുകിക്കൊണ്ടു് കടന്നുപോയി. അവർ കുന്നിൻചെരിവിലൂടെ നടന്നു് പാതയിൽ എത്തി. അവർ എങ്ങോട്ടെന്നില്ലാതെ വല്യപ്പനെ തിരക്കി നടന്നു.

(ശേഷം 4-ാംപേജിൽ)



കോളേജുവിദ്യാർത്ഥീ വിദ്യാർത്ഥിനികൾ സ്വാതന്ത്ര്യസമരത്തിൽ മുന്നിട്ടിറങ്ങി ധീരമായ സേവനം നടത്തി.



നിൽക്കക്കള്ളിയില്ലാതെ അവർ ആസ്ത്രിയായിലേക്കു യാത്രതിരിച്ചു. ശത്രുക്കൾ മറ്റുഭാഗത്തു വന്നെത്തി.



സ്വാതന്ത്ര്യസമരം റഷ്യാക്കാർ അടിച്ചമർത്തി. എങ്കിലും സ്വാതന്ത്ര്യത്തെ അവർ പ്രതീക്ഷിക്കുന്നു.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1